

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20 1887**

**വാല്യം 91 • ലക്കം 08 • ഫെബ്രുവരി 2019**

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ Ref: 3166/K-5/KCBC/OL/DS ........ 06
സർക്കുലർ Infarm ........ 13
സർക്കുലർ 18 Ch. 212-287 ........ 17
കച്ചേരിക്കാര്യം........ 22
അനുസ്മരണം........ 24
അനുസ്മരണം........ 25
പ്രവാസി അപ്പോസ്റ്റലേറ്റ്........ 26
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ........ 27
സന്ദേശനിലയം........ 28
ചെറുപുഷ്പ മിഷൻലീഗ്........ 31
ഫാമിലി അപ്പോസ്റ്റലേറ്റ്........ 33
കേരളാ ലേബർ മൂവ്മെന്റ്........ 35
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 36
യുവദീപ്തി........ 40
ആവേമരിയ ........ 42
ഫ്രാൻസിസ്കൻ അല്മായസഭ........ 43
ദലിത് കത്തോലിക്കാ മഹാജനസഭ ........ 45
ചാസ്........ 46
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 53
കരിസ്മാറ്റിക് നവീകരണം........ 55
കെ.സി.എസ്.എൽ. ........ 56
പാസ്റ്ററൽ കൗൺസിൽ........ 58
ആത്മതാകേന്ദ്രം ........ 59
കെയർ ഹോംസ്........ 61
വിൻസെൻഷ്യൻ വേദി........ 63
പൗരോഹിത്യ ആദ്ധ്യാത്മികത........ 65
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........ 70
Engagements ........ 78

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3171/K-5/KCBC/OL/DS 20.01.2019

# ഇരുപത്തിയേഴാം ആഗോള രോഗീദിനം - 2019
## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

*''ദാനമായി നിങ്ങൾക്കുകിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ''*
*(മത്താ. 10:8)*

പ്രിയ സഹോദരീസഹോദരന്മാരേ,

''ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ'' (മത്താ. 10:8). സൗജന്യ സ്നേഹപ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇൻഡ്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ - തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപ്പോലെ - നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ പോലുള്ള ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു: ''ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?'' (1 കോറി. 4:7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വർഗ്ഗീയസമ്പത്തോ സ്വകാര്യസ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യശാസ്ത്രപരവും ജൈവസാങ്കേതികവിദ്യാപരവുമായ പുരോഗതികൾ ''ജീവന്റെ വൃക്ഷ''ത്തിൽ (cf. ഉത്പ 3:24) കൈവയ്ക്കാൻ നമുക്കു പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹികവിഘടനത്തിനും വെല്ലുവിളിയുർത്താൻ പര്യാപ്തമാണ് ''ദാനം'' എന്ന കാറ്റഗറി. അതേസമയം, ജനതകളും സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധങ്ങളും

സഹകരണമാർഗങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ മുൻവ്യവസ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാരവിനിയോഗരീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗതിക്കുമുള്ള സാധ്യതകൾ സൃഷ്ടിക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യലല്ല അത്; മറിച്ച് സ്വയംദാനമാണ്. ''ദാനം'' എന്നത് സമ്മാനം കൊടുക്കലിൽനിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾക്കൊള്ളുന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനുഷ്യാവതാരത്തിലും പരിശുദ്ധാത്മവർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരുടെ സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ ''സൃഷ്ടികൾ'' എന്ന നിലയിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമുള്ളവരാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീതരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും.

വ്യക്തിപരവും സാമൂഹികവുമായ നന്മ വളർത്താൻ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു അംഗീകരണം നമ്മെ പ്രേരിപ്പിക്കും. നാം നമ്മെത്തന്നെ വേർപെട്ട ഒരു ലോകമായി കാണാതെ മറ്റുള്ളവരുമായുള്ള സഹോദരപരമായ ബന്ധത്തിൽ കാണണം. എങ്കിൽ മാത്രമേ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ നാം ഭയപ്പെടരുത്. സ്വപ്രയത്നംകൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതികളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീകരിക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മിലേക്ക് ഇറങ്ങിവന്നു (cf. ഫിലി 2:8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്. നമ്മുടെ ദാരിദ്ര്യത്തിൽ അവിടന്ന് നമ്മെ സഹായിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീതമായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇൻഡ്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മയത്തോടുംകൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: ''മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യജീവനെ-ഗർഭസ്ഥശിശുക്കളുടെയും പരിത്യക്തരുടെയും ജീവനെ - സ്വീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി മദർതെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടുകൊണ്ട് അവൾ തലകുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ - അതെ, കുറ്റകൃത്യംതന്നെ! - പാപഭാരം തിരിച്ചറിയുംവിധം ഈ ലോകത്തിലെ അധികാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ 'ഉപ്പ്' കാരുണ്യമായിരുന്നു. ദാരിദ്ര്യംകൊണ്ടും സഹനംകൊണ്ടും കരഞ്ഞു കണ്ണുനീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ 'പ്രകാശം' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റെയും അരികുകളിൽ അവൾ നിർവഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്തമായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്'' (Homily 4 Sept. 2016).

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏകമാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും - പ്രത്യേകിച്ച് സഹിക്കുന്നവർക്ക് - സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുടർന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു.

ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമുള്ള സന്നദ്ധസേവകരുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാലമാകുംവിധം സ്വന്തമാക്കിയിരുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധസംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെ

ടുത്തുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേമേഖല ഇതാണ് – രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രികളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധസേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശാരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്കുന്നു; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള അഗാധമായ ആഗ്രഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വഭാവങ്ങളും ജീവിതശൈലികളുമാണ് സന്നദ്ധസേവനം പകർന്നുനല്കുന്നത്. ആരോഗ്യസംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളെ – വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും – ഉദാരതയുടെ ചൈതന്യമാണ് സവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷത്തിന്റെ വെളിച്ചത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക, ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാസ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാതലങ്ങളിലുമുള്ള ഓരോവ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോഗ്യസംരക്ഷണ

കേന്ദ്രങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തിപരമായ ശുശ്രൂഷയെ പരിഗണിക്കണം. ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും ആവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധിയാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാരതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പരസ്പരസ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോദരീസഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നിസ്വാർത്ഥസേവനം ചെയ്യാനും സഹായിക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പുപറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

*വത്തിക്കാൻസിറ്റി, 25 നവംബർ, 2018*
*പ്രപഞ്ചരാജാവായ കർത്താവായ യേശുക്രിസ്തുവിന്റെ തിരുനാൾദിനം*
**ഫ്രാൻസിസ് മാർപാപ്പ**

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം*
*കൊച്ചി- 682 025*

Prot. No. 0127/2019

## സർക്കുലർ
## സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
## കർദിനാൾ ജോർജ് ആലഞ്ചേരി

**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ 27-ാമത് സിനഡ് ജനുവരി 7 മുതൽ 18 വരെയുള്ള തീയതികളിൽ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സിനഡിന്റെ വിജയത്തിനായി ഏറെ പരിത്യാഗങ്ങൾ അനുഷ്ഠിച്ച് പ്രാർത്ഥിച്ച എല്ലാവിശ്വാസികളെയും ഞാൻ നന്ദിയോടെ ഓർത്ത് ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. സിനഡിൽ പങ്കെടുത്ത അമ്പത്തിയഞ്ച് പിതാക്കന്മാരും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും ജ്ഞാനത്തിനുമായി സിനഡിനിടയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിലെ നിത്യാരാധനയിൽ ഈ ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സിനഡിന്റെ വിജയത്തിനായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ സഭയെ സംബന്ധിക്കുന്ന ഒട്ടേറെ മേഖലകളിൽ ക്രിയാത്മകമായ തീരുമാനങ്ങളും നടപടികളും ഈ സിനഡിലെ കൂട്ടായ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിലെ സെമിനാരി പരിശീലനം, നമ്മുടെ കുർബാനക്രമം, അൽമായപങ്കാളിത്തം, പ്രേഷിതാഭിമുഖ്യം, കാർഷികമേഖല, യുവജനങ്ങൾ, തുടങ്ങിയ മേഖലകളിൽ ആഴമേറിയ ചർച്ചകളും വിചിന്തനങ്ങളും സിനഡിൽ നടക്കുകയു

ണ്ടായി. ഇവയെ സംബന്ധിച്ചെടുത്ത കൂട്ടായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നിങ്ങളെ ക്രമേണ അറിയിക്കുന്നതാണ്. സിനഡിന്റെ ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളെ അറിയിക്കണമെന്ന് സിനഡുപിതാക്കന്മാർ ഏകമനസ്സോടെ അഭ്യർത്ഥിച്ചതിനാലാണ് ഈ സർക്കുലർ ഞാൻ നിങ്ങൾക്ക് എഴുതുന്നത്.

എറണാകുളം - അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നിയോഗിച്ച അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ആയ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾക്കും നടപടികൾക്കും സിനഡ് പൂർണ പിന്തുണ അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അതിരൂപതയിലെ മെത്രാന്മാരായ ഞങ്ങൾ നാലുപേരും ഈ ദിവസങ്ങളിൽ ഒരുമിച്ചിരുന്ന് വിശദമായ ചർച്ച നടത്തുകയും പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങൾ പ്രാർത്ഥനാപൂർവം തേടുകയും ചെയ്തു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതോടെ വസ്തുതകളുടെ നിജസ്ഥിതി വ്യക്തമാകും. പ്രസ്തുത റിപ്പോർട്ട് റോമിലെ പൗരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിലാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സമർപ്പിക്കേണ്ടത്. അവിടെ നിന്ന് ലഭിക്കുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രശ്നങ്ങളും പൂർണമായും പരിഹരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട പരസ്യപ്രസ്താവനകളിൽനിന്ന് എല്ലാവരും വിട്ടുനില്ക്കണമെന്നും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവർക്കെതിരേ ജാഗ്രത പാലിക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോമലബാർ സഭയിലുള്ള ശ്രേഷ്ഠമായ പദവി സിനഡ് പ്രത്യേകം അനുസ്മരിച്ചു. അതിരൂപതയുടെ കൂട്ടായ്മയ്ക്കും പദവിക്കും ഹാനികരമായ തീരുമാനങ്ങൾ സിനഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന രീതിയിലുള്ള വാർത്തകൾ ദുരുദ്ദേശപരവും അടിസ്ഥാനരഹിതവുമാണെന്ന് സിനഡ് അറിയിക്കുന്നു.

സഭയിലെ ബഹുഭൂരിപക്ഷം വൈദികരും സന്യസ്തരും തികഞ്ഞ അച്ചടക്കത്തോടെ വ്രതങ്ങൾ പാലിച്ച് ജീവിക്കുന്നുവെന്നതാണ് സഭയുടെ കരുത്ത്. എന്നാൽ, സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട് സഭയിലുണ്ടായ ചില അച്ചടക്കരാഹിത്യങ്ങൾ പരിഹരിക്കണമെന്ന് സിനഡ് വിലയിരുത്തി. ഇതിനായി

സിനഡ് വ്യക്തമായ മാർഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വി. പൗലോസ് അപ്പസ്തോലൻ സൂചിപ്പിക്കുന്ന അരാജകത്വത്തിന്റെ അരൂപി (2തെസ. 2:7) നമ്മുടെ സഭയിൽ വളരാതിരിക്കുവാൻ സഭയൊന്നാകെ പരിശ്രമിക്കേണ്ടതുണ്ട്. സമീപകാലത്ത് ഏതാനും ചില വൈദികരും സന്യസ്തരും ഉൾപ്പെട്ട പരസ്യപ്രതിഷേധങ്ങളും സമരങ്ങളും അച്ചടക്കത്തിന്റെ സകലസീമകളും ലംഘിച്ചതായി സിനഡ് വിലയിരുത്തി. ചില വൈദികരും സന്യസ്തരുമെങ്കിലും സഭാവിരുദ്ധ ഗ്രൂപ്പുകളുടെ കൈകളിലെ പാവകളായോ സജീവ സഹകാരികളായോ മാറുന്നതായും സിനഡ് സംശയം രേഖപ്പെടുത്തി. സഭയിലെ അച്ചടക്കം പുനഃസ്ഥാപിക്കാൻ സിനഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സഭയിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തുന്ന വ്യക്തികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കണമെന്നും വിശദീകരണം തൃപ്തികരമല്ലെങ്കിൽ മാതൃകാപരമായ ശിക്ഷണനടപടി നിയമാനുസൃതം സ്വീകരിക്കണമെന്നും സിനഡ് ബന്ധപ്പെട്ട രൂപതാധ്യക്ഷൻമാർക്കും സന്യാസസമൂഹാധികാരികൾക്കും നിർദ്ദേശം നല്കി. അച്ചടക്ക നടപടികളെ സഭാവിരുദ്ധഗ്രൂപ്പുകളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ പ്രതിരോധിക്കാനുള്ള സമീപകാല പ്രവണത അംഗീകരിക്കാനാവില്ല.

2. സഭയെയും സഭാദ്ധ്യക്ഷന്മാരെയും വൈദിക-സമർപ്പിത ജീവിതത്തെയും കൂദാശകളെയും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ അനുദിനമെന്നോണം വ്യാജ വാർത്തകൾ ചമയ്ക്കുന്ന ഓൺലൈൻ പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്കെതിരെയും സഭാവിരുദ്ധമായ ചില നാമമാത്ര സംഘടനകൾക്കെതിരെയും ശക്തമായ നിയമനടപടി സ്വീകരിക്കുവാൻ സിനഡ് തീരുമാനിച്ചിട്ടുണ്ട്. സഭ നിയോഗിക്കുന്ന ഔദ്യോഗിക വക്താക്കളോ മീഡിയ കമ്മീഷനോ വഴിയല്ലാതെവരുന്ന സഭാസംബന്ധമായ വാർത്തകൾ സഭയുടെ ഔദ്യോഗിക നിലപാടുകളാണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

3. ചാനൽ ചർച്ചകളിലും അഭിമുഖങ്ങളിലും വൈദികരും സന്യസ്തരും രൂപതാധ്യക്ഷന്റെയോ മേജർസുപ്പീരിയറുടെയോ അനുമതിയോടെ മാത്രമേ ഇനിമേൽ പങ്കെടുക്കാൻ പാടുള്ളൂ. സഭയുടെയും സഭാതലവന്റെയും പേരിൽ സംസാരിക്കാനും മാധ്യമങ്ങളിൽ അവരുടെ ഔദ്യോഗികവക്താക്കളാകാനും സഭാകേന്ദ്രത്തിൽനിന്ന് നിയോഗിക്കുന്നവരല്ലാതെ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്നവിവരം ഇത്തരുണത്തിൽ നിങ്ങളെ അറിയിക്കട്ടെ. ചാനൽ

ചർച്ചകളിൽ സ്വന്തം നിലയിൽ പങ്കെടുക്കുന്ന വ്യക്തികളെ സഭയുടെ പ്രതിനിധികളായി തെറ്റിദ്ധരിപ്പിക്കുംവിധം വിശേഷിപ്പിക്കുന്ന പ്രവണത പ്രതിഷേധാർഹമാണ്. മാധ്യമസംബന്ധമായ കാര്യങ്ങൾ ഏകീകരിച്ച് നടപ്പിലാക്കാൻ സിനഡ് ഒരുമീഡിയ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

4. പൊതുസമരങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇറങ്ങിപ്പുറപ്പെടുന്ന വൈദികരും സന്യസ്തരും ഇവയെസംബന്ധിച്ചുള്ള കാനോനിക നിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച അച്ചടക്കലംഘനമായി പരിഗണിക്കപ്പെടും. വൈദികരായോ സന്യസ്തരായോ തുടരുന്നകാലത്തോളം അവർ സഭയുടെ കാനോനികനിയമങ്ങളും അച്ചടക്കവും നിർബന്ധമായും പാലിക്കേണ്ടതാണ്.

5. സഭയിലെ ഏതെങ്കിലും ആശയത്തിന്റെപേരിലോ വ്യക്തിയുടെ പേരിലോ വിഭാഗീയത സൃഷ്ടിക്കുകയും ചേരിതിരിഞ്ഞ് ആരോപ ണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന പ്രവണത മിശിഹായുടെ ശരീ രമായ സഭയെ മുറിപ്പെടുത്തുന്നതാണ്. ഇത്തരം പ്രവണതകളെ ഗുരുതരമായ അച്ചടക്കലംഘനമായി കരുതി കർശന നടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

6. സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയിലെ സുതാര്യതയ്ക്കു വേണ്ടി എന്ന വ്യാജേന സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും സിനഡ് പൂർണമായും തള്ളിക്കളയുന്നു. ഇവ രുടെ പ്രവർത്തനങ്ങൾ സഭയിൽ വിഭാഗീയത വളർത്തുന്നതും സഭാഗാത്രത്തിൽ ആഴമായ മുറിവേല്പിക്കുന്നതുമായതിനാൽ ഇത്തരം സംഘടനകളുമായി സഭാവിശ്വാസികൾ യാതൊരുവിധത്തിലും സഹകരിക്കരുതെന്നും സിനഡ് ആഹ്വാനം ചെയ്യുന്നു. വ്യക്തി പരമായ കാരണങ്ങളാലോ തെറ്റിദ്ധരിപ്പിക്കപ്പെട്ടോ ചുരുക്കം ചിലവ്യക്തികൾ സ്വന്തം നിലയിൽ രൂപികരിക്കുന്ന സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സഭയുടെ ഔദ്യോഗികസംഘടനയും പ്രസ്ഥാന വുമാണെന്നു തോന്നിപ്പിക്കുന്ന പേരുകൾ നല്കി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സഭാവിരുദ്ധ പ്രവർത്തനം നടത്തുന്ന വ്യക്തികളെ സഭാമക്കൾ തിരിച്ചറിയുകയും അവരുടെ പ്രവർത്തനങ്ങൾക്കെതിരേ ജാഗ്രത പുലർത്തുകയുംവേണം.

തിരുസ്സഭ ഈശോമിശിഹായുടെ ശരീരമാകയാൽ സഭയുടെ

കൂട്ടായ്മക്കുവേണ്ടി പരിശ്രമിക്കാൻ നമുക്കെല്ലാവർക്കും കടമയുണ്ടെന്ന് ഓർമിക്കണം. സഭയിലെ ഐക്യത്തിനായി നിങ്ങൾ എല്ലാവരും തുടർന്നും പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. സഭയുടെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമായ അച്ചടക്കം നിലനിറുത്താൻ സിനഡ് കൈക്കൊണ്ട് ഈ തീരുമാനങ്ങൾ എല്ലാ സഭാവിശ്വാസികളും തുറന്ന മനസ്സോടെ സ്വീകരിച്ച് നടപ്പിലാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. കൂട്ടായ്മയുടെ അരൂപിയായ പരിശുദ്ധാത്മാവ് നമ്മെ നേർവഴിക്ക് നയിക്കട്ടെ. തിരുസഭയുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള
മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന്
2019-ാം ആണ്ട് ജനുവരി മാസം 18-ാം തീയതി നല്കപ്പെട്ടത്.

---

NB: *ഈ സർക്കുലർ 2019 ജനുവരി 20-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ചകുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

Ref: 3170/K-5/KCBC/OL/DS 18.1.2019

# 2019 ഫെബ്രുവരി 10
# തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ (10.02.2019) എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽനിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). ബാലനായ യേശു

ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കു ചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ ചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിതമാതൃക കുട്ടികളുടെ സമഗ്ര നന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ ''വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം'' (സ്നേഹത്തിന്റെ ആനന്ദം, 287) ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ ''ആനന്ദിച്ച് ആഹ്ളാദിക്കുവിൻ'' മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ് (14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരിക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ കുട്ടികളുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന്

മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വരുടെയും അത് വില്ക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അവിശുദ്ധ ബന്ധങ്ങളിലേക്ക് കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേതുണ്ട്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിത രായി നയിക്കാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

ഫ്രാൻസിസ് പാപ്പ മാതാപിതാക്കന്മാരോട് മക്കളെക്കുറിച്ച് ഉന്നയിക്കുന്ന മൂന്ന് ചോദ്യങ്ങൾ ഇവയാണ്: നമ്മുടെ കുഞ്ഞുങ്ങൾ എവിടെ ആണെന്നു മനസിലാക്കുവാൻ നാം ശ്രമിക്കുമോ? അവരുടെ ആത്മാവ് എവിടെയാണെന്ന് നാം ശരിക്കും അറിയുന്നുവോ? സർവ്വോപരി, അതറിയുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിതസമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല, മറിച്ച് അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്, തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നില്ക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം (സ്നേഹത്തിന്റെ ആനന്ദം, 261).

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയ വിനിമയസംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ-പൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാസ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ

പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

''കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ'' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാല സഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നു നില്ക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ

ശ്രദ്ധിക്കേതുണ്ട്.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
*ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ*

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
*വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ*

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
*വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ*

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം*
*കൊച്ചി– 682 025*

---

NB: *2019 ഫെബ്രുവരി 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.*

Ref: 3169/K-5/KCBC/OL/DS 17.1.2019

# മദ്യവിരുദ്ധ ഞായർ, 2019 മാർച്ച് 10
## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു വരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗപ്രവൃത്തികൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വലിയ നോമ്പു കാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലും നിന്ന് വഴി മാറി നടക്കുവാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേകമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണമായും പിന്തിരിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്തമായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗമാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈതന്യത്തെ തകർത്തുകളയുന്ന ലഹരി വസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹരിക്കെതിരേ ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാം വിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത്

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരി വിരുദ്ധ സമൂഹ രൂപീകരണത്തിലൂടെ സാമൂഹ്യനന്മ സംജാതമാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോകജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയിലയോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണിതഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടുത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തികതകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തുകയും കേരളത്തിന്റെ ആദർശശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂകപ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലീക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവചൈത

ന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരിക മായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിക്കു പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്ക്കാരത്തിലേക്ക് ന യിക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: ''സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത എന്നിവ യാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി പോലെ പെട്ടന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കു വാൻ ശ്രദ്ധിക്കുവിൻ'' (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗര വമായെടുക്കാം.

''മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്തനാ ക്കുന്നു. സ്വയം നശിപ്പിക്കുന്നു, ബന്ധുക്കളെ നശിപ്പിക്കുന്നു. മര്യാദ യും ഔചിത്യവും നഷ്ടപ്പെടുത്തുന്നു''. മദ്യപാനമെന്ന വിപത്തി നെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്ര സക്തമാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്ത്വത്തിൽ നിന്ന് മനുഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോ ടും യുവതലമുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തി ലേക്ക് തിരിയുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നു വെന്ന യാഥാർത്ഥ്യ ബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരളസമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്ന തിന് എല്ലാവർക്കും കടമയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെര ഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തു വാൻ സർക്കാരിന് കടമയുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പിലാക്കുകയും മദ്യവിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പി ക്കുകയും ചെയ്യുക എന്നതു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബി ളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവിരുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതിഫലനങ്ങളാണ്. മദ്യമെന്ന ദുഷ്യ ത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിത ത്തിന്റെ ക്രമം തെറ്റിക്കുകയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു. മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കു കയും ചെയ്യും (സുഭാ. 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കു

കയും ചെയ്യും (സുഭാ. 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാരണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ. 23:29). ആകർഷണീയങ്ങളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യ നിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നു പോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കരണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമിതികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന

നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരളസമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച് ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ് റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ, തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളം പോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി.സി. മദ്യ

വിരുദ്ധസമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണ മായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരിവസ്തുക്കളോടും സന്ധിയില്ലാസമരം ചെയ്ത് കുടുംബങ്ങളെയും വ്യക്തികളെയും സംരക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ മദ്യവും ലഹരിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
*ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ*

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
*വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ*

**ബിഷപ് ക്രിസ്തുദാസ് ആർ**
*വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ*

*കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*
*പി.ഒ.സി., കൊച്ചി – 682 025*

---

**NB:** *2019 മാർച്ച് മാസം 10-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

*ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.*

*മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവ നകൾ രൂപതാ കേന്ദ്രങ്ങളിൽ 2019 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.*

# സർക്കുലർ


**18 Ch. 212-287**

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ ജനുവരി 6-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




I

### സംയുക്ത ജൂബിലി ആഘോഷം

ഈ വർഷം പൗരോഹിത്യ സന്ന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരേയും സന്ന്യാസിനികളെയും ചങ്ങനാശ്ശേരി അതിരൂപത ആദരിക്കുന്നു. 2019 ഫെബ്രുവരി 9–ാം തീയതി പാറേൽ മരിയൻ തീർത്ഥാടന സമുച്ചയത്തിലുള്ള അമല ദൈവശാസ്ത്ര പഠനകേന്ദ്രത്തിൽ വച്ചായിരിക്കും ജൂബിലി ആഘോഷം. രാവിലെ 9:30 ന് ആരംഭിക്കുന്ന ആഘോഷപരിപാടികൾ ഉച്ചയ്ക്ക് സ്നേഹവിരുന്നോടുകൂടി സമാപിക്കും.

ഓരോ സമൂഹത്തിൽ നിന്നും സന്ന്യസ്തസംഗമത്തിൽ സംബന്ധിക്കുന്ന ജൂബിലേറിയൻസിന്റെ പേരും ലിസ്റ്റും അതിരൂപത ചാൻസിലർ ഓഫീസിൽ ബ. സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ 2019 ഫെബ്രുവരി 6–ാം തീയതിക്കു മുൻപ് നൽകേണ്ടതാണ്.

### P.P.F.A. അംഗങ്ങൾ അറിയുവാൻ

- ജനുവരി 18 നമ്മിൽനിന്നും നിത്യസമ്മാനത്തിനു വിളിക്കപ്പെട്ട ഫാ. സഖറിയാസ് ചൂരക്കാട്ട്, ഫാ. ജോർജ്ജ് സ്രാമ്പിക്കൽ, ഫാ. ജോർജ്ജ് കളം, ഫാ. മാത്യു പത്തിപ്പറമ്പിൽ, ഫാ. തോമസ് കണ്ണംപള്ളി എന്നീ വൈദികർക്കുവേണ്ട എല്ലാവരും ഓരോ കുർബാന അർപ്പിക്കേണ്ടതാണ്.
- 2019–ലെ മെഡിക്കൽ ബില്ലുകൾ ഡിസംബർ 20–ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
- P.P.F.A. യ്ക്ക് വേണ്ടിയുള്ള 24 കുർബാനകൾ, ബൈനേഷൻ എന്നിവ ഇനിയും നൽകിയിട്ടില്ലാത്തവർ ഡിസംബർ 20–ന് മുമ്പ് അതിരൂപതാ ഓഫീസിൽ അറിയിക്കണം.

**സെക്രട്ടറി**

*(P.P.F.A.)*

# അതിരൂപതാ കുട്ടനാട് പുനർനിർമ്മാണ പദ്ധതി

**(1) ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിലുള്ള കുട്ടനാട് പുനരധിവാസ പദ്ധതി ഉദ്ഘാടനം ചെയ്തു**

ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ, കുട്ടനാടിന്റെ പുനർനിർമ്മാണം ലക്ഷ്യംവച്ചുകൊണ്ടുള്ള പുനരധിവാസപദ്ധതികളുടെ ഔദ്യോഗിക ഉത്ഘാടനം ജനുവരി 13 ഞായർ രാവിലെ 9:30 ന് പുളിംകുന്നിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. സുമനസ്സുകളായ ദേശത്തും വിദേശത്തുമുള്ള വളരെയധികം ആളുകളുടെ വിയർപ്പിന്റെ ഫലം കുട്ടനാട്ടിലെ സഹോദരങ്ങൾക്കായി പങ്കുവയ്ക്കുന്നതുകൊണ്ടാണ്, പുനരധിവാസ പദ്ധതി നടപ്പാക്കാൻ കഴിയുന്നതെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. അതിനാൽ ഓരോ രൂപയും സത്യസന്ധമായി പദ്ധതി നിർവ്വഹണത്തിനുവേി ഉപയോഗിക്കാൻ ഗുണഭോക്താക്കൾക്ക് കടമയുണ്ടെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. മാത്രമല്ല മറ്റുള്ളവരെ സഹായിക്കാൻ, സഹായങ്ങൾ വാങ്ങുന്നവരും സന്നദ്ധരാകണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. വീട്-ശൗചാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായധന വിതരണോദ്ഘാടനം മാർ ജോസഫ് പെരുന്തോട്ടം പിതാവും, കർഷകർക്കുള്ള സാമ്പത്തിക സഹായ വിതരണോദ്ഘാടനം മാർ തോമസ് തറയിൽ പിതാവും നിർവ്വഹിച്ചു. തുടർന്ന് പുളിംകുന്ന് ഇടവകയിൽ OCD മലബാർ പ്രോവിൻസിന്റെ സഹായത്തോടെ നിർമ്മിക്കുന്ന ഒരു ഭവനത്തിന് തറക്കല്ലിടുകയും ചെയ്തു. ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ എന്നിവർ ആശംസകൾ നേർന്നു.

**(2) പുനരധിവാസ പദ്ധതിയിൽ സഹായവിതരണം ആരംഭിച്ചു**

ചങ്ങനാശ്ശേരി അതിരൂപത നേരിട്ട് നടപ്പാക്കുന്ന കുട്ടനാട് പുനരധിവാസ പദ്ധതിയിൽ വീടുകളുടെ അറ്റകുറ്റപ്പണി, ശൗചാലയ നിർമ്മാണം, കൃഷി പ്രോത്സാഹനം എന്നിവയ്ക്കുള്ള സഹായധന വിതരണം ആരംഭിച്ചു. വിവിധ ഇടവകകൾ തെരഞ്ഞെടുത്തു നൽകിയ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് (വിശദമായ പരിശോധനയ്ക്ക് ശേഷം അംഗീകരിച്ചത്) അനുസരിച്ചാണ് സഹായധനം വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ പേരിലുള്ള ചെക്കുകൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ പദ്ധതി വിശദാംശങ്ങളടങ്ങിയ കത്തോടുകൂടി ഏൽപ്പിക്കുന്നതായിരിക്കും. തുടർന്ന് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗിൽ പണം മാറി യൂണിറ്റിൽ ഗുണഭോക്താവിന്റെ പേരിലുള്ള ക്രെഡിറ്റ് യൂണിയൻ അക്കൗിൽ നിക്ഷേപിക്കുകയും, നിർമ്മാണം പുരോഗമിക്കുന്നതനുസരിച്ച്, യൂണിറ്റിന്റെ/വികാരിയച്ചന്റെ അറിവോടെ പണം നല്കുകയും ചെയ്യുന്നതായിരിക്കും ഉചിതം. ബഹുമാനപ്പെട്ട വികാരിയച്ചനും മറ്റ് ബന്ധപ്പെട്ടവർക്കും പദ്ധതിയുടെ പുരോഗതി വിലയിരുത്താനിതിലൂടെ സാധിക്കും. കത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കി ഫോട്ടോ സഹിതം റിപ്പോർട്ട് ചാസ് കേന്ദ്ര ഓഫീസിൽ എത്തിക്കാനും ശ്രദ്ധിക്കേതാണ്.

**(3) പദ്ധതി വിശദീകരണം**

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇൻഡ്യ- ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ നടത്താനുദ്ദേശിക്കുന്ന പുനർനിർമ്മാണ പരിപാടികളെ സംബന്ധിച്ച ചർച്ച ജനുവരി 22 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് ചമ്പക്കുളം ഫൊറോനാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി.റവ. ഫാ. അബ്രാഹം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ബഹുമാനപ്പെട്ട വൈദികർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പദ്ധതി

നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിശദീകരിച്ചു.

**(4) വിദ്യാഭ്യാസ സഹായ വിതരണം**

ചങ്ങനാശ്ശേരി അതിരൂപതാ കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രളയ ബാധിത പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 47 ഇടവകകളിൽ നിന്നുള്ള അർഹരായ 147 വിദ്യാർത്ഥികൾക്ക് SVD & SspS കോൺഗ്രിഗേഷനുകളുടെ സഹകരണത്തോടെ ഉപരിപഠനത്തിന് 48,45,000/- രൂപ ഡിസംബർ-ജനുവരി മാസങ്ങളിൽ വിതരണം ചെയ്തു.

**(5) വെബ്സൈറ്റ്**

ചങ്ങനാശ്ശേരി അതിരൂപതയുടെ കുട്ടനാട് പുനർനിർമ്മാണ പദ്ധതിയുടെ വിശദവിവരങ്ങൾ അറിയാൻ താഴെപ്പറയുന്ന വെബ് സൈറ്റുകൾ സന്ദർശിക്കുക.

www.missionkuttanad.com
www.chasschry.org

**Fr. Joseph Kalarickal**
Secretary,
Archdiocesan Rehabilitation & Monitoring Cell

## മോൺ. എൽ.ജെ. ചിറ്റൂർ സ്മാരകഗ്രന്ഥം

ദീർഘകാരം ചങ്ങനാശേരി അതിരൂപതയുടെ വികാരി ജനറാളായും അതിരൂപതാ അഡ്മിനിസ്ട്രേറ്ററായും ശുശ്രൂഷ ചെയ്ത മോൺ. എൽ.ജെ. ചിറ്റൂർ മരണമടഞ്ഞിട്ട് 2019 ജൂൺ 4ന് നാൽപതു വർഷം പൂർത്തിയാകുന്നു. ബഹുമാനപ്പെട്ട അച്ചനെ സംബന്ധിച്ചുള്ള ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. അച്ചൻ എഴുതിയിട്ടുള്ള പ്രധാനപ്പെട്ട ലേഖനങ്ങളും മറ്റു രചനകളും ഈ ഗ്രന്ഥത്തിൽ ചേർക്കാൻ ആഗ്രഹിക്കുന്നു. ഇതു സംബന്ധിച്ചോ ബഹുമാനപ്പെട്ട അച്ചനെ സംബന്ധിച്ച പ്രധാനപ്പെട്ട മറ്റു കാര്യങ്ങളോ അറിവുള്ളവർ വിവരം താഴെ പേരു പറഞ്ഞിരിക്കുന്നവരെ അറിയിച്ച് ഞങ്ങളെ സഹായിക്കണമെന്ന് താല്പര്യപ്പെടുന്നു. 2019 ഫെബ്രുവരി 15 നു മുമ്പ് താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും നമ്പരിലേക്ക് വിളിച്ച് വിവരം അറിയിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാപ്പള്ളി 04682215459**
**ഫാ. ആന്റണി പോരുക്കര 9447977364**
**ഫാ. ജോസഫ് പനക്കേഴം 9495686825**

**അതിരൂപതാ പ്രതിനിധികൾ എൻ.എസ്.എസ് ആസ്ഥാനം സന്ദർശിച്ചു.**

അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിലിന്റെ നേതൃത്വത്തിൽ വികാരി ജനറാൾ വെ. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ, പി. ആർ. സമിതി അംഗങ്ങളായ അഡ്വ. ജോജി ചിറയിൽ, ഡോ. ആന്റണി മാത്യൂസ്, ഡോ. പി. സി. അനിയൻകുഞ്ഞ് എന്നിവർ ചങ്ങനാശേരി എൻ.എസ്.എസ് ആസ്ഥാനത്ത് സന്ദർശനം നടത്തി. കേരളനവോത്ഥാനത്തിന് ക്രൈസ്തവർ നൽകിയ സംഭാവനകൾ വിലമതിക്കാൻ പറ്റാത്തതാണെന്നും, നവോത്ഥാന മുന്നേററങ്ങളിലെ വിവിധ വിഭാഗങ്ങളുടെ സംഭാവനകൾ അംഗീകരിക്കാതെ, അതിനെ പരിമിതമായി കാണുന്ന സമീപനം അംഗീകരിക്കാൻ പറ്റില്ലെന്നും ജനറൽ സെക്രട്ടറി ശ്രീ. സുകുമാരൻ നായർ അഭിപ്രായപ്പെട്ടു.

ശബരിമല സ്ത്രീ പ്രവേശനത്തെ സംബന്ധിച്ച സുപ്രീം കോടതി വിധിയെ തുടർന്നുണ്ടായ സാമൂഹീക രാഷ്ട്രീയ സാഹചര്യങ്ങൾ ചർച്ച ചെയ്തു. വിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിക്കുവാൻ സംയുക്ത നീക്കങ്ങൾ ഇക്കാലഘട്ടത്തിൽ ആവശ്യമാണെന്ന് യോഗം വിലയിരുത്തി. എന്നാൽ വിശ്വാസങ്ങളും ആചാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ രാഷ്ട്രീയ വൽക്കരിച്ച് മുതലെടുപ്പ് നടത്തുവാനുള്ള നീക്കങ്ങൾ സൂക്ഷമതയോടെ കാണണമെന്നും അഭിപ്രായമുായി.

**സഭാ തലവന്റെ സർക്കുലർ പ്രതീക്ഷ നൽകുന്നത്**

2019 ജനുവരിയിൽ സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ സഭയിലെ മെത്രാൻമാരുടെ സിനഡ് സമ്മേളനത്തെ തുടർന്ന്, സഭാതലവൻ അഭി. കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്താ പുറപ്പെടുവിച്ച സർക്കുലർ വളരെ പ്രതീക്ഷ നൽകുന്നതാണെന്ന് അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതി വിലയിരുത്തി. സമീപകാലത്ത് സഭയിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, സഭയിൽ വിവിധ തലങ്ങളിൽ അച്ചടക്കം പുലരുന്നതിനും, കൂടുതൽ ഐക്യത്തോടെ സാക്ഷ്യം നൽകുന്നതിനും സിനഡിലെ വിചിന്തനങ്ങളും തീരുമാനങ്ങളും ഇടയാക്കുമെന്നും സമിതി നിരീക്ഷിച്ചു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

(Ministry for the Senior Citizens & Sick)

**സീനിയർ സിറ്റിസൺ അസ്സോസിയേഷൻ വാർഷികം നാല്പാത്തിമല ഇടവകയിൽ**

അതിരമ്പുഴ നാല്പാത്തിമല ഇടവകയിൽ പ്രായമായവരുടെ കൂട്ടായ്മ രൂപീകൃതമായതിന്റെ ഒന്നാം വാർഷികം സമുചിതമായി ആഘോഷിച്ചു. ആഘോഷ പരിപാടികൾ ബഹു. ഫാ. തോമസ് പ്ലാപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ബഹു. വികാരി ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ഇവിടെ എല്ലാ മാസവും പ്രായമായവരുടെ കൂട്ടായ്മ നടക്കുന്നുണ്ട്. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. പ്രായമായവർതന്നെ പ്രായമായവർക്കുവേണ്ടി എന്നതാണ് ഇവിടുത്തെ പ്രവർത്തനശൈലി. അഭിനന്ദനങ്ങൾ.

**എൽഡേഴ്സ് മീറ്റ് - 2018 മാടപ്പള്ളി ഇടവകയിൽ**

മാടപ്പള്ളി ഇടവകയിലെ മാതൃവേദി-പിതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ മുതിർന്ന പൗരന്മാരുടെ സംഗമം നടത്തപ്പെട്ടു. വികാരി ബഹു. ചാക്കോ പുതിയ പറമ്പിലച്ചന്റെ പ്രത്യേക താല്പര്യപ്രകാരം സംഘടിപ്പിച്ച സംഗമത്തിൽ ഇടവകയിലെ പ്രായമായവരുടെ നല്ല സാന്നിദ്ധ്യം ഉണ്ടായിരുന്നു. എല്ലാവർക്കും കുമ്പസാരിക്കുന്നതിനും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനും സാധിച്ചു. ബഹു. തോമസ് പ്ലാപ്പറമ്പിൽ സെമിനാർ നയിച്ചു. ഏറ്റവും പ്രായമായവരെ തദവസരത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചു. 94 വയസായവർപോലും സന്തോഷത്തോടെ വന്നുചേർന്നു. കാപ്പിസൽക്കാരവും സ്വീകരിച്ച് എല്ലാവരും സന്തോഷത്തോടെ വീടുകളിലേയ്ക്ക് യാത്രയായി. മാതൃവേദി - പിതൃവേദി അംഗങ്ങൾക്ക് നന്ദി.

ക്രിസ്മസ് കാലഘട്ടത്തിൽ നിരവധി ഇടവകകളിൽ പ്രായമായവരുടെ സംഗമങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. പ്രായമായവരെ പരിഗണിക്കുന്ന എല്ലാ വികാരി അച്ചന്മാർക്കും അവരുടെ പേരിൽ നന്ദി അറിയിക്കുന്നു.

ഇടവക തിരുനാൾ അവസരങ്ങളിൽ ഇടവകയിലെ മുതിർന്ന പൗരന്മാർക്കുവേണ്ടി ഒരു ദിവസം മാറ്റി വയ്ക്കുന്നത് അഭികാമ്യമാണല്ലോ.

**സീനിയർ സിറ്റിസൺസ് സംഗമങ്ങൾക്കായി ദയവായി വിളിക്കുക: 9495107045**

സ്നേഹത്തോടെ,

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

# 20-ാം അതിരൂപത ബൈബിൾ കൺവൻഷൻ

**2019 മാർച്ച് 5, 6, 7, 8, 9 തീയതികളിൽ**
**പാറേൽപ്പള്ളി മൈതാനിയിൽ**
**രാവിലെ 9 മുതൽ 4 വരെയും വൈകുന്നേരം 4:30 - 9 വരെയും**

മുഖ്യവിഷയം : **'ദൈവവചനം ജീവിതവെളിച്ചം'**

ആപ്തവാക്യം : **"അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ"** *(യോഹ. 2:5)*

ഉദ്ഘാടനം : **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**

അനുഗ്രഹ പ്രഭാഷണം : **അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ**

വചനപ്രഘോഷകർ :

1. **മാർ തോമസ് തറയിൽ പിതാവ്** (മാർച്ച് 6 11:00 a.m.)
2. **മാർ ജോസഫ് പ്ലാംമ്പളാനി പിതാവ്** (മാർച്ച് 8 11:00 a.m. - 8 p.m.)
3. **വെരി. റവ. ഡോ. മാണി പുതിയിടം** (മാർച്ച് 5 11:00 a.m. - 6 p.m.)
4. **റവ. ഫാ. ഡൊമിനിക് വാളംമ്നനാൽ** (മാർച്ച് 9 11:00 a.m. - 9 p.m.)
5. **റവ. ഡോ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ** (മാർച്ച് 6 2:00 noon - 9 p.m.)
6. **റവ. ഫാ. ആദർശ് കമ്പളത്ത്** (മാർച്ച് 5 12:00 noon - 9 p.m.)
7. **റവ. ഫാ. ജോർജ് കാട്ടൂർ** Mc.Bs. (മാർച്ച് 7 11:00 p.m. - 9 p.m.)

വി. കുർബാന അർപ്പിക്കുന്നവർ :

1. **ചങ്ങനാശേരി ഫൊറോനയിലെ വൈദികർ** (മാർച്ച് 5 ചൊവ്വ)
2. **തൃക്കൊടിത്താനം ഫൊറോനയിലെ വൈദികർ** (മാർച്ച് 6 ബുധൻ)
3. **കുറുമ്പനാടം ഫൊറോനയിലെ വൈദികർ** (മാർച്ച് 7 വ്യാഴം)
4. **തുരുത്തി ഫൊറോനയിലെ വൈദികർ** (മാർച്ച് 8 വെള്ളി)
5. **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത, നവവൈദികർ** (മാർച്ച് 9 ശനി)

സ്നേഹത്തോടെ,

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(കൺവൻഷൻ കോർഡിനേറ്റർ)*

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

ചങ്ങനാശ്ശേരി അതിരൂപത

സഭയുടെ മാധ്യമ പ്രേഷിതത്വത്തിന്, ഉറച്ച പിന്തുണയുമായി ദീപിക ഫ്രണ്ട്സ് ക്ലബ് പ്രവർത്തനപാതയിൽ മുന്നേറുകയാണ്. നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്ക് ധീരമായ നേതൃത്വം പിന്തുണയും നൽകിയ ബഹു. വികാരിയച്ചന്മാരേയും DFC നേതാക്കളെയും നന്ദിയോടെ സ്മരിക്കുന്നു.

## 1. ഡ്രീം ലൈൻ പ്രോജക്ട് ഇടവകകളിൽ

വിവിധ ഇടവകകളിൽ ഡ്രീം ലൈൻ പ്രോജക്ട് വിജയകരമായി നടപ്പാക്കുകയുണ്ടായി. വെരൂർ, പാറേൽ, നാലുകോടി, അതിരമ്പുഴ, മുടിയൂർക്കര, പാണ്ടി, നസ്രത്ത്, കുറുമ്പനാടം ഫൊറോന തുടങ്ങിയ ഇടവകകളിൽ ദീപിക ദിനപത്രത്തിന്റെ പ്രചാരകരായി ഊർജ്ജസ്വലമായി പ്രവർത്തിച്ച DFC അംഗങ്ങളേയും കുടുംബകൂട്ടായ്മ ലീഡേഴ്സിനെയും വിവിധ സംഘടനകളുടെ പ്രവർത്തകരേയും അഭിനന്ദിക്കുന്നു.

## 2. ദീപികയുടെ പുതിയ പ്രസ്സിന്റെ ഉദ്ഘാടനം

ദീപികയ്ക്കുവേണ്ടി വടവാതൂരിൽ സ്ഥാപിതമായിരിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രിന്റിംഗ് പ്രസിന്റെ ഔപചാരികമായ ഉദ്ഘാടനകർമ്മം ഫെബ്രുവരി 3 നു ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് കോട്ടയം തിരുനക്കര മൈതാനിയിൽ നടത്തപ്പെടുന്നു. ദീപികയുടെ എല്ലാ അഭ്യുദയകാംക്ഷികളുടെയും DFC പ്രവർത്തകരുടെയും സാന്നിധ്യം സാദരം ക്ഷണിക്കുന്നു.

## 3. യൂണിറ്റ്തല / ഫൊറോനാതല പുരുഷ - വനിത ഭാരവാഹി തെരഞ്ഞെടുപ്പുകൾ

DFC യുടെ ഇടവക തലത്തിലുള്ള പുരുഷ-വനിത വിംഗ്കളുടെ ഭാരവാഹികളെ (പ്രസിഡന്റ്, വൈ. പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ) ഫെബ്രുവരി 17 നകം തെരഞ്ഞെടുത്ത് മാർച്ച് 3 നു മുമ്പായി ഫൊറോനാ ഇലക്ക്ഷനും നടത്തി അവരുടെ ലിസ്റ്റ് അതിരൂപതാ ഡയറക്ടറെ ഏൽപ്പിക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

വളരെയേറെ പ്രതിസന്ധികളിലൂടെ, വെല്ലുവിളികൾ നേരിട്ട് മുന്നോട്ടു പോകുന്നു. സഭാഗാത്രത്തിന്റെ നിർമ്മിതിയ്ക്കായി ഓരോ DFC അംഗവും തങ്ങളാവുംവിധം പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.


**സണ്ണി പുളിങ്കാലായിൽ**
*(പ്രസിഡന്റ്)*
*ഫോൺ: 9072725164*

**ആന്റണി തോമസ് മലയിൽ**
*(ജന:സെക്രട്ടറി)*
*ഫോൺ: 9446342561*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അതിരൂപത അസി. ഡയറക്ടർ)*
*ഫോൺ: 8281757649*


---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് ഫോൺ: 9400390539**
**ജോൺസൺ ജോസഫ് ഫോൺ: 9349599080**

## Post info

**4G** വേഗത്തിൽ മുന്നോട്ട് കുതിക്കുന്ന ഈ ടെക്നോളജി യുഗത്തിൽ 164 വർഷത്തെ പാരമ്പര്യമുള്ള ഇന്ത്യ പോസ്റ്റും കൂടുതൽ ജനകീയമാവുകയാണ്. ടെക്നോളജിയുടെ സഹായത്തോടെ. കൃത്യതയാർന്ന തപാൽ വിതരണവും, ജനകീയമായ ലഘുസമ്പാദ്യ പദ്ധതികളും, ലാഭകരമായ ഇൻഷുറൻസ് പദ്ധതികളുമായി അവതരിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ ആണ് **Post info.**

രജിസ്റ്റേർഡ് പോസ്റ്റ്, സ്പീഡ് പോസ്റ്റ് മുതലായവ ട്രാക്ക് ചെയ്ത് അവയുടെ ഓരോ നീക്കവും സസൂക്ഷ്മം വീക്ഷിക്കുവാനും, ലഘു സമ്പാദ്യ പദ്ധതികളുടെ പലിശ നിരക്കുകൾ അറിയുവാനും, തപാൽ ഇൻഷുറൻസിന്റെ പ്രീമിയം തുക കണക്കാക്കുവാനും, ഇന്ത്യ പോസ്റ്റ് നൽകുന്ന ഇതര സേവനങ്ങളുടെ നിരക്കുകൾ അറിയുവാനും ഈ ലളിതമായ ആപ്ലിക്കേഷൻ കൊണ്ട് സാധിക്കും. ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും **Post info** ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വളരെ വേഗം ഡൗൺ ലോഡ് ചെയ്യാം. ഇതിന്റെ വിൻഡോസ് വേർഷനും ലഭ്യമാണ്.

കൃത്യതയാർന്ന തപാൽ വിതരണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ള ഒന്നാണ് കൃത്യമായ പിൻകോഡോടുകൂടിയ മേൽവിലാസം. കത്ത് അയക്കേണ്ട ആളുടെ മേൽവിലാസം അറിയാമെങ്കിലും പലപ്പോഴും പിൻ കോഡ് നമ്മളെ കുഴയ്ക്കുന്ന ഒന്നാണ്. എന്നാൽ **Post info** ആപ്ലിക്കേഷൻ മുഖേന ഇന്ത്യയൊട്ടാകെ ഉള്ള ഏത് പോസ്റ്റ് ഓഫീസിൻെറയും പിൻകോഡ് നിങ്ങൾക്ക് ലഭിക്കുന്നു. മാത്രമല്ല, പ്രസ്തുത ഓഫീസിന്റെ ഫോൺ നമ്പർ, ആ ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രധാന സ്ഥലങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ജില്ല മുതലായ വിവരങ്ങളും ഈ ഒറ്റ ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്നു.

അതെ, ഇന്ത്യ പോസ്റ്റ് നിങ്ങളുടെ ഉള്ളം കയ്യിൽ - ഇന്ന് തന്നെ Post info ഡൗൺ ലോഡ് ചെയ്യൂ - മാറ്റത്തിൽ പങ്കാളികളാവൂ.

**കെ. കെ. ഡേവിസ്**
*സീനിയർ സൂപ്രണ്ട്, ആർ.എം.എസ്.*
*തിരുവനന്തപുരം ഡിവിഷൻ, തിരുവനന്തപുരം - 695036*

## അതിരൂപതാതല ഉദ്യോഗസ്ഥ സംഗമം

ചങ്ങനാശേരി അതിരൂപതാംഗങ്ങളായ സർക്കാർ ഉദ്യോഗസ്ഥരെ കാണുന്നതിനും അവരോട് സംവദിക്കുന്നതിനും അഭി. പിതാക്കന്മാർ ആഗ്രഹിക്കുന്നു. അതിരൂപതാംഗങ്ങളായ സർക്കാർ ഉദ്യോഗസ്ഥരുടെ (അധ്യാപകരും ബാങ്കിംഗ് മേഖലയിലുള്ളവരും ഒഴികെ) സംഗമം 2019 മാർച്ച് 4 ന് രാവിലെ 10 മുതൽ 1 വരെ ചങ്ങനാശേരിയിൽ ക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഈശോയിൽ സ്നേഹമുള്ളവരേ,

ഈശോയുടെ മാമ്മോദീസായും, പരസ്യജീവിതവും പ്രത്യേകമായി വിചിന്തനം ചെയ്യുന്ന ഈ ദനഹാക്കാലത്തിൽ ത്രിത്വൈക കൂട്ടായ്മയോട് ചേർന്ന്, ഈശോയുടെ ജീവിതത്തിന്റെ തുടർച്ചയായി നമ്മുടെ പ്രവർത്തന മണ്ഡലങ്ങളിൽ വ്യാപരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ വിശ്വാസപരിശീലന പരിപാടികൾ ഈശോയെ വെളിപ്പെടുത്തി കൊടുക്കുന്ന വേദികളാകട്ടെ. ജനുവരി 26ന് നടന്ന മതാധ്യാപക നേതൃസംഗമത്തിൽ പങ്കെടുത്തവർക്കും അതിന് നേതൃത്വം നല്കിയവർക്കും പ്രത്യേകമായി നന്ദി പറയുന്നു. ജൂബിലേറിയൻസായിരുന്ന എല്ലാവർക്കും ആശംസകൾ. അതോടൊപ്പം, സീറോ മലബാർ സഭാ പ്രതിഭാ അവാർഡ് കരസ്ഥമാക്കിയ ഫാത്തിമാപുരം ഇടവകാംഗമായ മെറിൻ എൽസാ ചാക്കോ കുറ്റിക്കാട്ടിന് അഭിനന്ദനങ്ങളും, ആശംസകളും.

ഈ വർഷത്തെ വിശ്വാസോത്സവം അടുത്തു വരുന്ന സാഹചര്യത്തിൽ ഫെബ്രുവരി 10–ാം തീയതി ഞായറാഴ്ച നടക്കുന്ന വിശ്വാസോത്സവ കോഡിനേറ്റേഴ്സ് മീറ്റിംഗ് നിങ്ങളുടെ ഓർമ്മയിലുണ്ടായിരിക്കട്ടെ. അതുപോലെ ഫെബ്രുവരി 23–ന് ആരംഭിക്കുന്ന ഫൊറോനതല വിശ്വാസോത്സവ പരിശീലന ക്ലാസ്സുകളിൽ നിങ്ങളുടെ സാന്നിധ്യം ഉണ്ടാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

**അറിയിപ്പുകൾ**

**ഫെബ്രുവരി**

| | | |
|---|---|---|
| 2 ശനി | : | CLT ക്ലാസ്സ് |
| 3 ഞായർ | : | സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ |
| 9 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ് |
| 10 ഞായർ | : | ഇടവക തലത്തിലെ വിശ്വാസോത്സവ കൺവീനേഴ്സിന്റെ സമ്മേളനം രാവിലെ 10:00 മുതൽ 1:30 വരെ സന്ദേശനിലയത്തിൽ |
| 16 ശനി | : | CLT ക്ലാസ്സ് |
| 23 ശനി | : | CLT ക്ലാസ്സ് , |
| | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (തുരുത്തി, കോട്ടയം) |
| 24 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (അതിരമ്പുഴ, കുടമാളൂർ) |

**2019 മാർച്ച്**

| | | |
|---|---|---|
| 2 ശനി | : | CLT ക്ലാസ്സ്, |
| | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (ചമ്പക്കുളം, ആലപ്പുഴ) |

| | | |
|---|---|---|
| 3 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (കൊല്ലം, പുളിംകുന്ന്) |
| 9 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ് |
| | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (അമ്പൂരി, എടത്വാ) |
| 10 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (തിരുവനന്തപുരം, തൃക്കൊടിത്താനം) |
| 16 ശനി | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (നെടുംകുന്നം, മണിമല) |
| 17 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (ചങ്ങനാശേരി, കുറുമ്പനാടം) |

**പ്രത്യേകശ്രദ്ധയ്ക്ക്**

✧ 2019 ഫെബ്രുവരി 10–ാം തീയതി ഞായറാഴ്ച രാവിലെ 10:00 മുതൽ ഉച്ചയ്ക്ക് 1:00 വരെ ഇടവകതല വിശ്വാസോത്സവ കോഡിനേറ്റേഴ്സിന്റെ മീറ്റിംഗ് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപ. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്. രാവിലെ 9 മണിക്ക് പാസ്റ്റർ സെന്റർ ചാപ്പലിൽ പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

✧ രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ മാർച്ച് 31–ാം തീയതി ഞായറാഴ്ചയായിരിക്കും.

✧ ഫെബ്രുവരിയിലെ പരീക്ഷയ്ക്കുശേഷം നാലാം ക്ലാസിൽ ആഘോഷമായ വി. കുർബാന സ്വീകരണവും ആദ്യകുമ്പസാരവും മുന്നിൽ കണ്ട് **'നാഥാ വന്നു വസിച്ചാലും'** എന്ന ടെക്സ്റ്റ് പഠിപ്പിച്ചു തുടങ്ങാവുന്നതാണ്. വി. കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുവാൻ തയ്യാറുള്ളവരെത്തന്നെ നാലാം ക്ലാസ്സിൽ വർഷാരംഭം മുതൽ പഠിപ്പിക്കുവാൻ നിയോഗിക്കുന്നത് അഭികാമ്യമായിരിക്കും. ഇവർക്കായി രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷയിൽ **'നാഥാ വന്നു വസിച്ചാലും'** എന്ന ടെക്സ്റ്റിലെ ആദ്യത്തെ 4 പാഠങ്ങളിലെ നമസ്കാരവും 1 മുതൽ 3 വരെയുള്ള ക്ലാസ്സുകളിലെ നമസ്കാരവും ഉൾപ്പെടുത്തുന്നതാണ്.

## CANTICLE - 2019

### ബൈബിൾ ആക്ഷൻസോംഗ് കോമ്പറ്റീഷൻ

2019–ലെ വിശ്വാസോത്സവത്തോടനുബന്ധിച്ച് സന്ദേശനിലയം **CANTICLE -2019** എന്ന പേരിൽ ഒരു ആക്ഷൻ സോഗ് മത്സരം സംഘടിപ്പിക്കുന്നു. വിശ്വാസോത്സവത്തിന്റെ വിഷയവും ചങ്ങനാശ്ശേരി അതിരൂപത പഞ്ചവത്സര പദ്ധതിയുടെ ഈ വർഷത്തെ പഠനവിഷയവും ദൈവവചനമാണല്ലോ. കുട്ടികളെ വചനം പഠിപ്പിക്കുക, ആകർഷകമായ വിധത്തിൽ വചനം കുട്ടികളുടെ ഹൃദയത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മത്സരം ക്രമീകരിച്ചിരിക്കുന്നത്. മുഴുവൻ സൺഡേസ്കൂളുകൾക്കും പങ്കെടുക്കുവാൻ സാധ്യമായ രീതി അവലംബിച്ചിരിക്കുന്നു. തിരഞ്ഞെടുക്കുന്ന അവതരണങ്ങൾ വിശ്വാസപരിശീലനത്തിന് ഉപയോഗിക്കുവാൻ നല്കുന്നതാണ്. എല്ലാ സൺഡേസ്കൂളുകളുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

– മത്സര വിജയികൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കും.

– സമ്മാനങ്ങളുടെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**വിശ്വാസോത്സവം 2019 അദ്ധ്യാപക പരിശീലനം**

തയ്യാറാക്കപ്പെട്ട വർക്കുബുക്കുകളുടെ പരിചയപ്പെടുത്തലും പരിശീലനവും നടക്കുന്നതിനാൽ അധ്യാപകർ പരിശീലന സെമിനാറിൽ ആദ്യന്തം പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. **പുസ്തകത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്താണെന്ന് മനസ്സിലാക്കുവാനും അതു കുട്ടികൾക്ക് പകർന്നുകൊടുക്കേണ്ടവിധം അറിയുന്നതിനും അതാതു സെക്ഷൻ കൈകാര്യം ചെയ്യുന്ന അധ്യാപകർ തന്നെ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.** സെമിനാറിന്റെ സമയം രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 4:00 മണിവരെയായിരിക്കും. സെമിനാറിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഓർഗനൈസറച്ചന്റെ നേതൃത്വത്തിൽ ഫൊറോന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. തന്നിരിക്കുന്ന സമയക്രമീകരണങ്ങളോട് എല്ലാ ഫൊറോനകളും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. സെമിനാർ ഫെബ്രുവരി 23 മുതൽ ആരംഭിക്കുന്നതാണ്.

**ഫെബ്രുവരി**

| | | |
|---|---|---|
| 23 ശനി | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (തുരുത്തി, കോട്ടയം) |
| 24 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (അതിരമ്പുഴ, കുടമാളൂർ) |

**2019 മാർച്ച്**

| | | |
|---|---|---|
| 2 ശനി | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (ചമ്പക്കുളം, ആലപ്പുഴ) |
| 3 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (കൊല്ലം, പുളിംകുന്ന്) |
| 9 ശനി | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (അമ്പൂരി, എടത്വാ) |
| 10 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപകപരിശീലനം (തിരുവനന്തപുരം, തൃക്കൊടിത്താനം) |
| 16 ശനി | : | ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (നെടുംകുന്നം, മണിമല) |
| 17 ഞായർ | : | ഫൊറോന വിശ്വാസോത്സവ അധ്യാപകപരിശീലനം (ചങ്ങനാശേരി, കുറുമ്പനാടം) |

**രണ്ടാംഘട്ട സപ്ലിമെന്ററി പരീക്ഷ സിലബസ്**

1 മുതൽ 3 വരെ ക്ലാസ്സുകൾക്ക് -പാഠപ്പുസ്തകത്തിലെ നമസ്കാരങ്ങളും ബൈബിൾ വാക്യങ്ങളും

| | | |
|---|---|---|
| ക്ലാസ്സ് 4 | : | നമസ്കാരങ്ങൾ, ആഘോഷമായ വി. കുർബാന സ്വീകരണത്തിനുള്ള **നാഥാ വന്നു വസിച്ചാലും** എന്ന പുസ്തകം (1, 2, 3, 4 പാഠങ്ങൾ) |
| ക്ലാസ്സ് 5, 6 | : | നമസ്കാരങ്ങൾ, ഉപപാഠപുസ്തകം (**CML** പ്രസിദ്ധീകരണം) |
| ക്ലാസ്സ് 7 | : | നമസ്കാരങ്ങൾ, ഭാരതസഭ ചരിത്രവഴികളിലൂടെ എന്ന പുസ്തകം |
| ക്ലാസ്സ് 8 | : | നമസ്കാരങ്ങളും ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികൾ (പാഠങ്ങൾ 4, 5, 6, 8) |
| ക്ലാസ്സ് 9 | : | നമസ്കാരങ്ങളും രാജ്യപുരോഗതിയ്ക്ക് ക്രൈസ്തവ സംഭാവനകൾ (പാഠങ്ങൾ 5, 6, 9) |

(കൂടുതൽ വിവരങ്ങൾക്ക് മതബോധന കലർ പേജ് 22, 23, 24 കാണുക)

**അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**

ഏപ്രിൽ 13-ാം തീയതി ശനിയാഴ്ച സ്കോളർഷിപ്പ് പരീക്ഷ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 32 കാണുക.

**നവോദയ സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്**

നവോദയ സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 23, 24, 25 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടും. ഓരോ സൺഡേസ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക. മാർച്ച് 18-നകം പേര് രജിസ്റ്റർ ചെയ്യുവാൻ ഓർമ്മിക്കുമല്ലോ. രജി. ഫീസ് 1000 രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 35, 36 കാണുക.

**ആദരാഞ്ജലികൾ**

തുരുത്തി മർത്ത് മറിയം സൺഡേസ്കൂൾ അധ്യപകൻ ശ്രീ. ജോർജ്ജ് തോമസ് കാഞ്ഞിരത്തുംമൂട്ടിലിന്റെയും മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. ലിസിയാമ്മ സെബാസ്റ്റ്യന്റെ പിതാവിന്റെയും ആറാട്ടുവഴി സെന്റ് ജോസഫ്സ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. തോമസ് പാലവീടിന്റെ പിതാവിന്റെയും കോട്ടാങ്കൽ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. തോമസ് പനന്തോട്ടത്തിന്റെ മാതാവിന്റെയും കുമരങ്കരി സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോസഫ് കാട്ടടിയുടെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## അവധിക്കാല ക്യാമ്പുകൾ

നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കുട്ടികൾക്കായി അവധിക്കാല ക്യാമ്പുകൾ ക്രമീകരിച്ചിട്ടുണ്ട്. ഇടവകകളിൽ ക്യാമ്പ് നടത്താൻ താൽപര്യപ്പെടുന്ന ബഹുമാനപ്പെട്ട വികാരിമാർ വൈദിക വിദ്യാർഥികളുമായി ബന്ധപ്പെടാൻ ശ്രദ്ധിക്കുമല്ലോ.

മാർച്ച് 20-23, മാർച്ച് 26-30, ഏപ്രിൽ 11-13, മെയ് 1-11, മെയ് 18-25 ദിവസങ്ങളിൽ ക്യാമ്പുകൾ ക്രമീകരിക്കാൻ സാധിക്കുന്നതാണ്.

**ഫോൺ: 7034721968 (ബ്ര. റിജോ ഇടമുറിയിൽ**

*(ഞായറാഴ്ചകളിൽ വിളിക്കാൻ ശ്രദ്ധിക്കുക)*

ഈശോയിൽ സ്നേഹമുള്ളവരേ,

ഈശോയുടെ മാമ്മോദീസായെക്കുറിച്ച് നാം വിചിന്തനം ചെയ്യുന്ന ഈ ദനഹാക്കാലത്തിൽ, മാമ്മോദീസായിലൂടെ നമ്മെ ദൈവമക്കളാക്കിയ ദൈവത്തിന് നന്ദി പറയാം. ദൈവമക്കൾക്ക് ചേർന്ന രീതിയിൽ ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം. പഠനത്തിന്റെയും പരീക്ഷയുടെയും കാലഘട്ടത്തിൽ, ബുദ്ധിയെ പ്രകാശിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ നിറവിനായി നമുക്ക് പ്രാർത്ഥിക്കാം. ജനുവരിയിൽ നടത്തേണ്ടിയിരുന്ന ശാഖാതല തെരഞ്ഞെടുപ്പ് പൂർത്തിയായി എന്നു കരുതുന്നു. ഫെബ്രുവരിയിൽ മേഖലാതല ഇലക്ഷൻ നടത്തി ഫെബ്രുവരി 28-നകം ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ജനുവരി 26-ന് നടന്ന മിഷൻ എലൈവ് മത്സരത്തിൽ പങ്കെടുത്തവർക്കും അതിന് നേതൃത്വം നല്കിയവർക്കും പ്രത്യേകം നന്ദി. കൂടുതൽ തീക്ഷ്ണതയോടെ ഈശോയുടെ സാക്ഷിയായി ജീവിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## അറിയിപ്പുകൾ

**ഫെബ്രുവരി**

| | | |
|---|---|---|
| 3 ഞായർ | : | സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ |
| 10 ഞായർ | : | തിരുബാലസഖ്യദിനം |

## പ്രത്യേകശ്രദ്ധയ്ക്ക്

✧ മേഖലതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി ഫെബ്രുവരി 28-നകം ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

✧ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് ഫെബ്രുവരി 5-നകം മേഖലാ ജോയിന്റ് ഡയറക്ടർ വഴിയോ, നേരിട്ടോ അതിരൂപതാ ഓഫീസിൽ ഏല്പിക്കാവുന്നതാണ്. ലിസ്റ്റ് ഏല്പിക്കാത്തവർക്ക് മേഖലാതല ഇലക്ഷനിൽ പങ്കെടുക്കുവാൻ സാധിക്കുന്നതല്ല.

**ദൈവവിളി ക്യാമ്പ്**

ഈ വർഷത്തെ നമ്മുടെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് ആൺകുട്ടികൾക്ക് മാർച്ച് 30, 31, ഏപ്രിൽ1 തീയതികളിൽ കുറിച്ചി മൈനർ സെമിനാരിയിലും പെൺകുട്ടികൾക്കുള്ള സെമിനാർ സന്ദേശനിലയത്തിൽ വച്ച് മാർച്ച് 30-ന് രാവിലെ 9:30 മുതൽ 4 മണിവരെ നടത്തപ്പെടുന്നതാണ്. ആൺകുട്ടികളുടെ ക്യാമ്പ് 30-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് ഏപ്രിൽ 1-ാം തീയതി ഉച്ചയോടെ അവസാനിക്കുന്നതാണ്.

# എൽആർസി സെമിനാർ 22 മുതൽ

**കൊച്ചി:** സീറോ-മലബാർ സഭയുടെ ഗവേഷണ പഠനകേന്ദ്രമായ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ (എൽആർസി) **56-ാമത് സെമിനാർ ജനുവരി 22, 24 തിയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ** നടക്കും. **22നു രാവിലെ 10ന് ആരംഭിച്ച് 24നു ഉച്ചയ്ക്ക് 12നു സെമിനാർ** സമാപിക്കും. **എൽആർസി ചെയർമാൻ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ സെമിനാർ ഉദ്ഘാടനം** ചെയ്യും. **കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത** വഹിക്കും.

ഭാരതീയ ക്രൈസ്തവ ചരിത്രത്തിലേയ്ക്കും അപ്പസ്തോലിക പാരമ്പര്യത്തിലേയ്ക്കും വെളിച്ചം വീശുന്ന ഏറ്റവും ആദ്യത്തെ **'കൃതിയായ തോമാശ്ലീഹായുടെ നടപടികൾ'** എന്ന കൃതിയെക്കുറിച്ചുള്ള ഗവേഷണപഠനങ്ങളാണ് സെമിനാറിൽ അവതരിപ്പിക്കപ്പെടുക എന്ന് **എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ** പത്രക്കുറിപ്പിൽ അറിയിച്ചു. തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങൾക്ക് വഴിതെളിയിച്ച ചരിത്രപശ്ചാത്തലം, ഇന്ത്യയിലേക്കുള്ള പൗരാണിക വ്യാപാരസഞ്ചാരമാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ചരിത്രപരമായ അന്വേഷണം ഈ സെമിനാറിൽ ലക്ഷ്യംവെയ്ക്കുന്നു. രണ്ട്, മൂന്ന് നൂറ്റാണ്ടുകളിൽ വിരചിതമായ **'തോമാശ്ലീഹായുടെ നടപടികൾ'** എന്ന ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തു പ്രതികൾ സുറിയാനി, ഗ്രീക്ക് എന്നീ മൂലഭാഷകളിൽ ലഭ്യമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം, ദൈവശാസ്ത്രം, ആരാധനാക്രമം, ആദ്ധ്യാത്മികത, നിയമസംഹിത എന്നിവയുടെ പൗരാണികസ്രോതസ്സുകൂടിയാണ് ഈ ഗ്രന്ഥം. ഈ ലിഖിതരേഖയുടെ പ്രസക്തിയും പ്രാധാന്യവും സെമിനാറിൽ പഠനവിധേയമാക്കുന്നു.

**24നു മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി** സമാപന സന്ദേശം നൽകും. ബിഷപ്പുമാരായ **മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ, മാർ ടോണി നീലങ്കാവിൽ** എന്നിവർ പ്രസംഗിക്കും. സീറോ-മലബാർ സഭയുടെ ഗവേഷണപഠനകേന്ദ്രം എന്ന നിലയിൽ വിവിധ വിഷയങ്ങളിൽ ഉന്നതപഠനം നടത്തിയിട്ടുള്ളവർക്കും ഗവേഷണപഠനങ്ങൾ നടത്തുന്നവർക്കും ഒത്തുചേർന്ന് ക്രിയാത്മകവും പഠനം നടത്തുന്നതിനുള്ള സാഹചര്യം സംജാതമാക്കുക എന്നതാണ് എൽആർസി സെമിനാറുകൾകൊണ്ട് മുഖ്യമായും വിഭാവനം ചെയ്യുന്നത്. എൽആർസി 56-ാമത് സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

*വിശദവിവരങ്ങൾക്ക്:* **9497324768, Email: lrcsyromalabar@gmail.com.**

ഈശോയിൽ പ്രിയ കുടുംബപ്രേഷിതരേ,

2019 പ്രവർത്തനത്തിനു തിരി തെളിഞ്ഞു. പ്രളയദുരന്തത്തെ അതിജീവിച്ച് നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്ന ദൗത്യം ഇനിയും നമ്മുടെ ചുറ്റും അവസാനിച്ചിട്ടില്ല. ഈ കാലയളവിൽ ചങ്ങനാശ്ശേരി അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് വചനാധിഷ്ഠിതമായ അജപലാനപദ്ധതിയുമായി പുതിയ വർഷം ആരംഭിക്കുകയാണ്. വചനവീട്, നൂറുദിന കർമ്മപദ്ധതി, കാറ്റിലും വെള്ളപ്പൊക്കത്തിലും തകരാത്ത വചനത്തിൽ അടിസ്ഥാനമിട്ട ആത്മീയഭവനങ്ങളുടെ നിർമ്മാണമാണിത് അഭിവന്ദ്യ പിതാവിന്റെ പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തോടു ചേർന്നു നിന്നുകൊണ്ട് ദൈവവചനം പഠിക്കുവാനും ധ്യാനിക്കുവാനും വചനാധിഷ്ഠിതമായ പ്രവൃത്തികളും പ്രവർത്തനവും വഴി വചനവീടുകൾ പണിയുവാൻ നമുക്ക് സാധിക്കട്ടെ. കഴിഞ്ഞ വാർഷിക സമ്മേളനത്തിലും പുതിയ പ്രവർത്തന വർഷ ഉദ്ഘാടനത്തിലും നിങ്ങൾ നൽകിയ വലിയ സഹകരണത്തിനു നന്ദി പറയുന്നു. ഉണർവ്വോടെ ഉത്സാഹത്തോടെ വചനവീടുകൾ പണിയാൻ കരങ്ങൾ കോർക്കാം...

**ഫാ ജോൺസൺ ചാലയ്ക്കൽ** *(അസി. ഡയറക്ടർ)*

**ഫാ. ജോസ് മുകളേൽ** *(ഡയറക്ടർ)*

## വാർത്തകൾ
## പിതൃവേദി - മാതൃവേദി

.....................................................................

### അതിരൂപത പ്രവർത്തനവർഷ ഉദ്ഘാടനം

2019 ജനുവരി 19 ശനിയാഴ്ച ചങ്ങനാശേരി അസംപ്ഷൻ കോളേജ് ആഡിറ്റോറിയത്തിൽ വെച്ച് അതിരൂപത പ്രവർത്തനവർഷ ഉദ്ഘാടനം മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ നിർവ്വഹിച്ചു. സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ അദ്ധ്യക്ഷനായിരുന്നു. അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോന ഭാരവാഹികൾ എന്നിവർ മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ട് ഡയറക്ടറുടെ മുൻപാകെ പ്രാർത്ഥനാപൂർവ്വം സത്യപ്രതിജ്ഞ ഏറ്റ് ചൊല്ലി അതിരൂപത മാർഗ്ഗരേഖ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. അതിരൂപത മുൻ ഭാരവാഹികളെ നന്ദിപൂർവ്വം അനുസ്മരിക്കുകയും മൊമന്റോ നൽകി ആദരിക്കുകയും ചെയ്തു.

അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നും ഭാരവാഹികളായ 625 പ്രതിനിധികൾ പങ്കെടുക്കുകയും, യൂണിറ്റുകൾക്ക് ആവശ്യമായ മാർഗ്ഗരേഖകൾ സൗജന്യമായി നൽകുകയും ചെയ്തു. വചനവർഷം പഠനവിഷയമായി ഏറ്റെടുത്തിരിക്കുന്ന ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് അതിരൂപത വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്ത് മാർഗ്ഗനിർദ്ദേശക സന്ദേശം നൽകി. സ്നേഹവിരുന്നോടുകൂടി 1:30 ന് സമ്മേളനം സമാപിച്ചു.

### അതിരൂപത നേതൃത്വസംഗമം

2019 ഫെബ്രുവരി 24 ഞായർ രാവിലെ 9:30 ന് വി. കുർബാനയോടുകൂടി അതിരൂപത നേതൃത്വ സമ്മേളനം ആരംഭിക്കുന്നു. 4:00 പി.എം.ന് സമാപിക്കുന്നു

സമ്മേളനം ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ സെന്ററിലാണ് ക്രമീകരിച്ചിരിക്കുന്നത്. അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോന ഭാരവാഹികൾ, ഫൊറോന ആനിമേറ്റർമാർ എന്നിവരാണ് സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. സംഘടനയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഈ സമ്മേളനത്തിൽ നിർബന്ധമായും എല്ലാവരും പങ്കെടുക്കണം. അതിരൂപത നേതൃത്വ സമ്മേളനങ്ങൾ ഇതേ രീതിയിൽ നടത്തേണ്ടതാണ്.

### ഫൊറോന പ്രവർത്തനവർഷ ഉദ്ഘാടന സമ്മേളനങ്ങൾ

തിരുവനന്തപുരം, ആലപ്പുഴ, അതിരമ്പുഴ, കുടമാളൂർ, ചങ്ങനാശ്ശേരി, നെടുംകുന്നം എന്നി ഫൊറോനകളുടെ പ്രവർത്തനവർഷ ഉദ്ഘാടനങ്ങൾ വളരെ ഭംഗിയായി നടത്തപ്പെട്ടു. യൂണിറ്റുകൾക്ക് പുതിയ ഉണർവ്വ് നൽകുവാൻ ഫൊറോന സമ്മേളനങ്ങൾക്ക് കഴിയുന്നുണ്ട്. ഫെബ്രുവരി 17-ാം തീയതിക്കകം ബാക്കി ഫൊറോനകളിലും വിപുലമായ ഉദ്ഘാടന സമ്മേളനങ്ങൾ ക്രമീകരിച്ചു വരുന്നു.

### യൂണിറ്റ് പ്രവർത്തനങ്ങൾ

ഫെബ്രുവരി മാസത്തിന് മുൻമ്പ് എല്ലാ യൂണിറ്റുകളും പ്രവർത്തനവർഷ ഉദ്ഘാടനങ്ങൾ പൂർത്തിയാക്കണം. അതിരൂപത-ഫൊറോന മാർഗ്ഗരേഖ അനുസരിച്ച് യൂണിറ്റുകൾക്കും മാർഗ്ഗരേഖ ഉണ്ടാകണം. മാർച്ച് - ഏപ്രിൽ മാസങ്ങളിൽ ഭവന സന്ദർശനം നടത്തി ഇപ്പോഴുള്ള മെമ്പർഷിപ്പ് ഇരട്ടി ആക്കണം. ഇടവക തലത്തിൽ കുടുംബസംഗമങ്ങൾ നടത്തി 100 ദിന കർമ്മ പദ്ധതിക്ക് ആവശ്യമായ മുൻ ഒരുക്കങ്ങൾ നടത്തണം. ഇടവകയുടെ കുടുംബകൂട്ടായ്മ - വാർഡ് - യൂണിറ്റ് തലത്തിൽ സംഘടനകൾക്ക് കോർഡിനേറ്റർമാർ ഉണ്ടാകണം. സംഘടന പ്രവർത്തനങ്ങൾ താഴെതട്ടിൽ എത്തിക്കാനും അതുവഴി എല്ലാ കുടുംബങ്ങളിലും ആത്മീയ ഉണർവ്വ് പകരാൻ 100 ദിന കർമ്മ പദ്ധതി ഇടയാക്കണം.

### നന്ദിയുടെ ഒരു വാക്ക്

കഴിഞ്ഞ രണ്ടു വർഷക്കാലം സംഘടനയ്ക്ക് നേതൃത്വം കൊടുത്ത ഡയറക്ടർ അച്ചന്മാർ, ആനിമേറ്റർ സിസ്റ്റർമാർ, വിവിധ ഭാരവാഹികൾ എന്നിവർക്ക് പുതിയ ഭരണസമിതിയുടെ നന്ദി അർപ്പിക്കുകയും, തുടർന്നും സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ആത്മാർത്ഥമായ സഹകരണങ്ങളും നേതൃത്വവും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവർക്കും അഭിനന്ദനങ്ങൾ...

## പ്രോലൈഫ് പ്രോഗ്രാം

### അഖണ്ഡ പ്രോലൈഫ് ജപമാലയും ദിവ്യകാരുണ്യ ആരാധനയും വി. കുർബാനയും

എല്ലാ മാസവും 4-ാം വെള്ളിയാഴ്ച രാവിലെ 9:45 മുതൽ 1:30 വരെ പതിവായി നടത്തുന്നു. പ്രശസ്ത മരിയൻ തീർത്ഥാടന ദൈവാലയമായ പാറേൽ സെന്റ് മേരീസ് പള്ളിയിൽ. ആദ്യ പ്രാർത്ഥന ഫെബ്രുവരി 22 വെള്ളി - മാർ തോമസ് തറയിൽ സന്ദേശം നൽകുന്നു. ഫെബ്രുവരി 22 ആരാധനയ്ക്കുശേഷം ഇടവക പ്രോലൈഫ് കോ-ഓർഡിനേറ്റർമാരുടെ സമ്മേളനം ഉണ്ടായിരിക്കും. ഫെബ്രുവരി 24 ന് ഇടവക സമർപ്പണ പ്രാർത്ഥനയ്ക്ക് ആവശ്യമായ ബാഡ്ജും പ്രാർത്ഥനയും നൽകുന്നതാണ്. ഇടവക ജീവൻ സേനാംഗങ്ങളുടെ ലിസ്റ്റ് അപ്പോൾ കൊണ്ടുവരേണ്ടതാണ്.

**ഇടവക ജീവൻ സേനാംഗങ്ങളുടെ സമർപ്പണ പ്രാർത്ഥന**

ഫെബ്രുവരി 24 ഞായറാഴ്ച രാവിലത്തെ വി. കുർബാനയ്ക്കുശേഷം ജീവൻ സേന അംഗങ്ങളുടെ സമർപ്പണ പ്രാർത്ഥന നടത്തേണ്ടതാണ്. അതിനകം ഇടവക ജീവൻ സേനാംഗങ്ങളുടെ ലിസ്റ്റ് പൂർത്തിയാക്കേണ്ടതാണ്. അതിൽ പ്രോലൈഫ് തല്പരരായ പ്രാർത്ഥിക്കുന്ന 10 അംഗങ്ങൾ, മാതൃവേദി, പിതൃവേദി, യുവദീപ്തി സംഘടനകളിൽ നിന്നും 2 അംഗങ്ങൾ വീതം, ബഹു. സിസ്റ്റേഴ്സിന്റെ പ്രതിനിധി, ഇടവക വാർഡ് തലത്തിൽനിന്നും 1 ആൾ വീതം ഉണ്ടായിരിക്കേണ്ടതാണ്. ഇതിൽനിന്ന് ഒരാളെ കോ-ഓർഡിനേറ്റർ ആയി കണ്ടെത്തി അവരെ 22 ന് പാറേൽ പള്ളിയിൽ അയയ്ക്കേണ്ടതാണ്.



## ആദരാഞ്ജലികൾ



**സി. ഇലക്റ്റാ എസ്. ഡി. (79)**
**(ചാച്ചിക്കുഞ്ഞ്)**
മരങ്ങാട്ടുപിള്ളി

ജനനം : 12.05.1939
മരണം : 03.10.2018



## ആദരാഞ്ജലികൾ



**സി. ബർത്തലൂമിയ എസ്.ഡി. (78)**
**(മാമ്മിക്കുട്ടി)**
വാളംപറമ്പിൽ, മുട്ടാർ

ജനനം : 26.08.1940
മരണം : 17.12.2018

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

അസംഘടിതരായ തൊഴിലാളികളെ ഒന്നിച്ചു നിർത്തി ഇടവകയോടും സഭയോടും ചേർന്ന് പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതയുടെ ഈ പ്രസ്ഥാനം ഏറെ ഭംഗിയായി മുന്നേറുന്നതിൽ നമുക്ക് അഭിമാനിക്കാം ഇതിൽ അംഗങ്ങളായ ഓരോ തൊഴിലാളികളെയും നന്ദിയൊടെ ഓർക്കുന്നു. പുതുവത്സരത്തിൽ ഓരോ ആഴ്ചയിലും ഒന്നിച്ചുകൂടുമ്പോൾ കൂടുതൽ നന്മ നിറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കുവാൻ നിങ്ങൾക്കാകട്ടെ.

**ഫാ. ജോസ് പുത്തൻചിറ**

**കെ.എൽ.എം സ്റ്റേറ്റ് എക്സിക്യൂട്ടിവ് സംഗമം.**

എറണാകുളം പി.ഓ.സി. യിൽ വച്ചുനടത്തപ്പെട്ട കെ.എൽ.എം. സ്റ്റേറ്റ് തല എക്സിക്യുട്ടീവ് സംഗമത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ അംഗം സംബന്ധിക്കുകയും ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.

**ആദരാഞ്ജലികൾ**

കുമരങ്കരി ഇടവകയിൽ ദേവമാതാ സംഘത്തിൽ അംഗമായ E.O. ജോസ് കാട്ടടി 26.12.2018 നിര്യാതനായി പരേതനെ പ്രാർത്ഥനയിൽ ഓർക്കാം. കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

**മരണാനന്തര സഹായ നിധി.**

കോട്ടാങ്ങൽ സെന്റ് ജോൺസ് ഇടവകാംഗവും ചാവറ സംഘത്തിലെ അംഗവുമായിരുന്ന പരേതനായ ഇ.വി. വർഗീസ് ഇലവുങ്കലിന്റെ കുടുംബത്തിന് 7.1.19 – ൽ K.L.M മരണാനന്തര സഹായ നിധി ആയ 1,12,500/ രൂപാ ഇടവക വികാരി ഫാ.ഷാജി അമ്പലത്തിങ്കലിന്റെ സാന്നിധ്യത്തിൽ ഫാ.ജോസ് പുത്തൻചിറ കൈമാറി.

**വാർഷികാഘോഷങ്ങൾ**

വെളിയനാട് സെന്റ് സേവ്യർ യൂണിറ്റിന്റെ കുടുംബ സംഗമവും വാർഷികാഘോഷവും 30.12.2018 ൽ നടത്തപ്പെട്ടു. 01.01.2019 ൽ തൃക്കൊടിത്താനം സെന്റ് ആന്റണീസ് യൂണിറ്റിന്റെ വാർഷിക ആഘോഷവും, 12.01.2019 ൽ നാലുകോടി മദർ തെരേസാ സംഘത്തിന്റെ വാർഷിക ആഘോഷവും നടത്തപ്പെട്ടു.

**യൂണിറ്റ് സന്ദർശനം**

മാമ്മൂട് യുണിറ്റിലെ സെന്റ് പീറ്റേഴ്സ് S.H.G, അസംപഷൻ യുണിറ്റിലെ അസംപഷൻ S.H.G, തോട്ടയ്ക്കാട് യൂണിറ്റിലെ സെന്റ് ജൂഡ് S.H.G, ചങ്ങങ്കരി സെന്റ് ജോസഫ് S.H.G എന്നീ സംഘങ്ങൾ സന്ദർശിച്ചു നിർദ്ദേശങ്ങൾ നല്കി.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ജനുവരി മാസത്തിൽ ക്രമീകരിക്കപ്പെട്ട ലിറ്റർജിക്കൽ ക്വിസ്, സംഗീത മത്സരം എന്നിവയ്ക്കു നൽകിയ പ്രോത്സഹനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. സമ്മാനങ്ങൾ സ്പോൺസർ ചെയ്തവരെയും നന്ദിയോടെ ഓർക്കുന്നു. വിജയികളായവരെ പ്രത്യേകം അനുമോദിക്കുന്നു. സത്യദർശനത്തിലൂടെ ഈ വർഷത്തെ പഠനവിഷയം **വചനം ജീവിതവെളിച്ചം** കുടുംബക്കൂട്ടായ്മയിൽ പഠനത്തിനായി നൽകുന്നുണ്ട്. അത് പ്രബോധനത്തിനായി ഉപയോഗിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിയ്ക്കുന്നു. കുടുംബക്കൂട്ടായ്മാ വിഭാഗവും ജീവ കാരുണ്യട്രസ്റ്റും സംയുക്തമായി നടത്തിയ കുടുംബ വിവരശേഖരണത്തിലും കളർ എ ഹോം ഫണ്ടു സമാഹരണത്തിലും സഹകരിച്ച എല്ലാ ലീഡേഴ്സിനും നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം
**ജെന്നിയച്ചൻ**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### കുടുംബക്കൂട്ടായ്മാ സെൻട്രൽ കമ്മിറ്റി മീറ്റിംഗ്

കുടുംബക്കൂട്ടായ്മാ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് 2019 ജനുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് കൂടുകയുണ്ടായി. 2019 ജനുവരി 12 ന് നടക്കേണ്ട ലിറ്റർജിക്കൽ ക്വിസ്, സംഗീതമത്സരം, ലോഗോസ് അവാർഡ് ദാനം എന്നിവയുടെ നടത്തിപ്പുസംബന്ധിച്ച ക്രമീകരണങ്ങൾ ചെയ്തു. ഡയറക്ടർ റവ. ഫാ ജെന്നി കായംകുളത്തുശ്ശേരി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

### ലിറ്റർജിക്കൽ ക്വിസ് 2018

2019 ജനുവരി 12-ാം തീയതി രാവിലെ 9:30 ന് മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് ലിറ്റർജിക്കൽ ക്വിസ് മത്സരം നടത്തുകയുണ്ടായി. ശ്രീ. ലാലി ഇളപ്പുങ്കൽ സ്വാഗതം ആശംസിച്ചു. തുടർന്ന് വികാരി ജനറാൾ വെരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ മത്സരം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വിവിധ ഇടവകകളിൽ നിന്നായി 54 ടീം പങ്കെടുത്തു. റവ. ഫാ. ഫിലിപ്പോസ് കാപ്പിത്തോട്ടം ക്വിസ് മാസ്റ്ററായിരുന്നു. വിജയികൾക്ക് വികാരി ജനറാൾ വെരി. റവ. ഡോ. ഫിലിപ്പ്സ് വടക്കെക്കളം ട്രോഫികളും ക്യാഷ് അവാർഡുകളും നൽകി ആദരിച്ചു.

| | | |
|---|---|---|
| 1st | - | ശ്രീ. സിജോ വർഗ്ഗീസ് വേണാട്ടുശ്ശേരി, സെന്റ് മേരീസ് പാറേൽ |
| 2nd | - | ശ്രീമതി ആശാ ജയ്സൺ കല്ലുകളം, സെന്റ് മേരീസ് പാറേൽ |
| 3rd | - | ശ്രീമതി വത്സമ്മ സ്കറിയ അമ്പലത്തട്ടിൽ, സെന്റ് ജോർജ്ജ് തോട്ടയ്ക്കാട് |
| 4th | - | ശ്രീമതി നിധി ആന്റൺ കൈലാത്ത്, ലൂർദ്ദ് മാതാ മാമ്മൂട് |
| 5th | - | ശ്രീ. സിബിച്ചൻ പറപ്പള്ളി, സെന്റ് ജോസഫ് കായൽപ്പുറം |

## LITURGICAL QUIZ   SPONSORS LIST

**Liturgical Quiz 1st** - Trophy Sponsored by Edimannickal Jewellers, Changanacherry

*Cash Award Sponsored by C M C Holy Queens Provincial House, Changanacherry*

**Liturgical Quiz 2nd** - Trophy Sponsored by Puthenchirayil Family Kayalpuram in memory of Late Mr. P.J. Thomas & Silvikutty

*Cash Award Sponsored by S.H St. Mathews Provincial House, Changanacherry*

**Liturgical Quiz 3rd** - Trophy Sponsored by Kallarackal Family Kumarakom in memory of Late Mr. Ousepchan Kallarackal

*Cash Award Sponsored by S.A.B. S Rita Bhavan Provincial House, Koothrapally*

**Liturgical Quiz 4th** - Trophy Sponsored by Chooravady Family Pullangady in memory of Late Mr. Chacko Joseph & Mrs. Thresiamma Joseph

*Cash Award Sponsored by Mr. E.J. Joseph Elappumkal, Madappally*

**Liturgical Quiz- 5th** - Trophy Sponsored by J C C Artwork, Thuruthy
Cash Award Sponsored by Mr. Antony Thomas Malayil, Veroor

**സംഗീത മത്സരം**

ജനുവരി 12–ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് സംഗീത മത്സരം നടത്തുകയുണ്ടായി. വിവിധ ഫൊറോനകളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. മത്സര വിധികർത്താക്കളായി എത്തിയ റവ. ഫാ. തോമസ് തൈക്കാട്ടുശ്ശേരി, റവ. സി. കാരുണ്യാ സി.എം.സി, ബ്രദർ നവീൻ പ്ലാക്കാലിൽ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. വിജയികൾക്ക് ചാൻസിലർ വെരി. റവ. ഡോ. ഐസക് ആലഞ്ചേരി ട്രോഫികളും ക്യാഷ് അവാർഡുകളും നൽകി ആദരിച്ചു. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരിയും, അതിരൂപതാ ടീമും പരിപാടികൾക്ക് നേതൃത്വം നൽകി.

ഒന്നാം സ്ഥാനം – സെന്റ് മേരീസ് വടക്കേക്കര
Cash Award Sponsored by Viola Nelson Kollam

രണ്ടാം സ്ഥാനം – മാർ സ്ലീവാ പഴവങ്ങാടി
Cash Award Sponsored by Binu Joseph Adoor

മൂന്നാം സ്ഥാനം – സെന്റ് തോമസ് നാല്പ്പാത്തിമല
Cash Award Sponsored by Shaji Paul Upputtil, Alappuzha

**All Trophies Sponsored by FCC Devamatha Province Changanacherry**

**ലോഗോസ് 2018 അവാർഡുകൾ**

Logos Quiz 1st - in Registration - St. Xavier's Forane Church, Thrikodithanam
*Trophy Sponsored by St. Mary's Forane Church, Athirampuzha in memory of Rev. Fr. Thomas Manalil, Ahirampuzha*

Logos Quiz 2nd - in Registration – St. Antony's Forane church, Kurumpanadom
Trophy Sponsored by Kainady Constructions, Kainady

Logos Quiz 3rd - in Registration – St. Joseph's Veroor
*Trophy Sponsored by Purackal Family in memory of Rev.Fr. John Purackal*

Logos Family - Mr. Sabu Kizhakkenalloor & Family ,Lourde Matha, Paipadu
*Trophy Sponsored by Pattara Family Muhamma in memory of Late Mr&Mrs P.V. Chandy*

സൺഡേസ്കൂൾ കുട്ടികൾക്കാനുപാദികമായി അതിരൂപതയിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ചതിനുള്ള റവ. ഫാ. ജേക്കബ് നെല്ലിക്കുന്നത്ത് ട്രോഫി കരസ്ഥമാക്കിയ ഇടവക-**സെന്റ് ആന്റണീസ് പാദുവാപുരം, ആലപ്പുഴ.**

കുടുംബങ്ങൾക്കാനുപാധികമായി ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിനുള്ള ട്രോഫി കരസ്ഥമാക്കിയ ഇടവക-**സെന്റ് ആന്റണീസ് ചീപ്പുങ്കൽ.**

രജിസ്ട്രേഷനാനുപാധികമായി ഏറ്റവും കൂടുതൽ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയതിനുള്ള കെ.എസ്. അബ്രാഹം കണ്ടംപറമ്പിൽ മെമ്മോറിയൽ ട്രോഫി കരസ്ഥമാക്കിയ ഇടവക - **സെന്റ് ആന്റണീസ് പുതുപ്പള്ളി.**

**ഹോം മിഷൻ**

2019 ജനുവരി 14 മുതൽ 18 വരെ സെന്റ് സെബാസ്റ്റ്യൻ അയർകുന്നം ഇടവകയിൽ സി.എം.സി, എഫ്.സി.സി, എസ്. എ. ബി.എസ്, എഫ്. ഡി. എസ്. എച്ച്. ജെ, എസ്. എച്ച് എന്നീ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തുകയുണ്ടായി. എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം വഹിച്ച ബഹു. വികാരിയച്ചനേയും, കൊച്ചച്ചനേയും, സിസ്റ്റേഴ്സിനേയും, കൂട്ടായ്മാ ലീഡേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

## അറിയിപ്പുകൾ

**ലോഗോസ് ക്വിസ് സർട്ടിഫിക്കറ്റ്**

ലോഗോസ് ക്വിസ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഇനിയും കൊണ്ടുപോകാനുള്ളവർ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

**പ്രേഷിത സംഗമം**

അതിരൂപതാ ബൈബിൾ കൺവൻഷനൊരുക്കമായി ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ സംഗമം ഫെബ്രുവരി 23-ാം തീയതി രാവിലെ 9:30 മുതൽ 12 വരെ പാറേൽ അമല തിയോളജിക്കൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. പ്രസ്തുത ഫൊറോനകളിലെ എല്ലാ ലീഡേഴ്സും ഈ സംഗമത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഓരോ ഇടവകയിലും പുതിയ ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് നടക്കുന്ന സമയമാണല്ലോ. ചെറുപ്പക്കാരായുള്ള നല്ല ലീഡേഴ്സിനെ നേതൃനിരയിലേയ്ക്ക് കൊണ്ടുവരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.


**അതിരൂപതാ ബൈബിൾ കൺവൻഷൻ**

അതിരൂപതാ ബൈബിൾ കൺവൻഷൻ 2019 മാർച്ച് 5 മുതൽ 9 വരെ പാറേൽപള്ളി അങ്കണത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സമയം: രാവിലെ 9 മുതൽ 4 വരെയും വൈകുന്നേരം 4:30 മുതൽ 9 മണിവരേയും. ഈ ദിവസങ്ങളിൽ ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ ദൈവാലയങ്ങളിൽ മറ്റ് ധ്യാന പരിപാടികൾ നടത്താതിരിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

# സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ

*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*



**പഠനവിഷയം: വചനം ജീവിതവെളിച്ചം.**

**ഫെബ്രുവരി**

| | |
|---|---|
| 1 | ജോഷ്വ 19 - 21 |
| 2 | ജോഷ്വ 22-24 |
| 3 | ന്യായ 1- 3 |
| 4 | ന്യായ 4-6 |
| 5 | ന്യായ 7-9 |
| 6 | ന്യായ 10-12 |
| 7 | ന്യായ 13-15 |
| 8 | ന്യായ 16-18 |
| 9 | ന്യായ 19-21 |
| 10 | റൂത്ത് 1-4 |
| 11 | 1 സാമു 1-4 |
| 12 | 1 സാമു 5-8 |
| 13 | 1 സാമു 9-12 |
| 14 | 1 സാമു 13-14 |
| 15 | 1 സാമു 15-17 |
| 16 | 1 സാമു 18-20 |
| 17 | 1 സാമു 21-24 |
| 18 | 1 സാമു 25-27 |
| 19 | 1 സാമു 28-31 |
| 20 | 2 സാമു 1-3 |
| 21 | 2 സാമു 4-7 |
| 22 | 2 സാമു 8-12 |
| 23 | 2 സാമു 13-15 |
| 24 | 2 സാമു 16-18 |
| 25 | 2 സാമു 19-21 |
| 26 | 2 സാമു 22-24 |
| 27 | 1 രാജാ. 1-3 |
| 28 | 1 രാജാ. 4-6 |

**മാർച്ച്**

| | |
|---|---|
| 1 | 1 രാജാ. 7-9 |
| 2 | 1 രാജാ. 10-11 |
| 3 | 1 രാജാ. 12-14 |
| 4 | 1 രാജാ. 15-17 |
| 5 | 1 രാജാ. 18-20 |
| 6 | 1 രാജാ. 21-22 |
| 7 | 2 രാജാ. 1-3 |
| 8 | 2 രാജാ. 4-6 |
| 9 | 2 രാജാ. 7-8 |
| 10 | 2 രാജാ. 9-11 |
| 11 | 2 രാജാ. 12-14 |
| 12 | 2 രാജാ. 15-17 |
| 13 | 2 രാജാ. 18-19 |
| 14 | 2 രാജാ. 20-22 |
| 15 | 2 രാജാ. 23-25 |
| 16 | 1 ദിന. 1-3 |
| 17 | 1 ദിന. 4-5 |
| 18 | 1 ദിന. 6-7 |
| 19 | 1 ദിന. 8-10 |
| 20 | 1 ദിന. 11-14 |
| 21 | 1 ദിന. 15-17 |
| 22 | 1 ദിന. 18-20 |
| 23 | 1 ദിന. 21-23 |
| 24 | 1 ദിന. 24-26 |
| 25 | 1 ദിന. 27-29 |
| 26 | 2 ദിന. 1-5 |
| 27 | 2 ദിന. 6-9 |
| 28 | 2 ദിന. 10-13 |
| 29 | 2 ദിന. 14-18 |
| 30 | 2 ദിന. 19-21 |
| 31 | 2 ദിന. 22-25 |

# പഞ്ചവത്സര അജപാലന പദ്ധതി

പഞ്ചവത്സര അജപാലന പദ്ധതിയുടെ രണ്ടാം വർഷത്തിലെ പ്രത്യേക പഠന വിഷയം വചനം ജീവിതവെളിച്ചം (ദൈവവചനം - വി. പാരമ്പര്യവും വി. ഗ്രന്ഥവും) എന്നതാണല്ലോ. ഈ വിഷയത്തിന്റെ അടിസ്ഥാന വിവരങ്ങൾ ചേർത്തു കൊണ്ടുള്ള 'പഠനസഹായി ഗ്രന്ഥം' 2019 ഫെബ്രുവരി 10-ാം തീയതി മുതൽ അതിരൂപതാ കുടുംബകൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അതിരൂപതാ, ഫൊറോന, ഇടവക, കൂട്ടായ്മാ തലങ്ങളിൽ ഈ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട ബോധവത്കരണങ്ങൾ നൽകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. സത്യദർശനം മാസികയിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന ലേഖനം അതാതു മാസത്തെ കുടുംബകൂട്ടായ്മകളിൽ പഠന വിഷയമാക്കുകയും ചെയ്യാവുന്നതാണ്.

ദനഹാ കാലത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ട അജപാലന മേഖലയായ 'കൂട്ടായ്മ' യുമായി ബന്ധപ്പെട്ട് ഈ വർഷം നടപ്പിലാക്കാവുന്ന കാര്യങ്ങൾ, ഡിസംബർ മാസത്തെ മദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിച്ചിരുന്നത് ഒരിക്കൽകൂടി താഴെ ചേർക്കുന്നു.

**ദനഹാക്കാലം - കൂട്ടായ്മ**

1. പഞ്ചവത്സര അജപാലനപദ്ധതിയുടെ ദ്വിതീയ വർഷത്തിലെ പഠനവിഷയവും ഇതര കാലികപ്രസക്തിയുള്ള വിഷയങ്ങളും സംബന്ധിച്ച് സത്യദർശനത്തിൽ ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന പഠനസഹായി ഉപയോഗപ്പെടുത്തി കുടുംബക്കൂട്ടായ്കളിൽ പ്രബോധനങ്ങളും ചർച്ചകളും നടത്തുക.
2. ഇടവകയിലെ കുടുംബപ്രശ്നങ്ങൾ, അതിർത്തിതർക്കങ്ങൾ എന്നിവയൊക്കെ പരിഹരിക്കാൻ പാരീഷ്കൗൺസിൽ, മതാധ്യാപകർ, കുടുംബകൂട്ടായ്മ ലീഡേഴ്സ് എന്നിവരിൽനിന്നു തിരഞ്ഞെടുത്തവരെ ചേർത്ത് ഒരു മധ്യസ്ഥടീം (അനുരഞ്ജന കമ്മിറ്റി) ഉണ്ടാക്കി വേണ്ടവിധം പ്രവർത്തനങ്ങൾ നടത്തുക. ലഹരിവിമുക്ത കൗൺസിലിംഗ് സംവിധാനം എല്ലാ ഫൊറോനകളിലും ആരംഭിക്കുക.
3. ഓരോ ഇടവകയിലും ഇടവക ഡയറക്ടറി തയ്യാറാക്കുക
4. ഇടവകയിൽനിന്നും വ്യക്തികളെ തിരഞ്ഞെടുത്ത് ബൈബിൾ, ദൈവശാസ്ത്രം എന്നിവ പഠിപ്പിക്കാൻ ശ്രദ്ധിക്കുക. ഇവരുടെ നേതൃത്വത്തിൽ കുടുംബ കൂട്ടായ്മ ശക്തിപ്പെടുത്തുക.
5. കത്തോലിക്കാവിശ്വാസത്തിന്റെ അനന്യതയും ശ്രേഷ്ഠതയും നമ്മുടെ ജനത്തെ പഠിപ്പിക്കുക. ഒപ്പം ഇടവകാതിർത്തിയിലുള്ള ഇതരമതസ്ഥരും അകത്തോലിക്കരുമായുള്ള ബന്ധം വളർത്തുന്നതിന് വിശേഷദിനങ്ങോളടനുബന്ധിച്ച് കൂട്ടായ്മകൾ സംഘടിപ്പിക്കുകയും സാമൂഹ്യവിഷയങ്ങളിൽ ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. വർഗീസ് താനമാവുങ്കൽ**
*(കോർഡിനേറ്റർ, പഞ്ചവത്സര അജപാലന പദ്ധതി)*

DCMS

**ദലിത് കത്തോലിക്കാ മഹാജനസഭ**

# D.C.M.S.
# സംയുക്ത ജനറൽ കൗൺസിൽയോഗം

1. D.C.M.S. അതിരൂപതാ 5-ാമതു സംയുക്ത കൗൺസിൽ യോഗം 6.1.2019 ഞായറാഴ്ച 2 പി.എം.ന് പാസ്റ്ററൽ സെന്റർ ഹാളിൽ നടന്നു. അതിരൂപതാ പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ചു ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും, റിപ്പോർട്ടും അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് സിജോ ജേക്കബ് കൃതജ്ഞത പറഞ്ഞു.

2. **വിദ്യാഭ്യാസ സെമിനാറും മെറിറ്റ് ഈവനിംഗും**

അതിരൂപതാ D.C.M.S., D.C.Y.L. എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിദ്യാഭ്യാസ സെമിനാറും, മെറിറ്റ് ഈവനിംഗും 2019 ജനുവരി 19 നു ഉച്ച കഴിഞ്ഞു 1:30 മുതൽ പാസ്റ്ററൽ സെന്ററിൽ നടന്നു. വിദ്യാഭ്യാസ രംഗത്ത് കുട്ടികളെ മികവുറ്റരാക്കുക എന്ന ലക്ഷ്യത്തോടുകൂടി D.C.M.S. ന്റെയും യുവജന വിഭാഗമായി D.C.Y.L. ന്റെയും നേതൃത്വത്തിൽ കഴിഞ്ഞ 36 വർഷമായി നൽകിവരുന്ന സ്കോളർഷിപ്പുകൾ, ഈ കഴിഞ്ഞ അദ്ധ്യയന വർഷം S.S.L.C., +2, DG, PG തലങ്ങളിൽ ഉന്നതവിജയം കൈവരിച്ച കുട്ടികൾക്ക് D.C.Y.L., K.C.B.C., S.D.V.S. (സീറോ മലബാർ ദലിത് വികാസ് സൊസൈറ്റി) എന്നിവയുടെയും സ്കോളർഷിപ്പുകൾ സെമിനാറിനോടനുബന്ധിച്ചു വിതരണം ചെയ്തു. പൊതുസമ്മേളനം അഭി. പിതാവു മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ആമുഖപ്രസംഗം നടത്തി. പ്രസിഡന്റു ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ഡി. ഷാജ്കുമാർ (സംസ്ഥാന ഡയറക്ടർ D.C.M.S.) മുഖ്യപ്രഭാഷണവും S.D.V.S. വൈസ് പ്രസിഡന്റ് ശ്രീ. ജോർജ് ജേക്കബ് ആശംസയും നേർന്നു. റവ. ഫാ. ഡി. ഷാജ് കുമാർ വിദ്യാഭ്യാസം 'ശക്തിയും ബലവും' എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും പ്രസിഡന്റു ഷൈജു ജോസഫ് നന്ദിയും രേഖപ്പെടുത്തി.

3. **ഫാമിലി കാർഡ് വിതരണം**

D.C.M.S. സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപതകളിലെ യൂണിറ്റുകളിൽ മെമ്പർഷിപ്പുള്ള കുടുംബങ്ങൾക്ക് ഫാമിലി കാർഡു നൽകുന്നു. ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ നടത്തപ്പെടുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**മാത്യു ജോസഫ്**
*(ജ. സെക്രട്ടറി)*

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
*(ഡയറക്ടർ)*

## പ്രഥമ ചാവറ തീർത്ഥാടനം

യുവദീപ്തി-എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 29 ശനിയാഴ്ച കുടമാളൂർ ഫൊറോനാ പള്ളിയിൽ നിന്നും മാന്താനത്ത് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലീയാസ്സച്ചന്റെ കബറിടത്തിലേക്ക് പ്രഥമ തീർത്ഥാടനം നടത്തി. രാവിലെ 11 മണിക്ക് ആരംഭിച്ച തീർത്ഥാടനം ഫൊറോനാ വികാരി വെരി. റവ. ഫാ. എബ്രഹാം വെട്ടുവയലിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു എന്നിവർ പ്രസംഗിച്ചു. ഫൊറോനാ വികാരിയിൽനിന്നും യുവദീപ്തി പതാക ഏറ്റുവാങ്ങിക്കൊണ്ട് തീർത്ഥാടനം ആരംഭിച്ചു. മാന്താനത്ത് എത്തിചേർന്നപ്പോൾ തീർത്ഥാടനത്തെ ഫാ. സ്കറിയാ എതിരേറ്റ് സി.എം.ഐ. (പ്രിയോർ) യും മറ്റു വൈദികരും ചേർന്ന് സ്വീകരിച്ചു. അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് സന്ദേശം നൽകി. തുടർന്ന് പെരിയ ബഹുമാനപ്പെട്ട ജനറാൾ അച്ചന്റെയും അതിരൂപതാ ഡയറക്ടറച്ചന്റെയും കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം തീർത്ഥാടകർക്കെല്ലാം നേർച്ചഭക്ഷണം നൽകി. അഖിൽ ജോർജ് ചാക്കോ, ലാലിച്ചൻ മറ്റത്തിൽ, ടോണി മണിമലപറമ്പിൽ, ബ്രദർ ഹെൻഡ്രി, റോസ് മരിയ സെബാസ്റ്റ്യൻ, സിറിയക് തോമസ്, നീനാ ചെറിയാൻ അഞ്ജലി പി. തോമസ്, ശ്യാം കെ. ജോസഫ്, സെബിൻ മാത്യു, ജോർജ് സെബാസ്റ്റ്യൻ, സിനോയി മാത്യു, അശ്വിൻ ജോർജ്, ബോണി ലിയോ തോമസ്, ജിബിൻ കെ. മാത്യു, ടോണി മൈക്കിൾ, ജസ്റ്റിൻ ജോർജ്, അഞ്ജു മരിയ തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## 2019 പ്രവർത്തന വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പുകൾ

യൂണിറ്റ്, ഫൊറോനാ, അതിരൂപതാ തെരഞ്ഞെടുപ്പുകൾ

### യൂണിറ്റ് തെരഞ്ഞെടുപ്പുകൾ

2019 ജനുവരി 13,20,27 തീയതികളിൽ

### ഫൊറോനാ തെരഞ്ഞെടുപ്പുകൾ 2019

ഫെബ്രുവരി 9, 10, 17

### അതിരൂപതാ തെരഞ്ഞെടുപ്പ്

2019 ഫെബ്രുവരി 23, 24 (ശനി, ഞായർ)
സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം, കോട്ടയം

## 2019 - ഫെബ്രുവരി മാസത്തെ പരിപാടികൾ

| | | |
|---|---|---|
| ഫെബ്രുവരി 2 ശനി | - | യൂണിറ്റ് ഇലക്ഷനുകൾ |
| ഫെബ്രുവരി 3 ഞായർ | - | നേതൃത്വ പരിശീലന സെമിനാർ പാസ്റ്ററൽ സെന്റർ |
| ഫെബ്രുവരി 9 | - | ഫൊറോനാ തെരഞ്ഞെടുപ്പുകൾ |
| ഫെബ്രുവരി 10 | - | ഫൊറോനാ തെരഞ്ഞെടുപ്പുകൾ |
| ഫെബ്രുവരി 16 | - | ഫൊറോനാ തെരഞ്ഞെടുപ്പുകൾ |
| ഫെബ്രുവരി 17 | - | ഫൊറോനാ തെരഞ്ഞെടുപ്പുകൾ |
| ഫെബ്രുവരി 23, 24 | - | അതിരൂപതാ തെരഞ്ഞെടുപ്പ് |

**സ്പിരിച്ച്വാലിറ്റി സെന്റർ കോട്ടയം:** 23 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ഇലക്ഷൻ ക്യാമ്പ് ആരംഭിച്ച് 24 ന് ഉച്ചയ്ക്കുശേഷം 3:30 ന് സമാപിക്കും. ഫൊറോനകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റ്, ഡെപ്യൂട്ടി പ്രസിഡന്റ് ജനറൽ സെക്രട്ടറി, രണ്ടു സിൻഡിക്കേറ്റ് അംഗങ്ങൾ (A & B)0 1എന്നിവർ ക്യാമ്പിൽ പങ്കടുക്കേണ്ടതാണ്.

സ്നേഹപുർവ്വം

**ഫാ. ജേക്കബ് ചക്കാത്ര**

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ 2019 ഫെബ്രുവരി മാസത്തിലെ പ്രോഗ്രാം

**2019 ഫെബ്രുവരി**

| | |
|---|---|
| 2 | കെ.സി.സി.ആർ.സി. കരിസ്മാറ്റിക് കമ്മീഷൻ അംഗങ്ങളുടെ സമ്മേളനം |
| 4-6 | വിവാഹ ഒരുക്ക ധ്യാനം |
| 9 | കരിസ്മാറ്റിക് കൂട്ടായ്മ |
| 8-10 | വിവാഹ ഒരുക്ക ധ്യാനം |
| 15-17 | വിവാഹ ഒരുക്ക ധ്യാനം |
| 20 | വിശ്വാസാഭിഷേകാരാധന നിശാരാധന (6 p.m. - 10 p.m.) |
| 21 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| 22 | ജാഗരണപ്രാർത്ഥന |
| 24-28 | വിശ്വാസാനുഭവ-ആന്തരികസൗഖ്യധ്യാനം (ഞായർ 5 p.m. - വ്യാഴം 2 p.m.) |

**ഫാ. മാത്യു താന്നിയത്ത്,**

*ഡയറക്ടർ*, 9446903631

ലിജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 787-ാമതും കൂരിയായുടെ 1027-ാമതും സമ്മേളനം വാർഷികമായി 30.12.2018 ൽ ഉച്ച കഴിഞ്ഞ് 2 പി.എം.ന് പാറേൽ ലിജിയൻ ഹാളിൽ വെച്ച് ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ ജോജോ പുതുവേലിന്റെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. ഏകദേശം 200 പേർ സന്നിഹിതരായിരുന്നു.

സഹോദരി വത്സമ്മ കൂട്ടുമ്മേൽ വൈസ് പ്രസിഡന്റ് പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്ക് നേതൃത്വം നൽകി. പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറ ജ്ഞാനവായന നിയമഗ്രന്ഥം വാർഷിക കൂട്ടായ്മ എന്ന ഭാഗം വായിച്ചു. സൈനികർ പരസ്പരം അറിയുവാനും ലിജിയൻ തറവാട്ടിൻ സ്നേഹവും ഐക്യവും പുലർത്തുവാനും മറ്റും ആയിട്ടാണ് വാർഷിക പൊതു കൂട്ടായ്മ നടത്തുന്നത്.

പാറേൽ അനുഗ്രഹമാതാ പ്രസീദിയം സഹോദരി മോളി മാത്യു ആലപിച്ച ഗാനത്തോടുകൂടി സമ്മേളനം ആരംഭിച്ചു. പ്രസിഡന്റ് വന്നിരുന്ന എല്ലാ സൈനികർക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു. സഹോദരി ജെമിനി സുരേഷ് സെക്രട്ടറി കമ്മീസിയം വാർഷിക റിപ്പോർട്ടു അവതരിപ്പിച്ചു. ബഹുമാനപ്പെട്ട ജോജോ അച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തി. ചീരഞ്ചിറ റോസാ മിസ്റ്റിയ്ക്കാ പ്രസീദിയം സഹോദരി ഏലമ്മ ജെയിംസ് നാഗത്തിൽ മനോഹരമായ ഒരു മാതാ ഭക്തി ഗാനം ആലപിച്ചു. തുടർന്ന് ബഹു. റെജി പുതുവീട്ടിൽക്കളം അച്ചൻ മുഖ്യ പ്രഭാഷണം നടത്തി. ലിജിയൻ ഓഫ് മേരി എന്ന ഭക്തസ്നേഹ കൂട്ടായ്മയിൽ അംഗങ്ങൾ ആയിരിക്കുക എന്നത് അഭിമാനത്തോടെ കരുതണം അച്ചൻ ഊന്നിപ്പറഞ്ഞു ലിജിയൻകാരെ കൂടി അത്ഭുതപ്പെടുത്തുന്ന രീതിയിൽ മാതാവിൽനിന്ന് തനിയ്ക്കുണ്ടായ വ്യക്തിപരമായ അനുഗ്രഹങ്ങളും പിന്നെ തീർത്ഥാടനകേന്ദ്രം പുനർനിർമ്മാണ ധനശേഖരണത്തിന് ബഹുമാനപ്പെട്ട ജോജോ അച്ചനുമായി ഇറങ്ങി പുറപ്പെട്ടപ്പോൾ ഉണ്ടായ അനുഗ്രഹങ്ങളും അത്ഭുതങ്ങളും അടയാളങ്ങളും ഒക്കെ അച്ചൻ വിശദീകരിച്ചു അതിനുശേഷം സ്തുതിപ്പും മദ്ധ്യസ്ഥ പ്രാർത്ഥനയും കൂട്ടി തന്റെ പ്രഭാഷണം അവസാനിപ്പിച്ചു. അനുഗ്രഹ ആശീർവാദവും നൽകി.

സെക്രട്ടറി ജെമിനി കണ്ണമ്പള്ളി എല്ലാ മരിയ ഭക്തർക്കും നന്ദി പറയുകയും ലിജിയന്റെ പ്രധാന ചടങ്ങുകൾക്ക് വരുമ്പോൾ വൈറ്റ് & ബ്ലൂ ഫുൾ യൂണിഫോമിൽ വരണമെന്ന് സൈനികരോട് ആവശ്യപ്പെടുകയും ചെയ്തു. ചെറിയൊരു സ്നേഹവിരുന്നും ഉണ്ടായിരുന്നു.

13.1.2019 ൽ ലിജിയൻ ഹാളിൽ വെച്ച് പതിവുപോലെയുള്ള ലിജിയന്റെ പ്രതിമാസ ഭാരവാഹികളുടെ സമ്മേളനം പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഇത് ചങ്ങനാശേരി കമ്മീസിയത്തിന്റെ 788-ാമതും കൂരിയായുടെ 1028-ാമതും സമ്മേളനം ആയിരുന്നു. പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രാരംഭപ്രാർത്ഥന ജപമാല, ജ്ഞാനവായന എന്നിവ നടത്തപ്പെട്ടു. മരിയൻ സൈന്യത്തിന്റെ ഉദ്ദേശ്യം ജീവിത വിശുദ്ധി പരിപോഷിപ്പിക്കുക എന്നതാണ്. മറ്റ് പ്രസ്ഥാനങ്ങളിൽ നിന്നും ലിജിയൻ വ്യത്യസ്ഥമാണ് ലിജിയന്റെ എല്ലാ സംഗതികൾക്കും നിയമ പ്രാബല്യം നൽകിയിരിക്കുന്നു. നിഷ്കർഷമായി അവയെല്ലാം അനുസരിയ്ക്കണമെന്ന് നിയമം അനുശാസിക്കുകയും ചെയ്യുന്നു. ചില പ്രത്യേക പ്രവർത്തനങ്ങൾ എന്നതിനേക്കാൾ ഒരു ജീവിത ക്രമമാണ് ലിജിയൻ അതിന്റെ അംഗങ്ങളുടെ മുമ്പിൽ വയ്ക്കുന്നത്.

ലിജിയൻ സമ്പ്രദായം അധിഷ്ഠിതമായിരിക്കുന്നുവോ അവയിൽ നിലനിൽപ്പും അഭിവൃദ്ധിയും ലിജിയൻ വാഗ്ദാനം ചെയ്യുന്നു. ക്രിസ്തീയ പരിപൂർണ്ണതയുടെ സമാഹാരം തന്നെയാണ് പ്രസ്തുത ഗുണവിശേഷങ്ങൾ അതായത് വിശ്വാസം, മരിയഭക്തി, നിർഭയം, ആത്മപരിത്യാഗം, സാഹോദര്യം, പ്രാർത്ഥനാശീലം, വിവേകം, ക്ഷമ, അനുസരണം, വിനയം പ്രസന്നത പ്രേക്ഷിത മനോഭാവങ്ങൾ മുതലായവ.

രക്ഷകന്റെ മാതാവ് തൃക്കൊടിത്താനം റോസറിമാതാ പൂമറ്റം എന്നീ പ്രസീദിയങ്ങൾ 2018-ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അടുത്തമാസം റിപ്പോർട്ട് അവതരിപ്പിയ്ക്കേണ്ട പ്രസീദിയങ്ങൾ:

തിരുഹൃദയനാഥ ചെത്തിപ്പുഴ
റോസാ മിസ്റ്റിയ്ക്കാ ചീരഞ്ചിറ
അനുഗ്രഹമാതാ പാറേൽ
കർമ്മലമാതാ പാറേൽ

അവസാന ജപവും ചൊല്ലി ചെറിയൊരു ചായ സത്കാരത്തിനുശേഷം ദൈവദാസൻ പ്രാങ്ക്ഡഫിനെ വിശുദ്ധനാകുവാനുള്ള പ്രാർത്ഥനയും ചൊല്ലി പരസ്പരം സ്തുതിയും കൊടുത്ത് അംഗങ്ങൾ സ്വഭവനങ്ങളിലേയ്ക്കു പോയി.

കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

## FORM IV

### Statement about ownership and other Particulars about Vedaprachara Madhyastan

| | | | |
|---|---|---|---|
| 1. | Place of Publication | : | Changanasserry |
| 2. | Periodically of its publication | : | Monthly |
| 3. | Printer and Publisher | : | Fr. Mathew Padinjarekuttu |
| | Address | : | St. Joseph Orphanage Press & Bookstall Changanasserry - 686 101 |
| 4. | Nationality | : | Indian |
| 5. | Editor's Name | : | Fr. Tom Puthenkalam |
| | Nationality | : | Indian |
| | Address | : | Archbishop's House, P. B. No. 20 Aramanapady, Changanasserry, Kottayam - 686101 |

6. Name and address of individuals who owned the newspaper an Partners of Shareholders holding more than one per cent of the total capital.

The Magazine being of official organ of the Archdiocese of Changanasserry, I, Fr. Mathew Padinjarekuttu hereby declare that the particulars given above are true to the best of my knowledge and belief.

*(Secular Franciscan Order - SFO)*
**''സമാധാനം – സൗഭാഗ്യം''**

പ്രിയ സഹോദരീ സഹോദരന്മാരെ,

പുത്തൻ ആവേശത്തോടും കൃത്യമായ തീരുമാനങ്ങളോടും കൂടി 2019 ലേക്ക് നമ്മൾ പ്രവേശിച്ചു കഴിഞ്ഞിരിക്കുകയാണല്ലോ. ദനഹാക്കാലത്തിന്റെ ചൈതന്യം നമ്മുടെ ഹൃദയത്തിൽ നിറച്ചുകൊണ്ട് പരിശുദ്ധാത്മാവിനാൽ നവീകരിക്കപ്പെട്ടുകൊണ്ട് നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും തീക്ഷ്ണതയോടെ ക്രമീകരിക്കാം.

നോമ്പുകാലം (സൗമാറമ്പാ–വലിയനോമ്പ്) ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് വലിയനോമ്പ് എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലഘട്ടത്തിന്റെ അടിസ്ഥാനം എങ്കിലും നാം സാധരണമായി അമ്പതു നോമ്പ് എന്നാണ് ഈ കാലത്തെ വിളിക്കുന്നത്. മാർത്തോമാ നസ്രാണികൾ ''പേത്തുർത്ത'' ഞായർ മുതൽ ഉയിർപ്പു തിരുനാൾ വരെ നോമ്പു നോക്കിയിരുന്നതാകാം അമ്പതു നോമ്പ് എന്നു പറയുവാനുള്ള കാരണം. പേത്തുർത്താ എന്ന സുറിയാനി പദത്തിന്റെ തിരിഞ്ഞുനോക്കൽ, അനുരഞ്ജനം എന്നൊക്കെയാണ്. അനുതാപത്തിനും, അനുരഞ്ജനത്തിനുമായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന കാലഘട്ടത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന നമുക്ക് അതിനായി ഒരുങ്ങാം.

### SFO ഭ്രാതൃത്വതല തെരഞ്ഞെടുപ്പും, യൂണിറ്റ് സന്ദർശനവും

SFO ചങ്ങനാശേരി അതിരൂപതയിലെ ഭ്രാതൃത്വതല തെരഞ്ഞെടുപ്പ് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇനിയും ആറു ഭ്രാതൃത്വങ്ങളുടെ തെരഞ്ഞെടുപ്പുകൾ ആണ് നടക്കേണ്ടിയിരിക്കുന്നത്. ജനുവരി ഫെബ്രുവരി മാസങ്ങളിലായി അതു പൂർത്തിയാക്കും. പ്രളയദുരന്തംമൂലം മാറ്റിവെയ്ക്കപ്പെട്ട തെരഞ്ഞെടുപ്പുകളാണ് പൂർത്തിയാക്കേണ്ടത്. ആ ഭ്രാതൃത്വങ്ങളിൽ ഞാനും SFO അതിരൂപതാ പ്രസിഡന്റു കൂടി യൂണിറ്റു സന്ദർശനം നടത്തി. തെരഞ്ഞെടുപ്പുകൾക്കായി ഒരുക്കിക്കൊണ്ടിരിക്കുന്നു. ഭ്രാതൃത്വ തെരഞ്ഞെടുപ്പുകൾ പൂർത്തിയായാലുടൻ റീജണൻ തെരഞ്ഞെടുപ്പും, അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടക്കും. റീജണൽ തെരഞ്ഞെടുപ്പ് SFO നാഷണൽ കൗൺസിലിന്റെ ഭാരവാഹികൾ വന്ന് നടത്തുന്നതായിരിക്കും. നല്ല നേതൃത്വ നിരകൾ ഉണ്ടാകുന്നതിനായി എല്ലാ അംഗങ്ങളും പ്രാർത്ഥിക്കുക. പിന്നീട് നോമ്പുകാലത്തിലെ പീഡാനുഭവപദയാത്രയ്ക്കായി എല്ലാവരും പ്രാർത്ഥിച്ച് ഒരുങ്ങുകയും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് SFO യുടെ പുതിയ വർഷത്തെ മുഴുവൻ പ്രവർത്തനങ്ങളെയും സ്നേഹനിധിയായ ദൈവത്തിന്റെ തൃക്കരങ്ങളിലേക്ക് സമർപ്പിക്കാം. കടന്നുവരുന്ന നോമ്പുകാലം ജീവിതനവീകരണത്തിനും പ്രത്യാശയ്ക്കും കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**റവ. ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

# പ്രവാസി അപ്പോസ്തലേറ്റ്

പ്രിയ പ്രവാസി സഹോദരങ്ങളെ,

ചങ്ങനാശ്ശേരി അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിൽ നിന്നും എല്ലാ ആശംസകളും പ്രാർത്ഥനയും നേരുന്നു.

ഈ വർഷത്തെ പ്രവർത്തനങ്ങളുടെ പ്രാരംഭമായി എല്ലാ ഇടവകകളിലേയ്ക്കുമുള്ള പ്രവാസി രജിസ്റ്റർ ബുക്കുകൾ അതിരൂപതാ പ്രവാസി ഓഫീസിൽ തയ്യാറാക്കിയിരിക്കുന്നു. അതിരൂപതാ പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ഫൊറോനാ തലത്തിലുള്ള പ്രവാസി സംഗമം ഓരോ ഫൊറോനായിലും നടത്തിവരുന്നു. മണിമല ഫൊറോനായിലെ പ്രവാസിസംഗമം ഫെബ്രുവരിമാസം 3-ാം തീയതി രാവിലെ 9 മണിക്ക് കരിമ്പനക്കുളം തിരുഹൃദയ ദൈവാലയത്തിൽ വെച്ചു നടത്തപ്പെടുന്നതാണ്.

പ്രവാസി അപ്പോസ്തലേറ്റിന്റെ സംരംഭമായ ആവേ മരിയ ഹോളിഡെയ്സ്, അസംപ്ഷൻ കോളേജ് വില്യം ഹാളിൽ വെച്ച് ജനുവരി മാസം 19-ാം തീയതി വിദേശ വിദ്യാഭ്യാസത്തെക്കുറിച്ച് ഏകദിന സെമിനാർ നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഈ സെമിനാർ ഉദ്ഘാടനം ചെയ്തു. പെരിയ ബഹുമാനപ്പെട്ട ജോസഫ് മുണ്ടകത്തിൽ അച്ചൻ അദ്ധ്യക്ഷപദം അലങ്കരിച്ചു. മിസിസ്സ് നൈസ്സി ബിനു വിദേശ ഉപരിപഠനത്തെകുറിച്ചും, ജോലി സാധ്യതകളെകുറിച്ചും ബോധവൽക്കരണ ക്ലാസു നയിച്ചു. ഡയറക്ടർ ഫാ. സണ്ണി പുത്തൻപുരയ്ക്കൽ, ആവേ മരിയ എം.ഡി. ശ്രീ. സെബാസ്റ്റ്യൻ പത്തിൽ, ഷെവ സിബി വാണിയപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നുള്ള ഇരുന്നൂറോളം വിദ്യാർത്ഥികൾ ഈ സെമിനാറിൽ പങ്കെടുത്തു.

അതിരൂപതയിലെ വിശ്രമജീവിതം നയിക്കുന്ന ബഹുമാനപ്പെട്ട വൈദികരോടൊപ്പം 2019 ജനുവരി മാസം 1-ാം തീയതി പ്രവാസി അപ്പോസ്തലേറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ ഉച്ചഭക്ഷണം പങ്കുവെച്ച് പുതുവത്സരം ആഘോഷിച്ചു. പുതുവത്സര സമ്മാനമായി ഒരു ടെലിവിഷനും നൽകുകയുണ്ടായി.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

ബഹു. അച്ചാ/സുഹൃത്തേ,

ചാസിൽനിന്നും ആശംസകൾ !!!

ഒരു പ്രവർത്തനവർഷത്തിന്റെ സമാപനഘട്ടത്തിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. അപ്രതീക്ഷിതമായി സംഭവിച്ച ജലപ്രളയം മൂലം ഈ വർഷം ആരംഭത്തിൽ യൂണിറ്റ്-മേഖല-കേന്ദ്രതലങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിച്ചിരുന്ന പല പരിപാടികളും കാര്യക്ഷമമായി മുമ്പോട്ടുപോയില്ല. എങ്കിലും, കുട്ടനാടൻ മേഖലയിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കാനും നിലവിലുള്ള യൂണിറ്റുകൾ സജീവമാക്കാനും കഴിഞ്ഞു. അതേസമയം മറ്റു മേഖലകളിൽ പ്രവർത്തനങ്ങൾ അല്പം പിന്നോട്ട് പോയി. നമ്മുടെ കോ-ഓർഡിനേറ്റേഴ്സ് കുട്ടനാട്ടിലെ വിവിധ പുനരധിവാസ പദ്ധതികളിൽ ശ്രദ്ധിക്കാൻ നിർബന്ധിതരായത് ഒരു പരിധിവരെ ഇതിനു കാരണമായി. പക്ഷേ ചാസിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചാൽ പാവപ്പെട്ടവരും സാധാരണക്കാരുമാണ് ഏറെ വിഷമം അനുഭവിക്കേണ്ടി വരുക. ആയതിനാൽ മേഖല-യൂണിറ്റ് സമിതികൾ കൂടുതൽ കാര്യക്ഷമമാകണം. നിലവിലുള്ള പൊതുപദ്ധതികൾ കൂടുതൽ ഫലപ്രദമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും പ്രാദേശികതലത്തിൽ കൂടുതൽ പദ്ധതികൾക്ക് രൂപം നൽകുകയും വേണം.

ചാസിന്റെ പൊതുപദ്ധതികൾ എന്തുദ്ദേശ്യത്തോടെയാണോ ആരംഭിച്ചത് അതനുസരിച്ചുതന്നെ മുമ്പോട്ട് കൊണ്ടുപോകണം. കണ്ണിചേരുന്ന ഗുണഭോക്താക്കൾ കേവലം ആനുകൂല്യങ്ങൾ സ്വീകരിക്കുന്നവരായിമാത്രം ചുരുങ്ങാനിടയാവരുത്. നൽകിയിട്ടുള്ള നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി പലപ്പോഴും അനർഹർക്കുപോലും ആനുകൂല്യങ്ങൾ നേടിക്കൊടുക്കാനുള്ള പ്രവണത ചില യൂണിറ്റുകളിൽ നിന്നെങ്കിലും ഉണ്ടാകുന്നത് തിരുത്തപ്പെടേണ്ടതാണ്. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ എല്ലാ മേഖലകളിലും PME ക്രമീകരിച്ചിട്ടുണ്ടെന്ന കാര്യം ഭാരവാഹികൾ ശ്രദ്ധിക്കുകയും നിർബന്ധമായും പങ്കെടുക്കാൻ ശ്രമിക്കുകയും വേണം.

ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതാപൂർവ്വം,

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

# അറിയിപ്പുകൾ

(1) **മേഖലാ PME**

| തീയതി | മേഖല |
|---|---|
| 05.02.2019 | എടത്വ |
| 16.02.2019 | ചമ്പക്കുളം |
| 22.02.2019 | പുളിംകുന്ന് |
| 23.02.2019 | അതിരമ്പുഴ |
| 25.02.2019 | കുറുമ്പനാടം |
| 26.02.2019 | നെടുംകുന്നം |
| 02.03.2019 | അമ്പൂരി |
| 05.03.2019 | ആലപ്പുഴ |
| 09.03.2019 | കൊല്ലം |
| 10.03.2019 | തുരുത്തി |
| 11.03.2019 | മണിമല |
| 12.03.2019 a.m. | ചങ്ങനാശ്ശേരി |
| 12.03.2019 p.m. | തൃക്കൊടിത്താനം |
| 16.03.2019 | കോട്ടയം |

**(2) വളർത്തുകൂട്ടം പദ്ധതിയിൽ മുട്ടക്കോഴിയും കോഴിക്കൂടും വിപണനത്തിന്**

സ്വയം തൊഴിൽ സംരംഭത്തിലൂടെ സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് വളർത്തുകൂട്ടം. ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വീട്ടുവളപ്പിൽത്തന്നെ ഉല്പ്പാദിപ്പിക്കുകയും, ആരോഗ്യപ്രദമായ മായം കലരാത്ത ഭക്ഷണം സംലഭ്യമാക്കുന്നതിന് സഹായിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ പദ്ധതിയിൽ കോഴിയും (B.V. 380 - ഇനത്തിൽപ്പെട്ട 45 ദിവസം പ്രായമുള്ളവ) കൂടും താഴെപ്പറയുന്ന നിരക്കിൽ ചാസിൽനിന്നും ലഭിക്കുന്നതാണ്.

| | | |
|---|---|---|
| * | 25 കോഴിയും കൂടും (മേൽക്കൂരയോടുകൂടിയത്) | Rs. 13,500/- |
| * | 25 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 11,750/- |
| * | 10 കോഴിയും കൂടും (മേൽക്കൂരയുള്ളത്) | Rs. 8,250/- |
| * | 10 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 6,250/- |
| * | 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 10,000/- |
| * | 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 8,000/- |
| * | 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 6,750/- |
| * | 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 4,750/- |
| (3) | **B.V. 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ്** (45 ദിവസം) | Rs. 160/- |
| * | നാടൻ കോഴിക്കുഞ്ഞുങ്ങൾ (45 ദിവസം) | Rs. 100/- |

*കൂടുതൽ വിവരങ്ങൾക്ക്* **ഫോൺ: 9539701153.**

**(3) വനിതാദിനാചരണം**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ചാസ് വനിതാ സ്വാശ്രയസംഘങ്ങളുടെ സംഗമം മാർച്ച് 7 വ്യാഴാഴ്ച പള്ളികൂട്ടുമ്മയിൽ വച്ച് ക്രമീകരിച്ചിരിക്കുന്നു. റാലി, പൊതുസമ്മേളനം, വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം, മത്സരങ്ങൾ എന്നിവയാണ് പ്രധാന പരിപാടികൾ. സംഘാംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

### ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2019 ജനുവരി** മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 400. റോസമ്മ മാത്യു | മാറാട്ടുകളം | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 401. കുഞ്ഞമ്മ മാത്യു | സെന്റ് ആന്റണീസ് | കായൽപ്പുറം | കുട്ടനാട് |
| 402. വത്സമ്മ മാത്യു | തേജസ് | മങ്കൊമ്പ് | കുട്ടനാട് |
| 403. ജയ ചാക്കോ | ഐശ്വര്യ | എടത്വാ | എടത്വാ |

**(2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം**

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 218. ജോസഫ് ചാക്കോ, കോട്ടയ്ക്കൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 219. സോഫിയാമ്മ, തോമസ് മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 220. എം. റ്റി. ചാക്കോ മാറാംകുഴിയിൽ | ചേപ്പുംപാറ | കോട്ടയം |
| 221. ഒ. എൽ. ആന്റണി കാട്ടിപ്പറമ്പിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 222. എബ്രഹാം ആന്റണി ചാമോത്ത് | തത്തംപള്ളി | ആലപ്പുഴ |
| 223. ആനിമ്മ ജോബ് വടക്കേമുറി | കുറുമ്പനാടം | കുറുമ്പനാടം |
| 224. കുട്ടിയമ്മ കാഞ്ഞിരംകാല | മുടിയൂർക്കര | കുടമാളൂർ |
| 225. പൊന്നപ്പൻപിള്ള കുഴിവിളപുത്തൻവീട് | ഫിൽഗിരി | കൊല്ലം |
| 226. ശാന്തമ്മ കൃഷ്ണൻകുട്ടി കൃഷ്ണവിലാസം | കൊടുപ്പുന്ന | എടത്വാ |
| 227. ഓമനക്കുട്ടൻ കാർത്തിക വിലാസം | നാൽപ്പാത്തിമല | അതിരമ്പുഴ |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 112. റോസമ്മ ജോസഫ് കല്ലുപുരയ്ക്കൽ | തത്തംപള്ളി | ആലപ്പുഴ |

**(3) ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ജനുവരി മാസം 24 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 49 അപേക്ഷകർക്ക് 86,800/- രൂപ നൽകി.

**(4) സേവ് എ ഫാമിലി പ്ലാൻ (SAFP)**

- 2019 ജനുവരി മാസം 1 കുടുബത്തിന് 10,000/- രൂപ സഹായധനം അനുവദിച്ചു.

## കേന്ദ്രവാർത്തകൾ

### കാൻസർ-കിഡ്നി രോഗികൾക്ക് കിറ്റ് വിതരണം

ചാസിന്റെ 101 യൂണിറ്റുകൾ നൽകിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ജാതിമതഭേദമന്യേ 905 കാൻസർ-കിഡ്നി രോഗികൾക്ക് 2019 ജനുവരി മാസം കിറ്റ് വിതരണം ചെയ്തു. തുണിത്തരങ്ങൾ, പാത്രങ്ങൾ, ബക്കറ്റ്, പായ്, ചെരുപ്പ് തുടങ്ങിയവയടങ്ങിയ കിറ്റാണ് വിതരണം ചെയ്തത്.

### സോളാർ ലാമ്പ് വിതരണം

കുട്ടനാട് മേഖലയിലെ കാൻസർ-കിഡ്നി രോഗബാധിതരായ 110 പേർക്ക് 2018 ഡിസംബർ മാസം സോളാർ ലാമ്പ് വിതരണം ചെയതു.

**ഫലവൃക്ഷതൈവിതരണം**

ഗുണനിലവാരമുള്ള ടിഷ്യൂ കൾച്ചർ വാഴവിത്ത് (ക്വിന്റൽ നേന്ത്രൻ, റെഗുലർ നേന്ത്രൻ), ഒരു വർഷംകൊണ്ട് കായ്ക്കുന്ന ആയുർ ജാക്ക് പിങ്ക് (Vietnam super early) ബഡ് പ്ലാവ്, ഗ്രാഫ്റ്റഡ് കുടംപുളി, പാവൽ, പയർ, പടവലം, കോളിഫ്‌ള വർ, കാബേജ്, പച്ചമുളക് എന്നിവയുടെ തൈകൾ ജനുവരി 14 മുതൽ 18 വരെ വിതരണം ചെയ്തു.

**സോഫ്റ്റ് വെയർ ബോധവത്ക്കരണം**

ചാസ് ക്രെഡിറ്റ് യൂണിയൻ അക്കൗിംഗ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗ മായി സോഫ്റ്റ് വെയറിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രാഥമിക ബോധവത്ക്ക രണ ക്ലാസ് ചാസ് കോൺഫറൻസ് ഹാളിൽ ജനുവരി 7 ന് സംഘടിപ്പിച്ചു.

**'അഗാപ്പെ' ഭവനനിർമ്മാണപദ്ധതി**

ജർമ്മനിയിലുള്ള ഗേമൻ ക്രിസ്തുരാജ ഇടവകയുടെ സഹകരണത്തോടെ ബഹുമാനപ്പെട്ട ജോസഫ് മുണ്ടകത്തിലച്ചന്റെ നേതൃത്വത്തിൽ കഴിഞ്ഞ 26 വർഷ മായി നടത്തപ്പെടുന്ന 'അഗാപ്പെ' ഭവന നിർമ്മാണ പദ്ധതിയിൽ ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട 11 കുടുംബങ്ങൾക്ക് ജനുവരി 14 ന് ചാസ് കോൺഫറൻസ് ഹാളിൽ വച്ച് 5 ലക്ഷം രൂപ സാമ്പത്തിക സഹായമായി വിതരണം ചെയ്തു. ഇതോടനുബന്ധിച്ചു ചേർന്ന സമ്മേളനം ചാസ് പ്രസിഡന്റ് റവ. ഡോ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു.

**ഗുണഭോക്തൃ സമ്മേളനം**

HDFC Ltd. ന്റെ സാമ്പത്തിക സഹായത്തോടെ ചാസ് കുട്ടനാട്ടിൽ നിർമ്മി ക്കാനുദ്ദേശിക്കുന്ന 50 വീടുകളുടെ ഗുണഭോക്താക്കളുടെ സമ്മേളനം ജനുവരി 4 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പുളിംകുന്ന് ഫൊറോനാ പള്ളിയിൽ നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി അദ്ധ്യ ക്ഷതവഹിച്ച യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പദ്ധതിയുടെ വിശദാംശ ങ്ങൾ വിശദീകരിച്ചു. പുളിംകുന്ന്, കാവാലം സെന്റ് തെരേസാസ്, കണ്ണാടി സെന്റ് ജോസഫ്സ്, കായൽപുറം, അറുന്നൂറ്റിപ്പാടം, പൊങ്ങ എന്നീ ഇടവകകളിലാണ് HDFC ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നത്.

## മേഖലാവാർത്തകൾ

**യൂണിറ്റ് വാർഷികം**

**പഴവങ്ങാടി** യൂണിറ്റ് വാർഷികം വിവിധ പരിപാടികളോടെ ഡിസംബർ 28 ന് കാർമ്മൽ ഹാളിൽ സംഘടിപ്പിച്ചു. ആലപ്പുഴ രൂപത സഹായ മെത്രാൻ ബിഷപ്പ് ഡോ. മാർ. ജെയിംസ് ആനാപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. പ്രതിനിധി സമ്മേളനോദ്ഘാടനം റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. സാന്ത്വന പരിചരണം കൂടുതൽ ജനകീയമാക്കുന്നതിന് ആലപ്പുഴ ജില്ലയിലെ എട്ട് പാലിയേ റ്റീവ് കെയർ യൂണിറ്റുകളിൽനിന്നും ഭാരവാഹികളെയും വോളണ്ടിയേഴ്സിനേയും പങ്കെടുപ്പിച്ചുകൊണ്ട് 'തണൽമര' കൂട്ടായ്മ സംഘടിപ്പിച്ചു. 'സാന്ത്വന ചികിത്സ കിടപ്പുരോഗികൾക്ക് ലഭിക്കേണ്ട അവകാശം' എന്ന വിഷയത്തെ ആസ്പദ മാക്കിയുള്ള ചർച്ചക്ക് ഡോ. ലത, ഡോ. രാമചന്ദ്രപണിക്കർ എന്നിവർ നേതൃത്വം നൽകി. വൃക്ക ദാതാക്കളായ ശ്രീമതി ജാൻസി ജോസഫ് പാക്കള്ളിയിൽ, ശ്രീമതി

മറിയാമ്മ സെബാസ്റ്റ്യൻ മാപ്പിളാപറമ്പ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.

**സ്വാശ്രയസംഘസംഗമം**

ചമ്പക്കുളം മേഖലയിലെ **പുല്ലങ്ങടി** യൂണിറ്റിൽ സ്വാശ്രയസംഘങ്ങളുടെ സംഗമം ജനുവരി 11 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അലക്സ് പാറപ്പുറം അദ്ധ്യക്ഷതവഹിച്ചു. കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ് 'നേതൃത്വ ശൈലി'യെകുറിച്ച് ക്ലാസ് നയിച്ചു. 88 അംഗങ്ങൾ പങ്കെടുത്തു.

**സംഗമവും ക്രെഡിറ്റ് യൂണിയൻ ബോധവത്ക്കരണവും**

പുളിംകുന്ന് മേഖലയിലെ **കൊല്ലമുട്ടം** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമവും ക്രെഡിറ്റ് യൂണിയൻ ബോധവത്ക്കരണവും ജനുവരി 13 ന് സംഘടിപ്പിച്ചു. സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസും, ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങളെക്കുറിച്ച് ആഡിറ്റർ ശ്രീ. കെ.സി. ജോർജ്ജും ക്ലാസ് നയിച്ചു. 98 അംഗങ്ങൾ പങ്കെടുത്തു.

**നേത്ര ചികിത്സാ ക്യാമ്പ്**

മുടിയൂർക്കര യൂണിറ്റ്, കോട്ടയം മെഡിക്കൽ കോളേജ് നേത്രചികിത്സാ വിഭാഗവും സഹകരിച്ച് ജനുവരി 12 ശനിയാഴ്ച രാവിലെ 9:30 മുതൽ മുടിയൂർക്കര സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ നേത്ര ചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കലയം കണ്ടം അദ്ധ്യക്ഷത വഹിച്ചു. ഡോ. കെ.പി. ജയപ്രകാശ്, ഡോ. ആശ എന്നിവർ നേതൃത്വം നൽകി 127 അംഗങ്ങൾ പങ്കെടുത്തു. അർഹരായ രോഗികൾക്ക് സൗജന്യമായി കണ്ണട നൽകി.

**സ്വാശ്രയസംഘ വാർഷികം**

| **തീയതി** | **യൂണിറ്റ്** | **സംഘം** |
|---|---|---|
| 06.01.2019 | ആറാട്ടുവഴി | കൃപാസനം |
| 06.01.2019 | ഐക്കരച്ചിറ | മദർ തെരേസ |
| 13.01.2019 | കായൽപുറം | കൃപയാൽ |
| 13.01.2019 | പൊടിപ്പാറ | ഉഷസ് |

പായിപ്പാട് യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ വാർഷികം ജനുവരി 6 ന് ലൂർദ്ദ് മാതാ പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. റവ. ഫാ. ജോസഫ് ചിറക്കടവിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളം അദ്ധ്യക്ഷതവഹിച്ചു. വനിതാ-പുരുഷ സ്വാശ്രയ സംഘങ്ങളിൽ നിന്നും മികച്ച സംഘത്തിന് അവാർഡ് വിതരണം ചെയ്തു. വിവിധ സംഘങ്ങളുടെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റും സംഘടിപ്പിച്ചു.

**വിളവെടുപ്പ് മഹോത്സവവും വിപണനവും**

ചേപ്പുപാറ 'ഹരിതാ ഫാർമേഴ്സ് ക്ലബി'ന്റെ നേതൃത്വത്തിൽ റെയിൻ ഷെൽട്ടർ സംവിധാനത്തിലൂടെ ചെയ്തുവരുന്ന ജൈവ പച്ചക്കറി കൃഷിയുടെ വിളവെടുപ്പും വിതരണവും ജനുവരി 8 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ ഉദ്ഘാടനം നിർവഹിച്ചു.

**ലഹരിവിരുദ്ധ സെമിനാർ**

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി RRTC യുടെ ആഭിമുഖ്യത്തിൽ മദ്യം മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. റ്റി. എ. മാത്യു തച്ചിലേട്ട്, ശ്രീ. ലിറ്റിമോൻ എം.എസ് എന്നിവർ ക്ലാസ് നയിച്ചു.

| തീയതി | സ്കൂൾ | പങ്കെടുത്തവർ |
|---|---|---|
| 10.01.2019 | Govt. HSS, പായിപ്പാട് | 51 |
| 11.01.2019 | Govt. HSS, തൃക്കൊടിത്താനം | 58 |
| 14.01.2019 | Govt. Vocational HSS, കുപ്പപ്പുറം | 50 |
| 19.01.2019 | St. Anne's HSS, ചങ്ങനാശ്ശേരി | 105 |
| 21.01.2019 | St. Anne's GHS, ചങ്ങനാശ്ശേരി | 100 |

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 02.01.2019 | അഭയ | ഇത്തിത്താനം | 14 |
| 07.01.2019 | സേവന | കൊല്ലമുട്ടം | 17 |
| 07.01.2019 | സെന്റ് തോമസ് | കൊല്ലമുട്ടം | 14 |
| 07.01.2019 | മരിയ | കൊല്ലമുട്ടം | 15 |
| 07.01.2019 | മേരിറാണി | കൊല്ലമുട്ടം | 16 |
| 07.01.2019 | ആവേമരിയ | കൊല്ലമുട്ടം | 11 |
| 07.01.2019 | ഐശ്വര്യ | കൊല്ലമുട്ടം | 14 |
| 07.01.2019 | മേരി മാതാ | കൊല്ലമുട്ടം | 20 |
| 07.01.2019 | നവജീവൻ | കൊല്ലമുട്ടം | 15 |
| 07.01.2019 | ചെറുപുഷ്പം | കൊല്ലമുട്ടം | 14 |
| 07.01.2019 | ജിയന്ന | വടവാതൂർ | 11 |
| 07.01.2019 | അൽഫോൻസ | പായിപ്പാട് | 20 |
| 16.01.2019 | മിത്ര | തത്തംപള്ളി | 12 |
| 19.01.2019 | ദൈവകൃപ | പഴവങ്ങാടി | 16 |
| 19.01.2019 | ഹാപ്പി | പഴവങ്ങാടി | 13 |

**''സഭാ നേതൃത്വത്തിൽ നിന്നല്ലാതെ, താഴേക്കിടയിൽ നിന്ന് ഉയർന്നുവന്ന ഒരു മുന്നേറ്റമാണിതെന്നത് മനോഹരമായ ഒരു കാര്യമാണ്. എന്നാൽ ഇവ പരിശുദ്ധാത്മാവിന്റെ ദാനമായതുകൊണ്ട് ഉന്നതങ്ങളിൽ നിന്ന് തന്നെയാണ് വരുന്നത്. എല്ലാക്കാലത്തും തിരുസഭയിൽ നവജീവന്റെ തുടിപ്പുകൾ പരിശുദ്ധാത്മാവ് നൽകിക്കൊണ്ടാണിരിക്കുന്നത്''**

**– ബെനഡിക്ട് 16–ാമൻ മാർപ്പാപ്പ റോമാ രൂപതയിലെ വൈദികർക്ക് നൽകിയ സന്ദേശം, 17.5.2008)**

**ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷൻ :** ഡിസംബർ 27, 28, 29 തീയതികളിൽ എസ്.ബി. കോളജ്, കാവുകാട്ട് ഹാളിൽ വച്ച് നടന്ന കരിസ്മാറ്റിക് കൺവൻഷനിൽ അഞ്ഞൂറോളം ആളുകൾ പങ്കെടുത്തു. കരിസ്മാറ്റിക് നവീകരണത്തിന്റെ ദൈനംദിന ശുശ്രൂഷകളിൽ ക്രിയാത്മകമായി ഇടപെടുന്ന സഭാമക്കളെ മുൻപിൽ കണ്ടുകൊണ്ട് ക്രമീകരിക്കപ്പെട്ട ഈ കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് അഭി. മാർ ജോസഫ് പെരുംന്തോട്ടം സംസാരിക്കുകയുണ്ടായി. സഭയെ നവീകരിക്കുക എന്ന പ്രാഥമിക കർത്തവ്യം അനുഷ്ഠിക്കുന്ന കരിസ്മാറ്റിക് നവീകരണത്തിന്റെ ശുശ്രൂഷകളെ ശ്ലാഘിച്ച അഭി. പിതാവ് ഈ കാലഘട്ടത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി.

അഭി. ബിഷപ്പ്, സാമുവൽ മാർ ഐറേനിയസ് (അദ്ധ്യക്ഷൻ, കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ), ഫാ. മാത്യു തടത്തിൽ വി.സി. (മുരിങ്ങൂർ ഡിവൈൻ), ഫാ. വർഗീസ് മുണ്ടയ്ക്കൽ OFMCAP (KCCRST ചെയർമാൻ), അഭി. മാർ തോമസ് തറയിൽ തുടങ്ങിയവർ മുഖ്യ സന്ദേശങ്ങൾ നൽകിയ കൺവൻഷനിൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ നിന്നുള്ള ബ്ര. മാരിയോ, ബ്ര. ജയിംസ്കുട്ടി ചമ്പക്കുളം, ബ്ര. ഷാജി വൈക്കത്ത്പറമ്പിൽ (KCCRST സെക്രട്ടറി) തുടങ്ങിയവർ ക്ലാസുകൾ എടുക്കുകയുണ്ടായി.

ഫാ. മാത്യു താന്നിയത്ത് (ഡയറക്ടർ, ചങ്ങനാശേരി സോൺ), ടോമിച്ചൻ പുല്ലങ്കാവുങ്കൽ (കോർഡിനേറ്റർ, ചങ്ങനാശേരി സോൺ), എബ്രഹാം പുത്തൻകളം (കൺവൻഷൻ കൺവീനർ) എന്നിവരുടെ നേതൃത്വത്തിലുള്ള നാൽപതംഗ കമ്മറ്റിയാണ് കൺവൻഷന് വേണ്ടിയുള്ള ഒരുക്കങ്ങൾ വിജയകരമായി പൂർത്തിയാക്കിയത്. സണ്ണിച്ചൻ ഇടിമണ്ണിക്കൽ, സണ്ണിച്ചൻ കൊച്ചുപറമ്പിൽ (മാമ്മൂട്) ഏലംകുന്നത്ത്, ലാലിച്ചൻ നെല്ലിക്കൽ തുടങ്ങിയവരാണ് പ്രമുഖ സമിതികളെ നയിച്ചത്.

ചങ്ങനാശേരിയിലെ കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകൾക്ക് ക്രിയാത്മക പിന്തുണ നൽകുന്ന അഞ്ഞൂറോളം പ്രവർത്തകർക്ക് ഒരുമിച്ച് കൂടാനും ആശയ വിനിമയം നടത്താനുമുള്ള വേദിയായി ഈ കൺവൻഷൻ മാറിയത് ചാരിതാർത്ഥ്യ ജനകമാണ്.

1. **സോണൽ ഉപദേശക സമിതി (ചങ്ങനാശേരി) കബറിടപ്പള്ളിയിൽ:** നാളിതുവരെ കുന്നന്താനം സെഹിയോനിൽ വച്ച് നടന്നുവന്ന രണ്ടാം ശനിയാഴ്ചകൂട്ടായ്മ ഇനിമുതൽ കത്തീഡ്രൽ പള്ളി പരിസരത്തുള്ള കബറിട

ചാപ്പലിൽ വച്ചായിരിക്കും നടക്കുക. ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷനിൽ പങ്കെടുത്ത കരിസ്മാറ്റിക് പ്രവർത്തകരുടെകൂടി സാന്നിദ്ധ്യം ഇനി മുതൽ കൂട്ടായ്മയ്ക്ക് ഒരു മുതൽക്കൂട്ടായിരിക്കും.

2. **ദേശീയ ഹീലിങ്ങ് & ഡെലിവറൻസ് സെമിനാർ:** നവീകരണത്തിന്റെ ദേശീയ, സംസ്ഥാന സമിതികൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഹീലിംഗ് ആൻഡ് ഡെലിവറനൻസ് സെമിനാറിനെക്കുറിച്ച് അറിയിക്കുന്നു. മെത്രാന്മാർക്കും വൈദികർക്കുമായി സംഘടിപ്പിക്കുന്ന ഈ പരിപാടിയിൽ ഏതാനും ചില അല്മായർക്കും പങ്കെടുക്കാൻ സാദ്ധ്യത ലഭിച്ചേക്കാം. അന്തർദേശീയ തലത്തിൽ പ്രശസ്തരായ ശുശ്രൂഷകർ നയിക്കുന്ന ഈ സെമിനാർ ഫെബ്രുവരി 11 മുതൽ 14 വരെ തീയതികളിൽ മുരിങ്ങൂര് വച്ചാണ് നടക്കുന്നത്. ചങ്ങനാശേരിയിലെ രജിസ്ട്രേഷൻ ചുമതലയുള്ള ടോമിച്ചൻ പുല്ലങ്കാവിങ്കൽ-നെ (9061954230) ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്.

3. **മറ്റ് പ്രധാന വാർത്തകൾ:** സോണൽ സേവനസമിതിയോഗം തോട്ടയ്ക്കാട്ടുള്ള ജോർജ് തോമസ്-ന്റെ ഭവനത്തിൽ കൂടുകയുണ്ടായി. ഫാ. മാത്യു താന്നിയത്ത് നേതൃത്വം വഹിച്ചു. ചമ്പക്കര സെന്റ് ജോസഫ് പള്ളിയിൽ നടന്ന ആദ്യ വെള്ളിയാഴ്ച ആരാധനയിൽ മോൻ ചെത്തിമറ്റം വചനം പങ്കുവച്ചു. വെളിയനാട് സെന്റ് മീഖായേൽ പള്ളിയിലും പതിവുപോലെ ആദ്യവെള്ളിയാഴ്ച കൺവൻഷൻ നടക്കുകയുണ്ടായി. ആദ്യ വെള്ളിയാഴ്ചകളിൽ നടക്കുന്ന ദിവ്യകാരുണ്യ ആരാധനക്ക് പുറമെ ഒരു കരിസ്മാറ്റിക് പ്രാർത്ഥനാ കൂട്ടായ്മ എല്ലാ ആദ്യ ശനിയാഴ്ചകളിലും കുമരങ്കരി സെന്റ് മേരീസ് ഇടവകയിൽ ആരംഭിക്കുകയുണ്ടായി.

കരിസ്മാറ്റിക് കൺവൻഷനെക്കുറിച്ചുള്ള വിപുലമായ അവലോകനയോഗം ജനുവരി 24-ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. മാത്യു താന്നിയത്ത്**
*(ഡയറക്ടർ)*
*ഫോൺ: 9446903631*

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
*(കോ-ഓർഡിനേറ്റർ)*
*ഫോൺ: 9061954230*

## BIBLE STUDY FORUM FOR PRIESTS

The next session of the Bible Study Forum for Priests of the Archdiocese of Changanacherry will be held at **the Spirituality Centre, Manganam, on 12th February 2019**. The course will begin **at 9:30 a.m. and come to a close at 4:00 p.m.**

*Fr Mathew Vellanickal*

**അതിരൂപതയിലെ ഏറ്റവും മികച്ച ഇടവക പ്രതിനിധിയോഗത്തിനുള്ള പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി പ്രൈസ്**

''ഇടവകയിലെ ദൈവജനകൂട്ടായ്മയുടെ പ്രകാശനം എന്ന നിലയിലുള്ള പള്ളി യോഗത്തിന്റെ ലക്ഷ്യം, ഇടവകയുടെ അജപാലന ശുശ്രൂഷയുടെ നിർവ്വഹണത്തിലും സാമ്പത്തിക കാര്യങ്ങളുടെ നടത്തിപ്പിലും ഇടവക വികാരിയെ ഉപദേശിക്കുകയും സഹായിക്കുകയും അദ്ദേഹത്തോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്.'' (ചങ്ങനാശ്ശേരി അതിരൂപത പള്ളിയോഗ നടപടിക്രമം ഭാഗം1:1.2)

പ്രിയ വൈദികരേ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേ, ഇടവക കൈക്കാരന്മാരേ, പ്രതിനിധി യോഗാംഗങ്ങളേ,

പാസ്റ്ററൽ - പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സുവർണ്ണ ജൂബിലി സ്മാരകമായി നമ്മുടെ അതിരൂപതയിൽ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഇടവക പ്രതിനിധിയോഗത്തിന് നൽകിവരുന്ന ഗോൾഡൻ ജൂബിലി പ്രൈസിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. ഇടവകയിലെ ദൈവജന കൂട്ടായ്മയുടെ പ്രകാശനമാണ് പള്ളിയോഗം. ഇടവകയുടെ അജപാലന ശുശ്രൂഷയുടെ നിർവ്വഹണത്തിലും സാമ്പത്തികകാര്യങ്ങളുടെ നടത്തിപ്പിലും ഇടവക വികാരിയോട് ചേർന്ന് സജീവമായി പ്രവർത്തിക്കുന്നതിന് പ്രതിനിധിയോഗങ്ങളെ ശക്തമാക്കുകയെന്നതാണ് ജൂബിലി പ്രൈസ് ഏർപ്പെടുത്തിയതിന്റെ ലക്ഷ്യം. ആയതിനാൽ എല്ലാ ഇടവകകളും ഇതിൽ പങ്കാളികളാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം

**ബിഷപ്പ് തോമസ് തറയിൽ**

## ഗോൾഡൻ ജൂബിലി പ്രൈസ്

മികച്ച പ്രതിനിധിയോഗത്തിനുള്ള ജൂബിലി പ്രൈസിനായി അപേക്ഷിക്കുന്ന ഇടവകകൾ ഇതോടൊപ്പം (പേജ് 72-73) നൽകിയിരിക്കുന്ന മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ മാർച്ച് 25 നു മുമ്പായി ലഭിക്കത്തവിധത്തിൽ അയയ്ക്കുക.

**വിലാസം: ചാൻസലർ, ആർച്ച് ബിഷപ്സ് ഹൗസ്, പി. ബി. നമ്പർ 20,
ചങ്ങനാശ്ശേരി - 686101.**

അപേക്ഷാഫോറം അതിരൂപതാ വെബ് സൈറ്റിലും (www.archdiocesechanganacherry.org) ലഭ്യമാണ്.

## പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനം റിപ്പോർട്ട്

പാസ്റ്ററൽ കൗൺസിലിന്റെ പൊതുസമ്മേളനം 2019 ജനുവരി 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1:30 വരെ ചങ്ങനാശേരി എസ്. ബി. കോളജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മോൺ. കല്ലറയ്ക്കൽ ഹാളിൽ നടന്നു (അപ്രതീക്ഷിതമായുണ്ടായ ഹർത്താൽമൂലം 2018 നവംബർ 17ന് നടത്താൻ നിശ്ചയിച്ചിരുന്ന യോഗം മാറ്റിവയ്ക്കേണ്ടതായി വന്നിരുന്നു.) 1967 സെപ്റ്റംബർ 14 മാർ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവ് പാസ്റ്ററൽ കൗൺസിലും പ്രസ്ബിറ്ററൽ കൗൺസിലറും സംയുക്തമായി ഉദ്ഘാടനം ചെയ്തത് എസ്.ബി. കോളജിലെ മോൺ. കല്ലറയ്ക്കൽ ഹാളിൽ വച്ചായിരുന്നുവെന്നത് ഓർക്കുമല്ലോ.

റവ. സി. ജ്യോതിസ് മരിയ എൽ.എസ്.സി., പ്രൊഫ. സെബാസ്റ്റ്യൻ വർഗീസ് എന്നിവർ നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെയാണ് യോഗം ആരംഭിച്ചത്. വികാരി ജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ സ്വാഗതം ആശംസിച്ചു. ശ്രീ. ബിനോയ് സ്കറിയയുടെ പിതാവ് ശ്രീ. കെ.സി. സ്കറിയയുടെയും റവ. ഫിലോ ജോസ് എസ്.എച്ച്. ന്റെ സഹോദരൻ ശ്രീ. ജോർജ്ജുകുട്ടി അറേക്കളം എന്നിവരുടെയും നിര്യാണത്തിൽ യോഗം അനുശോചിക്കുകയും പരേതരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേർന്ന് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് സെക്രട്ടറി 15.9.2018 ൽ നടന്ന സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു.

മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളചരിത്രത്തിന്റെ നവോത്ഥാന മേഖലയിൽ ഏറെ സംഭാവനകൾ നൽകിയവരാണ് ക്രൈസ്തവ സമൂഹം. ഈ പൈതൃകം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കുവാൻ നമുക്കേവർക്കും കഴിയണം. ഇത് പേരിനോ പ്രശസ്തിക്കോ വേണ്ടിയല്ല, മറിച്ച് നമ്മുടെ പാരമ്പര്യത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയാവണം; പിതാവ് പറഞ്ഞു. 2019 ജനുവരി 7 മുതൽ 18 വരെ നടന്ന സിനഡിൽ പിതാക്കന്മാർ തീക്ഷ്ണമായ പ്രാർത്ഥനയിലും പഠനത്തിലും വിചിന്തനത്തിലുമായിരുന്നുവെന്ന കാര്യം പിതാവ് പങ്കുവെച്ചു.

മാർ തോമസ് തറയിൽ യോഗത്തിൽ അദ്ധ്യക്ഷൻ ആയിരുന്നു. സഭയുടെ നന്മകളെക്കുറിച്ചുള്ള അവബോധം ആർജ്ജിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അതിരുവിട്ടുള്ള സഭാവിമർശനം അടുത്ത തലമുറയെ ദോഷകരമായി ബാധിക്കുമെന്നും പിതാവ് പറഞ്ഞു. തുടർന്ന് കേരളനവോത്ഥാനവും ക്രൈസ്തവ സഭകളും എന്ന വിഷയത്തിൽ പിതാവ് പ്രഭാഷണം നടത്തി. സി.ബി.സി.ഐ.യുടെ ദളിത് ശാക്തീകരണം നയരേഖ റവ. ഫാ. ഷാജ് കുമാർ (സെക്രട്ടറി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ, കെ.സി.ബി.സി.) അവതരിപ്പിച്ചു. പ്രസ്തുത നയരേഖ ചർച്ച ചെയ്യുന്ന ആദ്യത്തെ പാസ്റ്ററൽ കൗൺസിൽ ആണ് ചങ്ങനാശേരി അതിരൂപതയിലേതെന്ന് അച്ചൻ എടുത്തുപപറഞ്ഞു. ഇടവകകളിൽ നടപ്പിലാക്കാൻ പോകുന്ന Open Skill Acquisition Programme (OSAP) ഡോ. പി.സി. അനിയൻകുഞ്ഞ് (ഡയറക്ടർ, ഹയർ എജ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്) അവതരിപ്പിച്ചു. മേൽപ്പറഞ്ഞ മൂന്നു വിഷയങ്ങളെ സംബന്ധിച്ചും സജീവമായ ചർച്ച നടന്നു.

പ്രവാസി അപ്പോസ്തലേറ്റിന്റെ സംരംഭമായ ആവേ മരിയ ഹോളിഡെയ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. പ്രേം സെബാസ്റ്റ്യൻ ആന്റണി വിവരിച്ചു. സി.ബി.സി.ഐ.യുടെ അൽമായ കമ്മീഷൻ സെക്രട്ടറിയായി നിയമിക്കപ്പെട്ട അഡ്വ. വി. സി. സെബാസ്റ്റ്യനെ പാരീഷ് കൗൺസിൽ അനുമോദിച്ചു. അഭി. പെരുന്തോട്ടം പിതാവ് പൊന്നാടയണിക്കുകയും അഭി. തറയിൽ പിതാവ് സമ്മാനം നൽകുകയും ചെയ്തു. അനുമോദനങ്ങൾക്ക് നന്ദിയർപ്പിച്ച് ശ്രീ. വി.സി. സെബാസ്റ്റ്യൻ സംസാരിച്ചു. സമ്മേളനത്തിൽ പങ്കെടുത്തവർക്ക് അസി. സെക്രട്ടറി ശ്രീ. ജോസ് ആനിത്തോട്ടത്തിൽ നന്ദി പറഞ്ഞു. ചില അസൗകര്യങ്ങൾ മൂലം നടത്താൻ പറ്റാതിരുന്ന ഫോട്ടോ സെഷൻ അടുത്ത സമ്മേളത്തോടനുബന്ധിച്ച് നടത്തുന്ന വിവരവും അദ്ദേഹം അറിയിച്ചു. അതിരൂപത ആന്തത്തോടെ യോഗം സമംഗളം പര്യവസാനിച്ചു.

സ്നേഹപൂർവ്വം

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

**അതിരൂപതയിലെ ഏറ്റവും മികച്ച ഇടവക പ്രതിനിധിയോഗത്തിനുള്ള**

## പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി

**അപേക്ഷാഫോറം**

**വിലയിരുത്തുന്ന കാലഘട്ടം: 1.4.2017 മുതൽ 31.03.2019 വരെ**

1. ഇടവകയുടെ പേരും വിലാസവും:
   ഓഫീസ് ഫോൺ നമ്പർ: ഇ-മെയിൽ:
2. കുടുംബങ്ങളുടെ എണ്ണം: ദളിത്/ നാടാർ കുടുംബങ്ങളുടെ എണ്ണം:
3. വികാരിയച്ചന്റെ പേരും ഫോൺ നമ്പറും:
4. അസി. വികാരിമാരുടെ പേരുകളും ഫോൺ നമ്പരും:
5. കൈക്കാരന്മാരുടെ പേരുകളും ഫോൺ നമ്പരും:
6. പ്രതിനിധിയോഗം സെക്രട്ടറിയുടെ പേരും ഫോൺ നമ്പരും:
7. പ്രതിനിധിയോഗം നിലവിൽ വന്ന തീയതി:
8. പ്രതിനിധി യോഗരൂപീകരണം പള്ളിയോഗ നടപടിക്രമത്തിലെ
   നിർദ്ദേശങ്ങൾക്കനുസൃതമാണോ? അതെ ☐ അല്ല ☐
9. ആകെ അംഗങ്ങളുടെ എണ്ണം:
   തെരഞ്ഞെടുക്കപ്പെട്ടവർ: വനിതകൾ:
   നാമനിർദ്ദേശം ചെയ്യപ്പെട്ടവർ: ദളിത്/ നാടാർ:
10. പ്രതിനിധിയോഗ സമ്മേളനങ്ങളുടെ എണ്ണം:

| നമ്പർ | പ്രതിനിധിയോഗം നടന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം | അജണ്ട (പ്രധാനപ്പെട്ടവ) |
|---|---|---|---|
| 1 | 2017 ഏപ്രിൽ ....... | | |
| 2 | 2017 മെയ് ....... | | |
| 3 | 2017 ജൂൺ ....... | | |
| 4 | 2017 ജൂലൈ ....... | | |
| 5 | 2017 ആഗസ്റ്റ് ....... | | |
| 6 | 2017 സെപ്റ്റംബർ ....... | | |
| 7 | 2017 ഒക്ടോബർ ....... | | |
| 8 | 2017 നവംബർ ....... | | |
| 9 | 2017 ഡിസംബർ ....... | | |
| 10 | 2018 ജനുവരി ....... | | |
| 11 | 2018 ഫെബ്രുവരി ....... | | |
| 12 | 2018 മാർച്ച് ....... | | |
| 13. | 2018 ഏപ്രിൽ | | |
| 14. | 2018 മെയ് | | |
| 15. | 2018 ജൂൺ | | |
| 16. | 2018 ജൂലൈ | | |
| 17. | 2018 ആഗസ്റ്റ് | | |
| 18. | 2018 സെപ്റ്റംബർ | | |
| 19. | 2018 ഒക്ടോബർ | | |
| 20. | 2018 നവംബർ | | |
| 21. | 2018 ഡിസംബർ | | |
| 22. | 2019 ജനുവരി | | |
| 23. | 2019 ഫെബ്രുവരി | | |
| 24. | 2019 മാർച്ച് | | |

11. ഹാജർ രജിസ്റ്റർ ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
12. മിനിറ്റ്സ് ബുക്ക് ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
13 യോഗപുസ്കം ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
14. കണക്കവതരണത്തിന്റെ രീതി: മാസം ☐ ത്രൈമാസം ☐ അർദ്ധവാർഷികം ☐
15 കണക്ക് ഓഡിറ്റ് ചെയ്തശേഷമാണോ അവതരിപ്പിക്കുന്നത്? അതെ ☐ അല്ല ☐
16. അതിരൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തോടെ നടപ്പിലാക്കിയ പ്രതിനിധിയോഗ നിശ്ചയങ്ങൾ 10 എണ്ണം ചുരുക്കി പ്രതിപാദിക്കുക.
17. പ്രതിനിധിയോഗത്തിൽ ചർച്ച ചെയ്യപ്പെട്ട ഇതര പ്രധാന വിഷയങ്ങൾ ഏവ? (10 എണ്ണം)
18. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏതെങ്കിലും കാരണത്താൽ പ്രാതിനിധ്യം നഷ്ടപ്പെട്ടവരുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ഉണ്ടെങ്കിൽ എത്ര പേർ:
കാരണം:
19. പകരം പ്രതിനിധികളെ തദ്രീതിയിൽ കത്തെിയിട്ടുണ്ടോ? ഉണ്ട് ☐ ഇല്ല ☐
20. അടിയന്തിര പ്രതിനിധിയോഗം കൂടിയിട്ടുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ഉണ്ടെങ്കിൽ അജയിലെ വിഷയങ്ങൾ ഏവ?
21. കോറം തികയാഞ്ഞതിനാൽ പ്രതിനിധിയോഗം മാറ്റി വച്ചിട്ടുാേ?
ഉണ്ട് ☐ ഇല്ല ☐ ഉണ്ടെങ്കിൽ എത്ര തവണ? .......
22. പ്രതിനിധിയോഗത്തിന്റെ കമ്മിറ്റികൾ/കമ്മീഷനുകൾ നിലവിലുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ഉണ്ടെങ്കിൽ ഏതൊക്കെ? അവയുടെ പ്രവർത്തനങ്ങൾ ചുരുക്കി പ്രതിപാദിക്കുക.
23. സമാധാനപരമായി യോഗം നടത്താൻ സാധിക്കാതെ പിരിച്ചുവിട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ? ഉണ്ട് ☐ ഇല്ല ☐
24 അതിരൂപതക്ക് നൽകേ ഇടവക വിഹിതത്തിൽ കുടിശിഖയുാേ? ഉണ്ട് ☐ ഇല്ല ☐
ഉണ്ടെങ്കിൽ സാമ്പത്തിക വർഷങ്ങൾ:
25. പ്രളയവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ ചുരുക്കി എഴുതുക.
26. മറ്റെന്തെങ്കിലും സംഗതികൾ ഉണ്ടെങ്കിൽ താഴെ ചേർക്കുക

## പ്രസ്താവന

................................................ ഇടവക പ്രതിനിധിയോഗത്തെ സംബന്ധിച്ച് മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെ് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

(നടത്തുകൈക്കാരന്റെ പേരും ഒപ്പും) (വികാരിയച്ചന്റെ പേരും ഒപ്പും)

(സീൽ)

---

*N.B: ആവശ്യമെങ്കിൽ അഡീഷണൽ ഷീറ്റ് ഉപയോഗിക്കാവുന്നതാണ്.*

ഈശോയിൽ സ്നേഹമുള്ള കൂട്ടുകാരെ,

പരീക്ഷയുടെ തീവ്രതയിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും കെ.സി.എസ്.എൽ അതിരൂപത കുടുംബത്തിൽനിന്നും നല്ല ആശംസകൾ നേർന്നുകൊള്ളുന്നു. ഒരു അദ്ധ്യയന വർഷം കൂടി പിന്നിടുവാൻ സർവ്വേശ്വരൻ നൽകിയ അനുഗ്രഹത്തിനു നന്ദി പറയുവാൻ ഏവരേയും ഓർമ്മിപ്പിച്ചുകൊണ്ട് കെ.സി.എസ്.എൽ - ന്റെ വിശേഷങ്ങളിലേക്ക് കടക്കുന്നു.

**സാഹിത്യോത്സവം**

2019 ജനുവരി 12-ാം തീയതി ചങ്ങനാശേരി എസ്.ബി. സ്കൂളിൽ വച്ച് സാഹിത്യോത്സവം നടത്തപ്പെട്ടു. എല്ലാ മത്സരങ്ങളിലും വിവിധ സ്കൂളുകളിൽ നിന്ന് കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു.

**ഏയ്ഞ്ചൽസ് ഫെസ്റ്റ്, കെ.സി.എസ്.എൽ വാർഷികം**

സന്ദേശനിലയത്തിൽ വച്ച് ജനുവരി 25 -ാം തീയതി നടത്തപ്പെട്ട ഏയ്ഞ്ചൽസ് ഫെസ്റ്റ് ചങ്ങനാശേരി അതിരൂപത വികാരി ജനറാൾ പെരിയ ബഹു. മുണ്ടകത്തിലച്ചൻ തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. സ്കൂളുകളിൽനിന്ന് കൊച്ചുകുട്ടികളെ പരിശീലിപ്പിച്ച് മത്സരങ്ങൾക്കായി എത്തിക്കുന്നതിൽ അദ്ധ്യാപകർ നന്നായിതന്നെ ശ്രദ്ധിച്ചു. കൂടാതെ, മത്സരങ്ങൾക്ക് വിധികർത്താക്കളായി എത്തി നിസ്വാർത്ഥ സേവനം സമർപ്പിച്ച മറ്റു അദ്ധ്യാപകരേയും നന്ദിയോടെ സ്മരിക്കുന്നു.

കുട്ടികളുടെ മത്സരങ്ങൾക്കു ശേഷം സാഹിത്യമത്സരങ്ങളിലെ വിജയികൾക്കും ഏയ്ഞ്ചൽ ഫെസ്റ്റിലെ വിജയകൾക്കും ബഹു. ജോസ് പുത്തഞ്ചിറ അച്ചൻ സമ്മാനങ്ങൾ നൽകി ആദരിച്ചു. ഓവറോൾ തലത്തിൽ വിജയിച്ച സ്കൂളുകൾക്ക് ട്രോഫികൾ സമ്മാനിച്ചു.

വാർഷിക പരീക്ഷയിക്കുവേണ്ടി നീണ്ട ഒരുക്കം നടത്തി ഫലംചൂടൽ പ്രതീക്ഷിച്ച് കാത്തിരിക്കുന്ന എല്ലാ കൂട്ടുകാർക്കും ഒപ്പം ഈ ദിനങ്ങളിൽമാത്രം ഒരുക്കം ആരംഭിച്ച് ചെറിയ നാളുകൾകൊണ്ട് വിസ്മയം ചമയ്ക്കാൻ കഴിവുള്ള കൂട്ടുകാർക്കും നല്ല പ്രതീക്ഷയുടെ കൈത്തിരിവെട്ടം കണ്ടെത്താൻ സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ചുരുക്കുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

## മദ്യമയക്കുമരുന്ന് ആസക്തിക്ക്
## സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ

### ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| അതിരമ്പുഴ സെന്റ് മേരീസ് | എല്ലാ വ്യാഴാഴ്ചയും 10:30 മുതൽ 12:30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി.

2004 – ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ്

പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 107 പേർക്ക് 86,000/ രൂപയുടെ സഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളം, ഫാ. തോമസ് താന്നിയത്ത്, എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം** 2019 ഫെബ്രുവരി 21 മുതൽ ഫെബ്രുവരി 24 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,**
**ഫോൺ നമ്പർ : 0469 2693413, 2690414, 9495193406**

**ബോധവത്ക്കരണ ക്ലാസ്സ്**

കുട്ടികളുടെയും കൗമാരക്കാരുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരായി ഉള്ള ബോധവത്ക്കരണ ക്ലാസ്സുകൾ തൃക്കൊടിത്താനം ഗവൺമെന്റ് ഹയർ സെക്കന്ററി, പായിപ്പാട് ഗവൺമെന്റ് ഹയർ സെക്കന്ററി, സെന്റ് ആൻസ് ഹൈസ്കൂൾ & ഹയർ സെക്കന്ററി ചങ്ങനാശ്ശേരി, എടത്വാ ആനപറമ്പാൽ സി.എം. എസ്. ഗേൾസ് ഹൈസ്സ്കൂൾ, കിഴക്കെമിത്രക്കരി പുല്ലാട് മാർത്തോമാ പള്ളി, എന്നിവിടങ്ങളിൽ, റ്റി.എം. മാത്യു തച്ചിലേട്ട് ക്ലാസ്സുകൾ നയിച്ചു.

**ഫാ. ജോസ് പുത്തൻചിറ**
*ഡയറക്ടർ*

---

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. **ഫോൺ നമ്പർ : 0481 2411819 / 8921505386**

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കം കുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 ഡിസംബർ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരും മാസങ്ങളിലെ പ്രധാന പരിപാടികളും.

**ഉണ്ണീശോയ്ക്കൊരു പുതപ്പ്**

പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് കിടപ്പുരോഗികൾ ആയിട്ടുള്ളവരെ സന്ദർശിച്ച് അവർക്ക് ക്രിസ്തുമസ് സമ്മാനം നൽകുന്ന പദ്ധതിയായ ഉണ്ണീശോയ്ക്കൊരു പുതപ്പ് കർമ്മ പദ്ധതി നാൽപാത്തിമല ഇടവകയിലും വിവിധ ഇടവകകളിലും സംഘടിപ്പിച്ചു.

**ക്രിസ്തുമസ് കെയർ - കാരുണ്യത്തിന്റെ ക്രിസ്തുമസ്**

പാലിയേറ്റീവ്, കെയർ ഹോം ഫെല്ലോഷിപ്പ് ആഭിമുഖ്യത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് ക്രിസ്തുമസ് കെയർ പദ്ധതികൾ നടപ്പിലാക്കി. ഇടവകകൾ, യുവദീപ്തി, കെ.എൽ.എം. തുടങ്ങി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കെയർ ഹോമുകൾ സന്ദർശിക്കുകയും ഭക്ഷണം, ആവശ്യസാധനങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുകയും ചെയ്തു.

**സെന്റ് മേരീസ് ഇടവക, മായം - പാലിയേറ്റീവ് കെയർ**

മായം ഇടവകയിലെ കാരുണ്യ പാലിയേറ്റീവ് കെയർ അംഗങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് വീൽചെയറും ക്രിസ്തുമസ് സമ്മാനവും വിതരണം ചെയ്തു. പാലിയേറ്റീവ് ശുശ്രൂഷയിലെ 25 ഓളം സന്നദ്ധപ്രവർത്തകർ, ബഹു. സിസ്റ്റേഴ്സ് തുടങ്ങിയവർ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**സ്പെഷ്യൽ സ്കൂൾ മേഖലയിലെ പ്രതിസന്ധി - തുടർ ചർച്ചകൾ**

സ്പെഷ്യൽ സ്കൂൾ നടത്തിപ്പിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സന്നദ്ധസംഘടനകൾക്ക് ഈ സംരംഭം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്ത അവസ്ഥയാണെന്നും ഇതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കേരള കത്തോലിക്കാ മെത്രാൻ സമിതി പുറത്തിറക്കിയ സർക്കുലറിന്റെ തുടർചർച്ചകളും വിശകലനവും വിവിധ കെയർ ഹോമുകളിൽ സംഘടിപ്പിച്ചു. സ്പെഷ്യൽ സ്കൂൾ മേഖല നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ സ്പെഷ്യൽ സ്കൂൾ പാക്കേജ് ഉടൻ നടപ്പിലാക്കുകയും. അർഹതയുള്ള സ്ഥാപനങ്ങളിലെ പദവി എയ്ഡഡ് ആയി ഉയർത്തുകയും ചെയ്യണമെന്നും വിവിധ യോഗങ്ങൾ ആവശ്യപ്പെട്ടു.

**പാലിയേറ്റീവ് കെയർ - ഓറിയനന്റേഷൻ പ്രോഗ്രാം ഇടവകകൾക്ക്**

മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേകങ്ങൾക്കായി ചങ്ങനാശേരി അതിരൂപതയിലൽ തുടക്കം കുറിച്ച മാർ കാവുകാട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളെകുറിച്ചുള്ള രണ്ട് മണിക്കൂർ പ്രത്യേക ഓറിയേന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഇടവകകളിലെ സമയത്തിനും സൗകര്യത്തിനുമനുസരിച്ച് രണ്ട് മണിക്കൂർ നീണ്ടുനിൽക്കുന്ന ഈ പരിപാടി സംഘടിപ്പിക്കാവുന്നതാണ്. അതിരൂപതാതല റിസോഴ്സ് ടീം പരിപാടികൾക്ക് നേതൃത്വം നൽകുന്നതാണ്. ഇടവകയിലെ നേഴ്സുമാർ, സന്നദ്ധപ്രവർത്തകർ, സംഘടനാ നേതാക്കൾ തുടങ്ങി പരമാവധി 50 പേർക്കാണ് ഒരു ബാച്ചിൽ ഓറിയന്റേഷൻ നൽകുന്നത്. ഇടവകകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ബന്ധപ്പെടുക. ഡോ. വിജയാ പുന്നശ്ശേരിൽ എം.എം.എസ്. ഫോൺ: 9447910032, 9946000599, 9656200059. കുടുംബാരോഗ്യ – സാന്ത്വനപരിചരണ പരിശീലനവുമായി ബന്ധപ്പെട്ട ബുക്കുകൾ, മാഗസിനുകൾ, പഠന സാമഗ്രികൾ, ഓഡിയോ-വീഡിയോ സഹായ സംവിധാനങ്ങൾ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട റിസോഴ്സ് സെന്റർ സംവിധാനവും അതിരൂപതാതലത്തിൽ ലഭ്യമാണ്. മേൽ പറഞ്ഞ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പാലിയേറ്റീവ്, കെയർ ഹോം ഫെല്ലോഷിപ്പ് കർമ്മപദ്ധതി ഉദ്ഘാടനം**

കെയർ ഹോം ചങ്ങനാശേരി അതിരൂപത, മാർ കാവുകാട് പാലിയേറ്റീവ്, ഹെൽത്ത് കെയർ തുടങ്ങി അതിരൂപതാ പ്രവർത്തന വിഭാഗങ്ങളിലെ 2019 വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനവും പദ്ധതി അവതരണവും 2019 ഫെബ്രുവരി മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് അന്താരാഷ്ട്ര രോഗീദിനത്തോടനുബന്ധിച്ച് സന്ദേശനിലയത്തിൽവച്ച് സംഘടിപ്പിക്കുന്നു. കെയർ ഹോം, പാലിയേറ്റീവ് മേഖലയിലെ തിരഞ്ഞെടുക്കപ്പെട്ട ക്ഷണിതാക്കൾ പരിപാടിയിൽ പങ്കെടുക്കും.

**കൂടുതൽ വിവരങ്ങൾക്കും, രജിസ്ട്രേഷനുമായിവിളിക്കേണ്ട നമ്പർ: 9946000599, 9605116756, 8281017777**

**കെയർ ഹോം ഫെല്ലോഷിപ്പ് & പാലിയേറ്റീവ് കെയർ മേഖലയിലെ വിവിധ സഹായങ്ങൾക്കും കൂടുതൽ വിവരങ്ങളൾക്കും വിളിക്കുക.**

**Help line Mob : 9946000599**

സ്നേഹത്തോടെ,

**ഫാ. സോണി മുണ്ടുനടയ്ക്കൽ** (ഡയറക്ടർ)

## വിവാഹ ഒരുക്ക ധ്യാനം

| FEBRUARY 2019 | MARCH 2019 |
|---|---|
| 4 - 6 (Zion) | 11, 12, 13 (Zion) |
| 8 - 10 (Zion) | |
| 15 - 17 (Zion) | |
| 21 - 23 (Chry) | |

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നാം ജീവിക്കുന്ന ലോകത്തിൽ യുദ്ധങ്ങളുടെയും, പ്രകൃതി ദുരന്തങ്ങളുടെയും, പകർച്ച വ്യാധികളുടെയും നടുക്കടലിൽ നട്ടം തിരിയുമ്പോൾ, കാരുണ്യത്തിന്റെ കരങ്ങൾ നീട്ടി ''നീ എന്റേതാണ്, എന്റേതുമാത്രമാണ്'' എന്ന വചനം ഉരുവിട്ടുകൊണ്ട്, ജാതിമത, വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ ശുശ്രൂഷിച്ച ചരിത്രമാണു നമുക്കുള്ളത്. ഉപവി പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട്, വി. വിൻസെന്റ് ഡി പോളിനെപ്പോലെ, ദരിദ്രരോടും, വൃദ്ധരോടും, അനാഥരോടും, ആലംബഹീനരായ സകലരോടും, പക്ഷം ചേരാൻ നമുക്കു സാധിച്ചു. ഇല്ലെങ്കിൽ അതിനു കഴിയണം. ദരിദ്രരെ സഹായിക്കുക മാത്രമായിരുന്നില്ല നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ നിലപാട്, മറിച്ച് മനോഗുണ പ്രവർത്തികൾ ചെയ്യുവാൻ ധനികരെയും അദ്ദേഹം പഠിപ്പിച്ചു. അതിന്റെ പാഠം ഉൾക്കൊണ്ടുകൊണ്ട് സ്ഥാപിച്ച നമ്മുടെ സൊസൈറ്റി, ''പ്രവൃത്തിയില്ലാത്ത ജീവിതം നിർജ്ജീവമാണെന്നു'' വിശ്വസിക്കുകയും, പ്രവർത്തിയിലൂടെതന്നെ അതിനു ജീവൻ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ എനിക്കു തന്നെയാണു ചെയ്തതെന്ന വചനഭാഗം ഉൾക്കൊണ്ടുകൊണ്ടുള്ളതായിരിക്കട്ടെ നമ്മുടെ പ്രവർത്തികൾ.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ പ്രകൃതിക്ഷോഭം നിറഞ്ഞാടിയപ്പോൾ അവർക്കു അത്താണിയായി പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്നുള്ളത് ഏറെ ചാരിതാർത്ഥ്യത നിറഞ്ഞതാണ്. യുദ്ധാനന്തര ഫ്രാൻസിന്റെ പുനരുദ്ധാരണത്തിനു വിളിക്കപ്പെട്ട ഫ്രഡറിക് ഓസാനാം യുവജനങ്ങളെ ചേർത്തുനിർത്തി പ്രവർത്തിച്ച പ്രേഷിത പ്രവർത്തനങ്ങളുടെ മറ്റൊരു രൂപമാണു നാം ഈ അവസരത്തിൽ കാണിച്ചത്. ''ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്, തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും, കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ, സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും, കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയുമില്ല'' ''ഞാൻ നിങ്ങളോടു പറയുന്നു എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ, എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉല്ക്കണ്ഠരാകേണ്ട. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്തായി 6:19-20, 25:33). നമ്മുടെ സംഘടന എന്നും ദരിദ്രരോടു പക്ഷം ചേർന്നു പ്രവർത്തിക്കുന്ന രീതിയാണു പിന്തുടരുന്നത്. ഉള്ളവനിൽനിന്നും ഇല്ലാത്തവനിലേയ്ക്കു സഹായം എത്തിച്ചു കൊടുക്കുവാനാണ് നാമെപ്പോഴും ജാഗരൂകരായിരിക്കുന്നത്. ''നാം ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെനിന്നും ഒന്നും കൊണ്ടു പോകുവാനും സാധിക്കുകയില്ല (1 തിമോ. 6:7).

**സി.സി. യോഗം**

അടുത്ത സി.സി. മീറ്റിംങ്ങ് 2019 ഫെബ്രുവരി 9 ന് ശനിയാഴ്ച (2-ാം ശനി) കാലത്ത് 9:45 ന് സി.സി. ഓഫീസിൽ കൂടുന്നതായിരിക്കും. എല്ലാ ഭാരവാഹികളും തദവസരത്തിൽ സന്നിഹിധരായിരിക്കണമെന്നപേക്ഷിക്കുന്നു. വാർഷികകണക്കുകൾക്കും മറ്റുമുള്ള ''ഫോം'' തദവസരത്തിൽ വിതരണം ചെയ്യുന്നതാണ്.

**സി.സി. യോഗം**

ഈ വർഷം എറണാകുളത്തു സംഘടിപ്പിച്ച പ്രസ്തുത മത്സരത്തിൽ ജൂനിയർ വിഭാഗം പ്രസംഗമത്സരത്തിൽ നമ്മുടെ സി.സി.യിലെ ഐറിൻ ഷിബു ഒന്നാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. ഏറെ സന്തോഷത്തോടെ ഈ വിവരം അറിയിച്ചുകൊള്ളട്ടെ. പ്രായഭേദമെന്യേ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**പ്രകൃതി ദുരന്തം**

കുട്ടനാടു ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനുള്ള പ്രോജക്ട് കൊടുത്തവരുടെ സഹായനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ലഭ്യമാകുന്ന നിർദ്ദേശങ്ങൾക്കനുസരുണമായുള്ള പ്രവർത്തനങ്ങൾ സി.സി.യുടെ ഭാഗത്തു നിന്നും താമസംവിനാ അറിയിക്കുന്നതായിരിക്കും.

നമ്മുടെ ഓരോ പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



138

# പുരോഹിതൻ: സഭാശുശ്രൂഷകൻ

(തിരുവചനഭാഗം: ശ്ലീഹ 13:1-52)

പതിമൂന്നാം അദ്ധ്യായത്തോടുകൂടി നടപടിപ്പുസ്തകത്തിന്റെ രണ്ടാം ഭാഗത്തേക്കു നാം കടക്കുകയാണ്. ആദ്യത്തെ പന്ത്രണ്ട് അദ്ധ്യായങ്ങൾ പത്രോസ് ശ്ലീഹായുടെ നേതൃത്വശുശ്രൂഷയുടെ കാലഘട്ടമായിരുന്നെങ്കിൽ, പതിമൂന്നു മുതലുള്ള അദ്ധ്യായങ്ങൾ പൗലോസ്ശ്ലീഹായുടെ നേതൃത്വത്തിലുള്ള സഭാശുശ്രൂഷയുടെ കാലഘട്ടമാണ്. പത്രോസ്ശ്ലീഹാ യഹൂദക്രൈസ്തവസമൂഹത്തിന്റെ നേതാവായിരുന്നെങ്കിൽ, പൗലോസ്ശ്ലീഹാ വിജാതീയ ക്രൈസ്തവസമൂഹത്തിന്റെ നേതാവായിരുന്നു എന്ന് നമുക്കു പറയാൻ സാധിക്കും. യഹൂദരിൽ നിന്നും വിജാതീയരുടെ പക്കലേക്ക് സുവിശേഷപ്രഘോഷണം നിർണ്ണായകമായി തിരിയുന്ന പശ്ചാത്തലമാണ് ശ്ലീഹന്മാരുടെ നടപടി 13-ാം അദ്ധ്യായം വിവരിക്കുന്നത്. ഈ വചനഭാഗത്തെ 5 ഭാഗങ്ങളായി നമുക്കു തിരിക്കാം.

1. ബർണബാസും സാവൂളും അയയ്ക്കപ്പെടുന്നു (13:1-3)
2. ഉപസ്ഥാനപതി വിശ്വാസം സ്വീകരിക്കുന്നു (13:4-12)
3. പൗലോസിന്റെ ആദ്യ സുവിശേഷപ്രസംഗം (13:13-41)
4. യഹൂദരുടെ അനുകൂലപ്രതികരണം (13:42-43)
5. പൗലോസും ബർണബാസും വിജാതീയരുടെ പക്കലേക്കു പോകുന്നു (13:44-52)

### 1. പുരോഹിതൻ: പ്രബോധകനും പ്രവാചകനും

*''അവർ കർത്താവിനു ശുശ്രൂഷ ചെയ്തും ഉപവസിച്ചും കഴിയവേ, പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു: ബർണബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി, എനിക്കുവേണ്ടി മാറ്റിനിർത്തുക. ഉപവാസത്തിനും പ്രാർത്ഥനയ്ക്കുംശേഷം അവർ അവരുടെമേൽ കൈവയ്പു നടത്തി പറഞ്ഞയച്ചു.'' (13:2-3).*

''അന്ത്യോക്യായിലെ സഭയിൽ പ്രവാചകന്മാരും പ്രബോധകന്മാരും ഉണ്ടായിരുന്നു'' (13:1) എന്നു പറഞ്ഞാണ് ഈ അദ്ധ്യായം തുടങ്ങുന്നത്. ജറുസലേമിലെ സഭയിൽനിന്നും വ്യത്യസ്തമായ ഒരു ഘടനയാണ് അന്ത്യോക്യൻസഭയിൽ നാം കാണുന്നത്. ജറുസലേമിലെ യഹൂദക്രൈസ്തവസഭാസമൂഹത്തിൽനിന്നും വ്യത്യസ്തമായിരുന്നു അന്ത്യോക്യായിലെ സഭാസമൂഹം. ജറുസലേം സഭയിൽ ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും സഭയ്ക്കു നേതൃത്വം കൊടുക്കുന്നെങ്കിൽ അന്ത്യോക്യൻ സഭയിൽ പ്രവാചകന്മാരും പ്രബോധകന്മാരുമാണ് സഭാനേതൃത്വം നല്കുന്നതായി പറയുന്നത്. സഭയുടെ വിശ്വാസപരിശീലനത്തിൽ പ്രവാചകർക്കും പ്രബോധകർക്കും തുല്യപ്രാധാന്യമാണുള്ളത്. സുവിശേഷപ്രഘോഷണം സുവി

ശേഷം സ്വീകരിക്കുവാനുള്ള ആഹ്വാനം ഉൾക്കൊള്ളുന്നെങ്കിൽ, പ്രബോധനം, സ്വീകരിക്കുന്ന സുവിശേഷം പഠിച്ചു മനസ്സിലാക്കി ജീവിതത്തിൽ പ്രാവർത്തിക മാക്കാൻ സഹായകമായിത്തീരുന്നു. സഭയുടെ സുവിശേഷപ്രഘോഷണത്തിന് ഇവ രണ്ടും ആവശ്യകമായി വരുന്നു.

സാവൂളിനെയും ബർണബാസിനെയും സുവിശേഷവേലയ്ക്ക് നിയോഗി ക്കുന്ന രീതി ശ്രദ്ധേയമാണ്: ''ഉപവാസത്തിനും പ്രാർത്ഥനയ്ക്കുംശേഷം അവർ അവരുടെമേൽ കൈവയ്പുനടത്തി പറഞ്ഞയച്ചു'' (13:3). പരിശുദ്ധാത്മാവാണ് സഭയ്ക്കു രൂപം നല്കി സഭയെ നയിച്ച് വളർത്തുന്നതെന്ന് ഇതു സൂചിപ്പി ക്കുന്നു. പന്തക്കുസ്താനുഭവമായിരുന്നല്ലോ സഭയ്ക്കു ജന്മം നല്കിയത്. ശ്ലീഹ ന്മാരിലൂടെയും അവരുടെ പിൻഗാമികളിലൂടെയും സഭയെ നയിക്കുന്നതും പരിശുദ്ധാത്മാവുതന്നെയാണ്. ഇവിടെ പറയുന്ന കൈവയ്പ് പുരോഹിതാ ഭിഷേകം നല്കുന്ന കൈവയ്പായിരിക്കുകയില്ല. എങ്കിലും സഭയുടെ അംഗീ കാരത്തെ സൂചിപ്പിക്കുന്നതാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭയിൽ വേണ്ടതുപോലെ നടക്കണമെങ്കിൽ ഉപവാസത്തിലൂടെയും പ്രാർത്ഥനയി ലൂടെയും സഭാംഗങ്ങളെല്ലാവരും ഒന്നിച്ചു സഹകരിക്കണം. സഭാശുശ്രൂഷ നിർവഹിക്കുന്നവരോടൊപ്പം സഭാജീവിതം നയിക്കുന്നവരെല്ലാവരും ഉപവാസ ത്തിലൂടെയും പ്രാർത്ഥനയിലൂടെയും അരൂപിയുടെ പ്രവർത്തനത്തെ സഭയിൽ പരിപോഷിപ്പിക്കണം.

**2. പുരോഹിതൻ: അടയാളത്തോടുകൂടിയ പ്രബോധകൻ**

*''പൗലോസ് എന്നുകൂടി പേരുള്ള സാവൂളാകട്ടെ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവന്റെനേരേ സൂക്ഷിച്ചുനോക്കി പറഞ്ഞു: സാത്താന്റെ സന്താനമേ, സകല നീതിക്കും എതിരായവനേ, ദുഷ്ടതയും വഞ്ചനയും നിറഞ്ഞവനേ, ദൈവത്തിന്റെ നേർവഴികൾ ദുഷിപ്പിക്കുന്നതിൽനിന്നു വിരമിക്കയില്ലേ? ഇതാ, കർത്താവിന്റെ കരം ഇപ്പോൾ നിന്റെമേൽ പതിക്കും. നീ അന്ധനായിത്തീരും; കുറേക്കാലത്തേക്ക് സൂര്യനെ ദർശിക്കാൻ നിനക്കു സാധിക്കുകയില്ല. ഉടൻതന്നെ മൂടലും അന്ധ കാരവും അവനെ ആവരണം ചെയ്തു. തന്നെ കൈയ്ക്കു പിടിച്ചു നയിക്കാൻ അവൻ ആളുകളെ അന്വേഷിച്ചു ചുറ്റിത്തിരിഞ്ഞു'' (13:9-11).*

പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ട ബർണബാസും സാവൂളും അന്ത്യോ ക്യായുടെ തുറമുഖമായ സെലൂക്യായിൽചെന്ന് അവിടെനിന്നും കപ്പൽകയറി സൈപ്രസിലെ സലാമീസിൽ ചെന്ന് യഹൂദരുടെ സിനഗോഗുകളിൽ ദൈവ വചനം പ്രസംഗിച്ചു (13:3-4). പൗലോസ് തന്റെ സുവിശേഷപ്രഘോഷണത്തിൽ സ്വീകരിച്ച നയം ''ആദ്യം യഹൂദർക്കും പിന്നെ ഗ്രീക്കുകാർക്കും'' എന്നുള്ള തായിരുന്നു (റോമാ 1:16). യഹൂദർക്കാണ് മിശിഹായുടെ സുവിശേഷം മനസ്സി ലാക്കുവാനുള്ള പശ്ചാത്തലമുള്ളത്. അതിനുശേഷംവേണം വിജാതീയരോടു സുവിശേഷം പ്രസംഗിക്കുവാൻ. ഈ നിയമമനുസരിച്ചാണ് സലാമീസിലെ യഹൂദസിനഗോഗുകളിൽ പൗലോസും ബർണബാസും സുവിശേഷം പ്രസം ഗിച്ചത്. അവിടെയെല്ലാം ജന്മനാ യഹൂദരായിരുന്നവരും യഹൂദമതമവലംബിച്ച യഹൂദേതരുമുണ്ടായിരുന്നു. സലാമീസിലെ സുവിശേഷപ്രഘോഷണഫലമായി യഹൂദരിൽനിന്നും യഹൂദമതാവലംബികളിൽനിന്നും വളരെപ്പേർ സുവിശേഷം സ്വീകരിക്കാൻ തയ്യാറായി. അതിലൊരാളായിരുന്നു അന്നത്തെ ദേശാധിപതിയാ യിരുന്ന സേർജിയൂസ് പാവുളൂസ്.

ഈ ദേശാധിപതി ദൈവവചനം ശ്രവിക്കാൻ താല്പര്യപ്പെട്ട് ബർണബാസി നെയും സാവൂളിനെയും വിളിപ്പിച്ചു (13:7). എന്നാൽ, മാന്ത്രികനായ എലിമാസ്

വിശ്വാസത്തിൽനിന്ന് ദേശാധിപതിയെ വ്യതിചലിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ട് അവരെ തടഞ്ഞു (13:8). അപ്പോൾ പൗലോസ്, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അയാളെ ശാസിച്ചു. അയാളുടെ നിലപാടുകൾ ദൈവത്തിന്റെ വഴികൾക്കു വിരുദ്ധമാണെന്ന് അയാളെ ഓർമ്മിപ്പിക്കുകയും അതിന്റെ ഫലമായി അയാൾക്കു വരാൻപോകുന്ന വിപത്തിനെക്കുറിച്ച് അയാൾക്കു മുന്നറിയിപ്പു നല്കുകയും ചെയ്തു (13:9–11). പൗലോസ് പറഞ്ഞതുപോലെ സംഭവിച്ചപ്പോൾ ദേശാധിപതി കർത്താവിന്റെ പ്രബോധനത്തെക്കുറിച്ച് അത്ഭുതപ്പെടുകയും വിശ്വാസം സ്വീകരിക്കുകയും ചെയ്തു (13:12). ഇവിടം മുതൽ സാവൂളിന്റെ പേര് നടപടി ഗ്രന്ഥത്തിൽ 'പൗലോസ്' എന്നു മാറ്റിയിരിക്കുന്നതായി കാണുന്നു. ഈ ഭാഗം മുതൽ പൗലോസാണ് സുവിശേഷപ്രഘോഷണത്തിനു നേതൃത്വം ഏറ്റെടുക്കുന്നത്. സഭയിൽ സുവിശേഷപ്രഘോഷണം നടത്തേണ്ടത് അരൂപിയാൽ നിറഞ്ഞും അടയാളങ്ങളോടുകൂടിയും ആയിരിക്കണമെന്നത് ഇവിടെ വ്യക്തമാക്കുകയാണ്. പുരോഹിതൻ മിശിഹായുടെ അരൂപിയാൽ അഭിഷിക്തനും അരൂപിയാൽ നിറഞ്ഞ് സുവിശേഷപ്രഘോഷണം നടത്തേണ്ടവനുമാണ്. അപ്രകാരം അടയാളങ്ങളോടുകൂടി സുവിശേഷം പ്രഘോഷിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യേണ്ടവനാണ് പുരോഹിതനെന്നും അപ്രകാരമുള്ള സുവിശേഷപ്രബോധനം ഫലപ്രദമായിത്തീരുമെന്നും ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

### 3. പുരോഹിതൻ: വിശ്വസിക്കുന്നവർക്ക് മിശിഹാവഴിയുള്ള നീതീകരണം പ്രഘോഷിക്കുന്നവൻ

*"എന്നാൽ ദൈവം ഉയിർപ്പിച്ചവനാകട്ടെ ജീർണത പ്രാപിച്ചില്ല. സഹോദരരേ, നിങ്ങൾ ഇത് അറിഞ്ഞുകൊള്ളുവിൻ. നിങ്ങൾക്കു പാപമോചനം പ്രഘോഷിക്കപ്പെട്ടിരിക്കുന്നത് ഇവൻ വഴിയത്രേ. മോശയുടെ നിയമംവഴി നീതീകരണം ലഭിക്കാനാവാത്ത കാര്യങ്ങളുണ്ട്. വിശ്വസിക്കുന്നവർക്ക് അവൻവഴി അവയിൽ നീതീകരണം ലഭിക്കും" (13:37–39).*

പൗലോസിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ സുവിശേഷപ്രഘോഷണമാണ് പിസീദിയായിലുള്ള അന്ത്യോക്യായിലെ സിനഗോഗിൽ നടക്കുന്നത് (13:16–41). പ്രഭാഷണം നല്കുവാൻ ക്ഷണം ലഭിച്ചപ്പോൾ പൗലോസ് എഴുന്നേറ്റ്, കേൾവിക്കാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊണ്ട് പ്രസംഗിച്ചു. പന്തക്കുസ്താനുഭവത്തിനുശേഷം പത്രോസ് ചെയ്ത പ്രസംഗത്തോടും (2:14–40) സ്തേഫാനോസ് തന്റെ രക്തസാക്ഷിത്വത്തിനുമുമ്പു ചെയ്ത പ്രസംഗത്തോടും (7:1–53) സാമ്യമുള്ള സുവിശേഷപ്രസംഗമാണ് പൗലോസിന്റേത്. ഇസ്രായേൽക്കാരുടെ ചരിത്രം പരിശോധിക്കുന്ന ഏതു യഹൂദനും മിശിഹായുടെ സുവിശേഷം സ്വീകരിക്കുക എന്നത് തികച്ചും ന്യായമാണ്. ഇതു വ്യക്തമാക്കുവാൻ ശ്രമിക്കുന്ന പൗലോസിന്റെ പ്രസംഗത്തിന് മൂന്നു ഭാഗങ്ങളുണ്ട്. 1. മിശിഹായുടെ വരവിനായുള്ള ഒരുക്കം (13:17–22). 2. മിശിഹായുടെ വരവ് നിവർത്തിച്ച കാര്യങ്ങൾ (13:23–37). 3. വിശ്വാസത്തിലേക്കുള്ള ആഹ്വാനം (14:38–41). മിശിഹാസംഭവമാണ് സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രബിന്ദു. രക്ഷാകരചരിത്രം മുഴുവനും മിശിഹാസംഭവത്തിലേക്കും, പ്രത്യേകിച്ച് മിശിഹായുടെ ഉത്ഥാനത്തിലേക്കും നയിക്കുന്നതാണെന്നും ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസംവഴിയാണ് മനുഷ്യകുലത്തിന്റെ നീതീകരണം അഥവാ വിശുദ്ധീകരണം നടക്കുന്നതെന്നുമുള്ളതാണ് സുവിശേഷപ്രഘോഷണത്തിന്റെ അന്തഃസത്ത.

സഭയുടെ അസ്തിത്വത്തിന്റെ ലക്ഷ്യംതന്നെ സുവിശേഷപ്രഘോഷണമാണ്. സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രബിന്ദു മിശിഹായുടെ ഉത്ഥാനത്തിലൂടെ

കരഗതമായ മനുഷ്യകുലത്തിന്റെ രക്ഷയുമാണ്. പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട്: ''മിശിഹാ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതായി പ്രഘോഷിക്കപ്പെടുന്നെങ്കിൽ മരിച്ചവർക്കു പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? മരിച്ചവർക്കു പുനരുത്ഥാനമില്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കൊറി 15:12-14). സഭയുടെ ആരംഭകാലംമുതൽ ഇതായിരുന്നു സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രബിന്ദു. പുരോഹിതന്റെ പ്രഥമദൗത്യവും ഈ സുവിശേഷപ്രഘോഷണമാണ്. മിശിഹായുടെ മരണോത്ഥാനങ്ങളിലൂടെ മനുഷ്യനു കരഗതമായ വിശുദ്ധീകരണത്തിന്റെ ഏറ്റവും വലിയ പ്രഘോഷണം പരിശുദ്ധ കുർബാനയർപ്പണമാണ്. അതുകൊണ്ട് പരിശുദ്ധ കുർബാനയർപ്പണത്തിൽ കേന്ദ്രീകൃതമായ ജീവിതവും പ്രഘോഷണവും പ്രബോധനവുമാണ് പുരോഹിതന്റെ ഏറ്റം പ്രധാനപ്പെട്ട ദൗത്യം.

**4. പുരോഹിതൻ: ദൈവകൃപയിലുള്ള നിലനില്പിന്റെ ശുശ്രൂഷകൻ**

*''സിനഗോഗിലെ സമ്മേളനം പിരിഞ്ഞപ്പോൾ പല യഹൂദരും യഹൂദമതത്തിൽ പുതുതായി ചേർന്ന ദൈവഭക്തരായ പലരും പൗലോസിനെയും ബർണബാസിനെയും അനുഗമിച്ചു. അവരാകട്ടെ, അവരോടു സംസാരിക്കുകയും ദൈവകൃപയിൽ നിലനില്ക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു'' (13:43).*

പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിന് വളരെ അനുകൂലമായ പ്രത്യുത്തരമാണ് ലഭിച്ചത്. ഇക്കാര്യങ്ങളെല്ലാം അടുത്ത സാബത്തിലും വിവരിക്കണമെന്ന് ശ്രോതാക്കളെല്ലാം അവരോട് അപേക്ഷിച്ചു (13:42). സമ്മേളനം കഴിഞ്ഞപ്പോൾ പല യഹൂദരും യഹൂദമതത്തിൽ പുതുതായി ചേർന്ന ദൈവഭക്തരായ പലരും പൗലോസിനെയും ബർണബാസിനെയും അനുഗമിച്ചുവെന്നും പറയുന്നു (13:42). യഹൂദരും യഹൂദമതത്തോട് ആഭിമുഖ്യമുള്ളവരും സിനഗോഗിലുണ്ടായിരുന്നതായി പൗലോസിന്റെ പ്രസംഗത്തിൽ സൂചനയുണ്ട്. ''ഇസ്രായേൽജനമേ, ദൈവത്തെ ഭയപ്പെടുന്നവരേ, ശ്രദ്ധിക്കുവിൻ'' (13:16), ''സഹോദരരേ, അബ്രാഹത്തിന്റെ സന്തതികളേ, ദൈവഭയമുള്ളവരേ, നമ്മുടെ അടുത്തേക്ക് ഈ രക്ഷയുടെ വചനം അയയ്ക്കപ്പെട്ടിരിക്കുന്നു'' (13:26) എന്ന സംബോധനകളെല്ലാം ഇതു സൂചിപ്പിക്കുന്നുണ്ട്. അവർ വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു എന്നു ചിന്തിക്കാൻ സാദ്ധ്യതയുണ്ട്. 'അനുഗമിക്കുക' എന്ന വാക്ക് മിശിഹാശിഷ്യത്വത്തെ സൂചിപ്പിക്കുന്ന ഒന്നാണ്. ശിഷ്യത്വത്തിലേക്ക് ഒരാളെ പ്രവേശിപ്പിക്കുന്നത് മാമ്മോദീസായിലൂടെയാണല്ലോ (മത്താ 28:19).

ഇപ്രകാരം അനുകൂലമായ പ്രത്യുത്തരം നല്കിയവരോട് പൗലോസും ബർണബാസും സംസാരിച്ചുവെന്നും ദൈവകൃപയിൽ നിലനില്ക്കാൻ അവരെ പ്രേരിപ്പിച്ചുവെന്നും തുടർന്നു പറയുന്നു (13:43). മാമ്മോദീസായിലൂടെ ലഭിച്ച ദൈവകൃപയിൽ നിലനില്ക്കണമെങ്കിൽ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതം അവശ്യമാണ്. അതുകൊണ്ട് സുവിശേഷപ്രഘോഷണത്തിന്റെ ഒരവശ്യഘടകമായിത്തന്നെ കൂദാശാജീവിതത്തെയും അജപാലനശുശ്രൂഷയെയും കാണേണ്ടതുണ്ട്. സുവിശേഷപ്രഘോഷകനായ പുരോഹിതൻ അതോടൊപ്പം ബലിയർപ്പകനും കൂദാശകൾ പരികർമ്മം ചെയ്യുന്നവനും അജപാലനശുശ്രൂഷ നിർവഹിക്കുന്നവനുമായിരിക്കണം. അപ്രകാരം സുവിശേഷപ്രഘോഷണത്തിലൂടെ ദൈവകൃപയുടെ വക്താവായ പുരോഹിതൻ ദൈവകൃപയിലുള്ള നിലനില്പ്പിന്റെ ശുശ്രൂഷകനുമാകണം.

### 5. പുരോഹിതൻ: ദൈവപദ്ധതിപ്രകാരം ശുശ്രൂഷ ചെയ്യുന്നവൻ

*''പൗലോസും ബർണബാസും ധൈര്യപൂർവം ഇങ്ങനെ പറഞ്ഞു: ദൈവ വചനം ആദ്യം നിങ്ങളോടു പ്രസംഗിക്കുക ആവശ്യമായിരുന്നു. എന്നാൽ, നിങ്ങൾ അതു തള്ളിക്കളയുന്നതുകൊണ്ടും നിത്യജീവനു നിങ്ങളെത്തന്നെ അയോഗ്യ രാക്കിത്തീർത്തിരിക്കുന്നതുകൊണ്ടും ഇതാ, ഞങ്ങൾ വിജാതീയരുടെ അടുക്ക ലേക്കു തിരിയുന്നു. കാരണം, കർത്താവു ഞങ്ങളോട് ഇങ്ങനെ കല്പിച്ചിരി ക്കുന്നു: ഭൂമിയുടെ അതിർത്തികൾവരെ രക്ഷ വ്യാപിപ്പിക്കുന്നതിന് വിജാതീയർക്ക് ഒരു ദീപമായി നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു'' (13:46-47).*

''അടുത്ത സാബത്തിൽ ദൈവവചനം ശ്രവിക്കാൻ നഗരവാസികൾ എല്ലാവരും തന്നെ സമ്മേളിച്ചു'' (13:44). യഹൂദരും യഹൂദമതത്തോട് അനുഭാവമുള്ളവരും മാത്രമല്ല, വിജാതീയരും ഉൾപ്പെടുന്ന വലിയ ഒരു ജനക്കൂട്ടം പൗലോസിന്റെയും ബർണബാസിന്റെയും സുവിശേഷപ്രഘോഷണം കേൾക്കാൻ ഒരുമിച്ചുകൂടി യതു കണ്ടപ്പോൾ സിനഗോഗ് അധികാരികളും യഹൂദരും അസൂയാലുക്കളായി അവരെ പ്രസംഗിക്കാൻ അനുവദിച്ചില്ല. യഹൂദയാഥാസ്ഥിതികർ അവരിരുവ രെയും, ഒരുപക്ഷേ അവർ പ്രസംഗിച്ച ഈശോയെയും, നിന്ദിച്ചു സംസാരിച്ചു കാണും. അതിന് സുവിശേഷപ്രഘോഷകർ നല്കിയ പ്രതികരണം ശ്രദ്ധേയ മാണ്. അവർ ഇപ്രകാരമാണ് പറഞ്ഞത് - സുവിശേഷം ആദ്യമായി പ്രസംഗി ക്കേണ്ടിയിരുന്നത് യഹൂദന്മാരോടായിരുന്നു. അവർ അതു സ്വീകരിച്ചിരുന്നു വെങ്കിൽ, അവരിൽക്കൂടെ വിജാതീയരോടും സുവിശേഷം അറിയിക്കാമായിരുന്നു. എന്നാൽ അവർ എതിർത്തതുകൊണ്ട് സുവിശേഷപ്രഘോഷകർക്ക് വിജാതീ യരെ നേരിട്ടു സുവിശേഷം അറിയിക്കേണ്ടി വന്നിരിക്കുന്നു (13:46).

ഇതു ദൈവത്തിന്റെ പദ്ധതിക്കനുസൃതമായിട്ടാണു സംഭവിച്ചതെന്ന് അവരുടെ വാക്കുകളിൽ സൂചനയുണ്ട് (13:47). വിജാതീയർക്ക് ഒരു ദീപമായിത്തീരാനും അപ്രകാരം കർത്താവിന്റെ രക്ഷ ഭൂമിയുടെ അതിർത്തികൾവരെ വ്യാപിപ്പിക്കാ നുമുള്ള ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണമാണ് ഇവിടെ സംഭവിക്കു ന്നത്. ഈ വാക്കുകൾ കേട്ടപ്പോൾ വിജാതീയർ സന്തോഷഭരിതരായി കർത്താ വിന്റെ വചനത്തെ പ്രകീർത്തിക്കുകയും നിത്യജീവനു നിയോഗം ലഭിച്ചവരെല്ലാം വിശ്വസിക്കുകയും ചെയ്തുവെന്നും (13:48) പ്രത്യേകം എടുത്തുപറയുന്നു. പുരോഹിതന്റെ ശുശ്രൂഷാരംഗങ്ങളിൽ ഇതുപോലെ എതിർപ്പുകളുമാകുന്ന സാഹ ചര്യങ്ങളുണ്ടാകാം. അപ്രകാരമുള്ള അവസരങ്ങളിൽ ദൈവഹിതമെന്തെന്നു വിവേ ചിച്ചറിയുവാനും അതിനനുസൃതമായി അജപാലനശുശ്രൂഷ നിർവഹിക്കുവാ നും പുരോഹിതനു കഴിയണം.

### ജീവിതസൂചിക

1. എന്റെ സഭാശുശ്രൂഷയിൽ പ്രബോധനപരവും പ്രവചനപരവുമായ മാന ങ്ങൾക്ക് ഞാൻ എത്രമാത്രം പ്രാധാന്യം നല്കുന്നുണ്ട്?
2. അരൂപിയിൽ നിറഞ്ഞ് ശുശ്രൂഷ നിർവഹിക്കുവാനും പ്രബോധനത്തോടൊപ്പം അടയാളങ്ങളുമുണ്ടെന്ന് ഉറപ്പുവരുത്തുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
3. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതത്തിനും പ്രഘോഷണ ത്തിനും എന്റെ പുരോഹിതശുശ്രൂഷയിൽ ഞാൻ എത്രമാത്രം പ്രാധാന്യം നല്കുന്നുണ്ട്?
4. ദൈവകൃപയിലുള്ള നിലനില്പിന്റെ ശുശ്രൂഷകനായി വർത്തിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. എന്റെ അജപാലനശുശ്രൂഷാരംഗങ്ങളിൽ ദൈവഹിതമെന്തെന്നു വിവേചിച്ച റിഞ്ഞ് ശുശ്രൂഷ ചെയ്യുവാൻ ഞാൻ ശ്രദ്ധിക്കാറുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഡിസംബർ 21 – ജനുവരി 25**

പീരുമേട് ചാൾസ് വില്ലയിൽ, അതിരൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിക്കുവാൻ ഒരുങ്ങുന്ന മ്ശംശാന്മാരുടെ പ്രാർത്ഥനയിലും, പഠനത്തിലും സമയം ചെലവഴിച്ചു.

22 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിലെ ജോലി ചെയ്യുന്നവർക്കൊപ്പം ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി സമ്മാനങ്ങൾ വിതരണം ചെയ്തു. തൃക്കൊടിത്താനം ഫൊറോന പള്ളിയങ്കണത്തിൽ എ.കെ.സി.സി. വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. മാമ്മൂട് ലൂർദ്ദ് മാതാ ഇടവക, വെരൂർ സെന്റ്, ജോസഫ് ഇടവക എന്നിവരുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു നൽകിയ വീടിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു ആശംസകൾ നേർന്നു.

23 ഉച്ചകഴിഞ്ഞ് യൂദാപുരം സെന്റ് ജൂഡ് ദൈവാലയത്തിൽ ഇടവക ദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പുതിയതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മവും നിർവ്വഹിച്ചു. തുടർന്ന് കുറിച്ചി മൈനർ സെമിനാരിയിൽ ബ്രദേഴ്സിന്റെ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശവും സമ്മാനവും നൽകി.

24 രാവിലെ മൈനർ സെമിനാരി ചാപ്പലിൽ ബ്രദേഴ്സിനായി വി. കുർബാന അർപ്പിക്കുകയും, സത്ന സെമിനാരിയിൽ പഠിക്കുന്ന മൂഴിക്കുന്നേൽ ഫിലിപ്പ് ശെമ്മാശന് മ്ശംശാനയ്ക്കു പട്ടം നൽകുകയും ചെയ്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കത്തീഡ്രൽ പള്ളിയിൽ കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്തു.

25 ക്രിസ്തുമസ് കർമ്മങ്ങൾക്ക് കത്തീഡ്രൽ പള്ളിയിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതയിലെ വൈദികരുമൊത്ത് ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

26 രാവിലെ എടത്വ സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിൽ വെട്ടുകുഴിയിൽ വർഗീസ് അച്ചനും, മൂന്നുപറയിൽ വർഗ്ഗീസ് അച്ചനും തിരുപ്പട്ടം നൽകി. തുടർന്ന് തൃക്കൊടിത്താനം പള്ളിയിൽ വിവാഹ വാഗ്ദാനം പരികർമ്മം ചെയ്തു. ഉച്ചകഴിഞ്ഞ് പുളിങ്കുന്ന് പള്ളിയിൽ കൊച്ചുപാലത്തിങ്കൽ സഞ്ചു – മേരി ദമ്പതികളുടെ 5–മത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. വൈകുന്നേരം കത്തീഡ്രൽ പള്ളിയിൽ വിവാഹ വാഗ്ദാന കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. തുടർന്ന് സൺഡേസ്കൂൾ കുട്ടികൾക്കായി, സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ ളായിക്കാട് മേരി റാണി സ്കൂളിൽ ക്രമീകരിച്ച ത്രിദിന ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വൈകുന്നേരം മീഡിയാ വില്ലേജിൽ ആരംഭിച്ച മേള ഉദ്ഘാടനം ചെയ്തു.

27 തുരുത്തി മർത്ത് മറിയം ഫൊറോന പള്ളിയിൽ മാറാട്ടുകളം മാത്യു, പ്ലാത്താനം ജോസഫ് എന്നീ ശെമ്മാച്ചന്മാർക്ക് പൗരോഹിത്യം പട്ടം സഭയിലെ പുരോഹിത ശുശ്രൂഷയ്ക്കായി നിയോഗിച്ചു. ഉച്ചയ്ക്ക് എസ്.ബി. കോളേജിൽ കരിസ്മാറ്റിക് സോണിന്റെ ആഭിമുഖ്യത്തിലുള്ള കൂട്ടായ്മയിൽ പങ്കെടുത്ത വരുമായി സംസാരിച്ചു. ഉച്ചകഴിഞ്ഞ് കൈനകരിയിൽ എം.സി.ബി.എസ്. സന്ന്യാസ സമൂഹാംഗമായ മൂലയിൽ തോമസ് ശെമ്മാച്ചനെ പുരോഹിതപട്ടം നൽകി അഭിഷേകം ചെയ്തു. വൈകുന്നേരം അതിരൂപതാ അങ്കണത്തിൽ, ക്രിസ്തുമസ്സിനോടനുബന്ധിച്ച് പ്രത്യേകം ക്ഷണിക്കപ്പെട്ടവർക്കായി ക്രമീക രിച്ച സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

28 വൈശ്യംഭാഗം സെന്റ് ആന്റണീസ് പള്ളിയിൽ മേപ്പുറം ഗ്രിഗറി ശെമ്മാച്ചനു പൗരോഹിത്യം പട്ടം നൽകി.

29 രാവിലെ റവ. ബ്ര. ലിയോ ചെരുവിൽ-ന്റെ, സന്യാസവ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പുന്നത്തുറ സെന്റ് തോമസ് ഇടവക യിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ നല്ലതണ്ണി ആശ്രമാംഗമായ ജോർജ്ജ് വട്ടിത്തറയ്ക്ക് പുരോഹിത പട്ടം നൽകി ആശീർവദിച്ചു.

30 രാവിലെ പാസ്റ്ററൽ സെന്ററിൽ പ്രീമാര്യേജ് കോഴ്സിൽ പങ്കെടുക്കുന്ന വർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചയ്ക്ക് പൗരോഹി ത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ആലഞ്ചേരി ബഹു. ജോസ ച്ചന്റെ ആത്മകഥാഗ്രന്ഥം പ്രകാശനം ചെയ്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അരുവിക്കുഴി ലൂർദ്ദ് മാതാ ഭവനത്തിലെ വാർഷിക സമ്മേളനത്തിൽ പങ്കെ ടുത്ത് സന്ദേശം നൽകി.

31 രാവിലെ പാലാ രൂപതയിലെ വാകക്കാട് പള്ളിയിൽ എം.എസ്.റ്റി. സൊസൈറ്റി അംഗമായ അഖിൽ തോട്ടപ്പള്ളി അച്ചന് തിരുപ്പട്ടം നൽകി അനുഗ്രഹിച്ചു.

**ജനുവരി 2019**

1 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ കൂരിയാ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

2 രാവിലെ, പാറാമ്പുഴ ബെത്‌ലെഹം പള്ളിയിൽ ജോസഫ് ചമ്പക്കുളത്തിൽ അച്ചന്റെ തിരുപ്പട്ട ശുശ്രൂഷയിൽ വചനസന്ദേശം നൽകി. രോഗാവസ്ഥയിലായിരുന്ന പാടിയത്ത് ബഹു. ഫെലിക്സ് അച്ചനെ ഭവനത്തിലെത്തി സന്ദർശിച്ചു. വൈകുന്നേരം താമരശ്ശേരിലേക്ക് യാത്ര പുറപ്പെട്ടു.

3 രാവിലെ താമരശ്ശേരി രൂപതയിലെ കുളിരാമുട്ടി ഇടവകയിൽ പനയ്ക്കൽ വർഗ്ഗീസ് മ്ശംശാനയ്ക്ക് തിരുപ്പട്ടം നൽകി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തി. ഉച്ചകഴിഞ്ഞ് താമരശ്ശേരി രൂപതയിലെ ‘ബഥാനിയാ’ ധ്യാനകേന്ദ്ര ത്തിൽ വി. കുർബാനയർപ്പിച്ചു. വൈകുന്നേരം ചങ്ങനാശ്ശേരിയിലേക്കു യാത്ര തിരിച്ചു.

4 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ കൂരിയാ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് കിളിമല എസ്.എച്ച്. സ്കൂളിന്റെ വാർഷികാഘോഷ പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം മണിമലയിൽ ഫൊറോന ബൈബബിൾ സമാപന സന്ദേശം നൽകി.

5 നെടുംകുന്നം ഫൊറോനാ കൗൺസിലിന്റെ നേതൃത്വത്തിൽ ഫൊറോനാ

നേതൃനിരയിലുള്ളവർക്ക് നൽകിയ പരിശീലന പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചയ്ക്ക് അമേരിക്കയിലെ സെന്റ് ലൂക്ക് കോളേജ് റെക്ടർക്ക് അതിരൂപതാ കേന്ദ്രത്തിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മാർത്തോമ്മാ വിദ്യാനികേതന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ബൈബിൾ ക്ലാസ്സിന് സന്ദേശം നൽകി, തുടർന്ന് ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം നമ്മുടെ അതിരൂപതയിൽനിന്നും മറ്റു രൂപതകളിലേയ്ക്കു സന്ന്യാസ സമൂഹങ്ങൾക്കുവേണ്ടിയും വൈദികപട്ടം സ്വീകരിച്ച നവ വൈദികർക്കു സ്വീകരണം നൽകി. നവവൈദികരുമൊത്തു ദനഹാത്തിരുനാളിനൊരുക്കമായുള്ള സായാഹ്ന നമസ്ക്കാരത്തിലും പിണ്ഡികുത്തി കർമ്മങ്ങൾക്കും നേതൃത്വം നൽകി.

6 ചമ്പക്കുളം കല്ലൂർക്കാട് ഫൊറോനപള്ളിയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സഭാ സിനഡിന്റെ സ്ഥിരം സമിതിയംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

7 രാവിലെ കോട്ടയം വടവാതൂർ ദീപിക ദിനപത്രത്തിന്റെ പുതിയതായി നിർമ്മിച്ച പ്രസ്സ് ഓഫീസ് വെഞ്ചരിച്ചു. തുടർന്ന് വടവാതൂർ സെമിനാരിയിൽ ബിരുദദാന ചടങ്ങിൽ (Convocation Day) പങ്കെടുത്ത് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. തുടർന്ന് സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

8-18 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

12 ഉച്ചകഴിഞ്ഞ് എറണാകുളം ആസ്തർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബഹു. ഫെലിക്സ് അച്ചനെ സന്ദർശിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ അതിരൂപതാ കൺസൾട്ടേഴ്സ് മീറ്റിംങ്ങിൽ പങ്കെടുത്തു. തുടർന്ന് സ്പെയിനിൽ നിന്നും കുട്ടനാടൻ പ്രളയാവസരത്തിൽ സഹായിച്ച എൻ.ജി.ഒ.യുടെ നേതൃനിരയെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

13 രാവിലെ മങ്കൊമ്പ് തെക്കേക്കര സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ഇടവക ദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ദൈവാലയത്തിൽ എല്ലാവരുമായി സംസാരിച്ച്, ഇടവകദിനത്തോടനുബന്ധിച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് പുളിങ്കുന്ന് ഫൊറോന പള്ളിയിൽ പ്രളയനിവാരണത്തിന്റെ രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ദുരിതാശ്വാസത്തിന്റെ ഭാഗമായി നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് ആലപ്പുഴ പഴവങ്ങാടി ഫൊറോന പള്ളിയിൽ വിവാഹ വാഗ്ദാനകർമ്മം ആശീർവദിച്ചു.

19 രാവിലെ എസ്.ബി. കോളേജിൽ പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. തുടർന്ന് പാറേൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു. മാതൃ-പിതൃ വേദി സംഘടനകളുടെ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ്. സംഘടനയുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. തുടർന്ന് പ്രവാസി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ കോളേജ് വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ സംഘടിപ്പിച്ച വിദേശ കോഴ്സുകൾ-ജോലികളെക്കുറിച്ചുള്ള അവബോധ ക്ലാസ്സിൽ പങ്കെടുത്തു. തുടർന്ന്

വായ്പൂര് പഴയപള്ളിയിൽ ശ്രീ. ജോസഫ് കുന്നുംപുറത്തിന്റെ (കുന്നുംപുറം ബഹു. ഫിലിപ്പ് അച്ചന്റെ സഹോദരൻ) മൃതസംസ്കാര ശുശ്രൂഷയിൽ ഭവന ത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ജർമ്മനിയിൽനിന്നും സന്ദർശനത്തിനായി എത്തിയവരെ സ്വീകരിച്ചു.

20 കോട്ടയം ഫൊറോനയിലെ അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവക യിൽ അജപാലന സന്ദർശനം നടത്തി.

21 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ കൂരിയ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സംഘടിപ്പിച്ച സീറോ മലബാർ മാതൃവേദി ദ്വിദിന ക്യാമ്പിൽ പങ്കെടുത്തവരെ സന്ദർശിച്ച് അനുഗ്രഹ സന്ദേശം നൽകി. തുടർന്ന് കൂരോപ്പട ഇടവകയിൽ പുതിയതായി നിർമ്മിച്ച കൊടിമരം ആശീർവദിക്കുകയും, തിരുനാളിനോടനുബന്ധിച്ച് കൊടിയുയർത്തുകയും ചെയ്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ക്രമീകരിച്ച ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് അത്താഴത്തിനുശേഷം അതിരൂപതാ കേന്ദ്രത്തിൽ ഈ വർഷം അതിരൂപത യ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്കു സ്വീകരണം നൽകി.

22 രാവിലെ ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വി. കുർബാന യർപ്പിച്ചു സന്ദേശം നൽകി. ഉച്ചയ്ക്ക് ചങ്ങനാശേരി സെന്റ് ജോസഫ് സ്കൂ ളിന്റെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് കൈനടി സ്കൂളിന്റെ വാർഷിക സമ്മേ ളനത്തിൽ പങ്കെടുത്ത് റിട്ടയർ ചെയ്യുന്ന അദ്ധ്യാപകർക്ക് നന്ദിയും ആശംസ കളും അറിയിച്ചു. തുടർന്ന് സഭൈക്യവാരത്തിന്റെ ഭാഗമായി ചങ്ങനാശേരി എക്യുമെനിക്കൽ കോൺഫറൻസിന്റെ ഭാഗമായി കിടങ്ങറ മാർ ഗ്രിഗറിയോസ് പള്ളിയിൽ സംഘടിപ്പിച്ച സഭൈക്യ പ്രാർത്ഥനയിൽ പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് കൊടിനാട്ടുകുന്ന് ഇടവകയിൽ അയർകാട്ടുവയിലിൽ പുതിയതായി നിർമ്മിച്ച 'അത്ഭുതസ്ലീവായുടെ കുരിശടി' വെഞ്ചരിച്ച് സമർപ്പി ക്കുകയും സന്ദേശം നൽകുകയും ചെയ്തു.

23 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ കൂരിയാ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് പാലാ രൂപതയിലെ കോതനല്ലൂർ ഇടവകയിൽ സ്കൂ ളിന്റെ ശതാബ്ദി ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. തുടർന്ന് ചങ്ങനാശേരി അസംപ്ഷൻ കോളേജിലെ മലയാള വിഭാഗ ത്തിന്റെ രജതജൂബിലിയുടെ ഭാഗമായി നടന്ന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി, മലയാള വിഭാഗത്തിൽ നിന്നും പ്രസിദ്ധീകരിച്ച പുസ്തകം പ്രകാശനം ചെയ്തു. തുടർന്ന് കത്തീഡ്രൽ ഇടവകാംഗമായ പാറേക്കടവിൽ ശ്രീ. ജോസഫുകുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് പുളിങ്കുന്ന് പള്ളിയിൽ സംഘടിപ്പിച്ച എക്യുമെനി ക്കൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്നു മുഹമ്മ സെന്റ് ജോർജ്ജ് ഇടവകയിലെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് അനുഗ്രഹസന്ദേശം നൽകി. പിന്നീട് കുറിച്ചി മൈനർ സെമിനാരിയിൽ പൗരോഹിത്യത്തിന്റെ രജത ജൂബി ലിയാഘോഷിക്കുന്ന കരുവേലിൽ ബഹു. സഖറിയാസ് അച്ചന് ജൂബിലിയാ ശംസകൾ നേർന്നു.

24. രാവിലെ കത്തീഡ്രൽ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. എസ്.ബി. ഹൈസ്കൂളിൽ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും റിട്ടയർ ചെയ്ത് വിരമിക്കുന്ന ബഹു. അദ്ധ്യാപകർക്ക് നന്ദിയും ആശംസകളും അറിയിക്കുകയും ചെയ്തു. തുടർന്ന് എസ്.ബി./അസംപ്ഷൻ കോളേജുകളുടെ ഉപകാരികളെ അതിരൂപത കേന്ദ്രത്തിൽ സ്വീകരിക്കുകയും സംസാരിക്കുകയും ചെയ്തു. തുടർന്ന് ആര്യാട് ലിറ്റിൽ ഫ്ളവർ ഇടവകയോടനുബന്ധിച്ച്, പുതിയതായി ആരംഭിക്കാനാഗ്രഹിക്കുന്ന CSN നസ്രത്ത് സിസ്റ്റേഴ്സിന്റെ മഠത്തിന്റെ ശില ആശീർവദിച്ചു ശിലാസ്ഥാപനം നടത്തി. തുടർന്ന് ആര്യാട് പള്ളിയിൽ പുതുയതായി നിർമ്മിച്ച സിമിത്തേരി ചാപ്പലിന്റെ ആശീർവാദം നടത്തി. പുതിയതായി പണികഴിപ്പിച്ച് വെഞ്ചരിപ്പിച്ച പാരീഷ് ഹാളിന്റെ (ഫാ. വടക്കേടം മെമ്മോറിയൽ മതബോധനകേന്ദ്രത്തിന്റെ) ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.

25. രാവിലെ അതിരൂപതാ കേന്ദ്രത്തിലെ കൂരിയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചശേഷം തിരുവല്ലയിൽ മാർത്തോമ്മാ സഭയുടെ ആസ്ഥാനമായ - പിലാത്തിയിൽ ഇന്റർ ചർച്ച് കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മണിമല സെന്റ് ജോർജ്ജ് സ്കൂളിന്റെ ശതാബ്ദി ആഘോഷ സമ്മേളനത്തിൽ പങ്കെടുത്ത് ഉദ്ഘാടന സന്ദേശം നൽകി. തുടർന്ന് പുളിക്കൽകവല പള്ളിയിൽ നടന്ന സമ്മേളനത്തിൽ വികാരി വലിയ പറമ്പിൽ ബഹു. സിറിയക് അച്ചന് പൗരോഹിത്യത്തിന്റെ ജൂബി ആശംസ നേരുകയും പുതിയതായി നിർമ്മിക്കുവാനാഗ്രഹിക്കുന്ന മതബോധന കേന്ദ്രത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

## മാർ തോമസ് തറയിൽ

**2018 ഡിസംബർ**

23 മണലാടി സെയ്ന്റ് മേരീസ് ഇടവകയിൽ MCBS സഭയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ കൃതജ്ഞതാ സമ്മേളനത്തിൽ സന്ദേശം നൽകി. പുതുശേരി സെയ്ന്റ് ജോസഫ് ബോയ്സ് ഹോമിൽ പരി.കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം നൽകി. കുറിച്ചി ഓർത്തഡോക്സ് വലിയ പള്ളിയിൽ എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ ക്രിസ്മസ് സന്ദേശം നൽകി.

24 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ സന്ദർശകരെ സ്വീകരിച്ചു.

25 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ പിറവിതിരുനാൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 പുല്ലങ്ങടി കുന്നേൽ ശ്രീമതി മേരിക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. കാരനക്കോടം ഇടവകയിൽ സവിന സിസ്റ്റേഴ്സിന്റെ പ്രഥമവ്രത വാഗ്ദാന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മല്ലപ്പള്ളി എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം നൽകി.

27 കൊടുപ്പുന്ന ഇടവക ദൈവാലയത്തിൽ ബഹു. ഡീക്കൻ ചാക്കോ വടക്കേതലയ്ക്കലിന് പൗരോഹിത്യപട്ടം നൽകി. പുളിങ്കുന്ന്, കൊല്ലമുട്ടം ഫാത്തിമമാതാ കപ്പേളപള്ളിയിൽ പ്രവേശക കൂദാശകൾ നൽകി. വേഴപ്ര സെന്റ് പയസ് X ഇടവകയിൽ യുവജനസംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

28 ളായിക്കാട് മേരിറാണി സ്കൂളിൽ 'ദനാറാ' ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ച് സന്ദേശം നല്കി. SB കോളേജിൽ നടന്ന ചങ്ങനാശേരി കരിസ്മാറ്റിക്ക് കൺവെൻഷനിൽ സന്ദേശം നൽകി. നാലുകോടി കൊണ്ടോടി – വെട്ടികാട് കുടുംബയോഗം ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. പുറക്കാട് ഇടവക ദൈവാലയത്തിൽ ബഹു. ഡീക്കൻ തോമസ് തുരുത്തുമാലിക്ക് പൗരോഹിത്യപട്ടം നൽകി. പച്ച – ചെക്കിടിക്കാട് ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

29 പുല്ലങ്ങടി ഇടവക ദൈവാലയത്തിൽ ബഹു. ഡീക്കൻ ആന്റെണി ചൂരവടിക്ക് പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് കാവാലം ലിസ്യൂ ഇടവക ദൈവാലയത്തിൽ ബഹു.ഡീക്കൻ ജോൺ ഇരുപത്തഞ്ചലിന് പൗരോഹിത്യപട്ടം നൽകി. മാടപ്പള്ളി കോയിപ്പുറം തോമസ് ജോസഫ് – അന്നമ്മ ദമ്പതികളുടെ വിവാഹ സുവർണ്ണജൂബിലി ആഘോഷത്തിൽ ആശംസകൾ നേർന്നു സംസാരിച്ചു. മീഡിയ വില്ലേജിൽ ചങ്ങനാശേരി ഫെസ്റ്റ് സന്ദർശിച്ച് സ്റ്റേജ് ഷോ ഉദ്ഘാടനം ചെയ്തു.

30 കരിയിൽ തിരുകുടുംബ ദൈവാലയത്തിൽ പരി.കുർബാന അർപ്പിച്ചു സന്ദേശം നൽകി. കുറുമ്പനാടം സെയ്ന്റ് ആന്റണിസ് ഫൊറോന പള്ളിയിൽ ഫാ. ജോസഫ് ഓവേലിൽ എസ്. ജെ. യുടെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. യൂദാപുരം സെയിന്റ് ജൂഡ് ഇടവകയിൽ ഫാ. ജോസ് ആലഞ്ചേരിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോ

ഷത്തിൽ ബഹു. അച്ചന്റെ 'ഫാമിലി സൈക്കോളജി' എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു.

31 അമ്പൂരി ഫൊറോന ഇടവക ദൈവാലയത്തിൽ ബഹു. ഡീക്കൻ ജോസഫ് ഇളംതുരുത്തിയിലിനും ബഹു. ഡീക്കൻ തോമസ് മുല്ലപ്പള്ളിക്കും പൗരോഹിത്യപട്ടം നൽകി. ഉച്ചക്കുശേഷം മായം ഇടവക ദൈവാലയത്തിൽ ബഹു. ഡീക്കൻ ഐസക്ക് കൂലിപറമ്പിലിനു പൗരോഹിത്യപട്ടം നൽകി. കഴക്കൂട്ടം വി. ജോൺപോൾ II യുവജന സെന്ററിൽ യുവജനങ്ങൾക്കു സന്ദേശം നല്കി. പട്ടം സീറോ മലങ്കര അതിഭദ്രാസനധിപൻ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവായെ സന്ദർശിച്ചു.

**2019 ജനുവരി**

1 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. വാഴപ്പള്ളി വെസ്റ്റ് സെയിന്റ് മേരീസ് കുരുശുപള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. മണിമല ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

2 ചമ്പക്കുളം ബസലിക്ക ഇടവക ദൈവാലയത്തിൽ ബഹു. ഡീക്കൻ ഗ്രിഗറി തുമ്പേച്ചിറയിലിനും ബഹു. ഡീക്കൻ തോമസ് മുചാലിനും പൗരോഹിത്യപട്ടം നൽകി. പുന്നക്കുന്നത്ത്ശേരി സെയിന്റ് ജോസഫ് ഇടവകയിൽ വിത്തുവെട്ടിക്കൽ ശ്രീ. വി. ജെ. ജെയിംസിന്റെ ഓർമ്മകുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സന്ദേശം നല്കി.

3 മാടപ്പള്ളി ചെറുപുഷ്പ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തുടർന്ന്

ഇടവകദിനം ഉദ്ഘാടനം ചെയ്തു. പെരുന്ന എൻ. എസ്. എസ് ആസ്ഥാനത്ത് ജനറൽ സെക്രട്ടറി ശ്രീ. ജി.സുകുമാരൻ നായരുമായി കൂടിക്കാഴ്ച നടത്തി.

4 തെങ്ങണ ഗുഡ്ഷെപ്പേർഡ് ഹയർസെക്കണ്ടറി സ്കൂളിൽ ബെസ്റ്റ് സ്കൂൾ അവാർഡ് നൽകി. കുന്നന്താനം പുതുവീട്ടിൽ ശ്രീ. ജോർജ്ജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. വെള്ളയാനി ലിറ്റിൽ ഫ്ളവർ കോൺവെന്റ് സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

5 മുട്ടാർ സെയിന്റ് ജോർജ്ജ് പള്ളിയിൽ പ്രവേശക കൂദാശകൾ നൽകി. തുരുത്തി മർത്ത് മറിയം ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ചെത്തിപ്പുഴ സർഗ്ഗക്ഷേത്ര സീനിയർ സിറ്റിസൺ ഫോറത്തിന്റെ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ഫാത്തിമാപുരം SH സ്കൂളിന്റെ വാർഷിക സമ്മേളനത്തിൽ സമ്മാനദാനം നിർവഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നവസന്യാസ വൈദികർക്ക് സന്ദേശംനൽകി.

6 കുന്നന്താനം സെയിന്റ് ജോസഫ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തുടർന്ന് തോമസ് തുമ്പയിലച്ചന് പൗരോഹിത്യ സുവർണ്ണജൂബിലി മംഗളങ്ങൾ നേരുകയും മീഡിയ റൂം ആശീർവദിക്കുകയും ചെയ്തു. മങ്കൊമ്പ് സെയിന്റ് പയസ് X ഇടവകയിൽ വൈദിക മന്ദിരം ആശീർവദിച്ചു. കൂനന്താനം കാർമൽവില്ല CMC മഠാംഗം സി. ജെറോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. കുറുമ്പനാടം പുത്തൻ

പുരയ്ക്കൽ – പ്രാക്കുഴി കുടുംബയോഗത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. മീഡിയ വില്ലേജിൽ JCI നാലുകോടി 9 th installation സമ്മേളനം ഉദ്ഘാടനം ചെയ്തു. കുറുമ്പനാടം ഏത്തക്കാട്ട് ജിബിൻ സെബാസ്റ്റ്യന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു.

7 – 18 കാക്കനാട് മൗണ്‍ സെയിന്റ് തോമസിൽ സീറോ മലബാർ സഭ സിനഡിൽ പങ്കെടുത്തു.

13 മഹേന്ദ്രപുരം സെയിന്റ് സെബാസ്റ്റൻ ഇടവകയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. പുളിക്കുന്ന് ഫൊറോനാ പള്ളിയിൽ പ്രളയാനന്തര കുട്ടനാട് പദ്ധതിയുടെ കാർഷിക സഹായ വിതരണം നടത്തി. വെരൂർ സെയിന്റ് ജോസഫ് ഇടവക കൈനിക്കര ശ്രീ. കെ. സി. മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. രാമപുരം സെയിന്റ് അഗസ്റ്റിൻ ഫൊറോന പള്ളിയുടെ ദൈവാലയ കൂദാശയിൽ പങ്കെടുത്തു.

19 ചങ്ങനാശേരി എസ്.ബി. കോളേജിൽ നടന്ന ശാസ്ത്രപഥം ത്രിദിന ശാസ്ത്ര ശിൽപശാലയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ചങ്ങനാശേരി പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. പാറേൽ സെയ്ന്റ മേരീസ് ഇടവകാംഗം കരിമറ്റം അനിയൻകുഞ്ഞിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. ഫാ. തോമസ് മണ്ണൂരാംപറമ്പിലച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിൽ ആമുഖ സന്ദേശം നൽകി. കുമാരനല്ലൂർ സെയിന്റ് തോമസ് ദൈവാലയത്തിൽ ഫാ.സഖറിയാസ് ചൂരക്കാട്ടച്ചന്റെ ഓർമ്മകുർബാന അർപ്പിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ ഹോം ഡെ ആഘോഷത്തിൽ പങ്കെടുത്തു.

20 നർബോനപുരം സെയിന്റ് സെബാസ്റ്റ്യൻ ഇടവക തിരുനാളിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. മണ്ണന്തല റാണിഗിരി ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തുടർന്ന് ഇടവക ദിനം ഉദ്ഘാടനം ചെയ്തു.

21 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സീറോ മലബാർ സഭ മാതൃവേദിയുടെ ജനറൽബോഡിയിൽ ക്ലാസ് നയിച്ചു. അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കോട്ടയം ഓർത്തഡോക്സ് വലിയ പള്ളിയിൽ ഡോ. സിറിയക് തോമസിന്റെ 'ആത്മാവിന്റെ പാഠപുസ്തകം' എന്ന ഗ്രന്ഥ പ്രകാശനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. അതിരൂപത കേന്ദ്രത്തിൽ ഇൻർഡിപ്പാർട്ട് മെൻഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

22 രാവിലെ അതിരൂപത കേന്ദ്രത്തിൽ നവ വൈദികരോടൊപ്പം പരി. കുർബാന അർപ്പിച്ചു. നവ വൈദികരുടെ ഓറിയന്റേഷൻ പ്രോഗ്രാമിൻ ക്ലാസ്സ് നയിച്ചു. ചങ്ങനാശേരി സെയിന്റ് ജോസഫ്സ് സ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. മണിമല സെയിന്റ് ജോർജ്ജ് സ്കൂളിന്റെ ശതാബ്ദി വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. വായിപ്പൂർ, ചക്കാലകുന്ന് സെയിന്റ് ജോസഫ്സ് ഇടവകയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തോട്ടക്കാട് സെയിന്റ് ജോർജ്ജ് പള്ളിയിൽ 'ദനഹാ – 2019' വാർഡ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

23 കുമരംചിറ സെയിന്റ് ആന്റെണീസ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. തിരുവനന്തപുരം UCM ന്റെ നേതൃത്വത്തിൽ നടത്തിയ സഭൈക്യവാര പ്രാർത്ഥനയിൽ സന്ദേശം നല്കി.

24 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ സന്ദർശകരെ സ്വീകരിച്ചു. അമ്പൂരി സെയിന്റ് ജോർജ്ജ് ഫൊറോന ഇടവക തിരുനാളിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

24 ചങ്ങനാശേരി സെയിന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവക തിരുനാളിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തിരുവല്ല മാർത്തോമ്മാ അരമനയിൽ ഇൻർചർച്ച് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. തിരുവനന്തപുരം സീറോ മലങ്കര മേജർസെമിനാരിയിൽ സെമിനാർ പ്രബന്ധം അവതരിപ്പിച്ചു.

26 ചങ്ങനാശേരി കാർമൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ കൃപാഭിഷേക കൺവെൻഷനിൽ വചനസന്ദേശം നൽകി. പാലാ പൂവരണി സെയിന്റ് മേരീസ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. നവ വൈദികരുടെ ഓറിയന്റേഷൻ പ്രോഗ്രാമിൽ ക്ലാസ്സ് നയിച്ചു.

27– 31 ഇറ്റാവ മിഷൻ സന്ദർശിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

**ജനുവരി 2019**

01 പാറമ്പുഴ ബേദ്ലഹേം ദൈവാലയത്തിൽ ബഹു. ഡീക്കൻ ജോസഫ് ചമ്പക്കുളത്തിലിന് പൗരോഹിത്യപട്ടം നല്കി.

03 കുന്നന്താനം സെയിന്റ് ജോസഫ് ഇടവകാംഗമായ ബഹു. പുതുവീട്ടിൽ ജോസഫ് അച്ചന്റെ സഹോദരൻ ജോർജ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ്പാടി പ്രാർത്ഥിച്ചു.

05 അതിരൂപതാകേന്ദ്രത്തിൽ സന്യാസ നവവൈദികർക്ക് ആശംസകൾ നേർന്ന് സന്ദേശം നല്കി.

10 പാലമറ്റം ബേസ്തോമാ മഠത്തിൽ സിസ്റ്റേഴ്സിനെ സന്ദർശിച്ചു.

13 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു.

18 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ വി.സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നല്കുകയും ഇടവക ഡയറക്ടറി പ്രകാശനം ചെയ്യുകയും ചെയ്തു.

19 കുറിച്ചി മൈനർ സെമിനാരിയിൽ ഹോംഡേ ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നല്കി.

20 കൊടിനാട്ടുകുന്ന് സെയിന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ തിരുനാൾ സന്ദേശം നല്കി; തുടർന്ന് ജൂബിലേറിയൻസിന് സമ്മാനം നല്കി ആദരിച്ചു.

21 അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയിലെ നവവൈദികർക്ക് ആശംസ കൾനേർന്നു സന്ദേശം നല്കി.

23 അതിരൂപതാകേന്ദ്രത്തിൽ നവവൈദികർക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാ മിൽ ക്ലാസെടുത്തു. കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ നടന്ന ഇടവകയിലെ ബഹു. വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

25 ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വി. സെബസ്ത്യാ നോസ് സഹദായുടെ മകരം തിരുന്നാളിനോടനുബന്ധിച്ച് സന്ദേശം നല്കി. മാർത്തോമാ സഭ ആസ്ഥാനമായ തിരുവല്ല പുലാത്തീനിൽ ചേർന്ന ഇന്റർ ചർച്ച് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

26 കുറിച്ചി എം.എൽ.എഫ് മഠത്തിൽ ജൂബിലിയേറിയൻസിനു ക്ലാസ് നയിച്ചു.



# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 FEBRUARY

| | | |
|---|---|---|
| **1.** | **10:00 a.m. - 03:45 p.m.** | Symposium, Convocation & Public Meeting @ CANA |
| | **04:45 p.m.** | Festal Homily @ St George, Muttar |
| **2.** | **10:00 a.m.** | Golden Jubilee & Profession @ MLF, Kurichy |
| | **02:30 p.m.** | Newly Constructed Chapel Qudasa @ Archbishop's House |
| **3.** | **06:00 a.m.** | Pastoral Visit @ St Xavier's, Arppookkara -Villoonni |
| **4.** | **06:30 a.m.** | Qurbana @ MLF Novitiate, Pampady |
| | **10:00 a.m.** | Meeting with Rev Father Parish Priests' of CMI Congregation @ Archbishop's House |
| | **02:45 p.m.** | Visitors' Time |
| | **06:30 p.m.** | Home Day Celebration @ Niranam Seminary |
| **5.** | **06:00 p.m.** | Regional Bishop's Recollection @ Mavelikkara |
| **6.** | **06:00 a.m.- 01:00 p.m.** | Regional Bishop's Recollection @ Mavelikkara |
| | **03:30 p.m.** | Polyclinic Blessing & Inauguration @ Manarcad |
| **7.** | **02:30 p.m.** | Class @ Niranam Seminary |
| | **05:00 p.m.** | Qurbana & Kodiyettu @ Lourdes, Paippadu |
| **8.** | **05:30 p.m.** | Blessing of Cemetery & Indoor Stadium @ Lourdes Church, Meenkulam |
| **9.** | **10:00 a.m.** | Qurbana & Jubilee Sisters Gathering @ Archbishop's House |
| | **03:00 p.m.** | Mathru-Pithru Vedi Forane level Project year Inauguration @ Pulincunnoo |
| | **05:00 p.m.** | Qurbana @ Lourdes Matha Church, Mammoodu |
| | **10:06 a.m.** | Pastoral Visit @ Cheruvandoor, St Sebastian's |
| **11.** | **06:15 a.m.** | Visit @ Chethipuzha St Thomas Hospital |
| **12.** | **10:00 a.m.** | Theology Forum General Body Meeting @ Archbishop's House |
| | **02:45 p.m.** | Visitors' Time |
| **13.** | **02:00 pm** | St Shantal's School Anniversary @ Mammoodu |
| | **07:00 p.m.** | Kottayam Bible Convention Inauguration @ Nagambadom, Kottayam |
| **14.** | **06:00 p.m.** | Inter Departmental Meeting @ Archbishop's House |
| **15.** | **06:00 p.m.** | Ramsa & Class @ Niranam Seminary |
| **16.** | **08:45 a.m.** | Seminar on Woman Dignity in Syrian Tradition @ PVP, Vadavathoor, Kottayam |

| | | |
|---|---|---|
| | **05:15 p.m.** | Qurbana & Religious Gathering @ Lourdes Forane Church, Thiruvananthapuram |
| **17.** | **06:00 a.m.** | Pastoral Visit @ St Joseph's, Vaipur New |
| **18.** | **02:30 p.m.** | Visitors' Time |
| | **06:00 p.m.** | Monthly Recollection for Regency Brothers |
| **19.** | **10:00 a.m.** | Inter Eparchial Meet @ Thuckalai |
| **20.** | **06:00 p.m.** | Convention Inauguration @ St Thomas, Muttar New-Kumaramchira |
| **21.** | **11:00 a.m.** | Annual Gathering & Farewell to Staff @ SB College |
| **22.** | **02:45 p.m.** | Visitors' Time |
| | **06:00 p.m.** | Monthly Recollection for Priests @ Archbishop's House |
| **23.** | | Atmatha Family Gathering @ Archbishop's House |
| **24.** | | Pastoral Visit @ Chengalam St Sebastian's |
| **25.** | **2:30 p.m.** | Visitors' Time |
| **26,27** | | Engaged |
| **28.** | **5:00 p.m.** | Cemetery Blessing @ St Joseph's (Pushpagiri) Thellakom |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 FEBRUARY

| | | |
|---|---|---|
| 2 | **06:30 a.m.** | *Qurbana* @ Priest Home |
| | **03:00 p.m.** | Chapel *Qudasa* @ Archbishop's House |
| 3 | **04:30 p.m.** | *Qurbana* @ CMI Monastery, Kainakary |
| 4 | **11:00 a.m.** | Marriage @ Kodupunna |
| | **06:30 p.m.** | Home Day @ Niranam |
| 5 | **06:30 a.m** | *Qurbana* @ MPC, Zion |
| | **02:00 p.m.** | St. Teresa's School @ Nedumkunnam |
| | **06:30 p.m.** | Alappuzha Priest Conference |
| | **09:00 p.m.** | Regional Bishop's Recollection @ Mavelikara |
| 6 | **09:00 a.m.** | Regional Bishop's Recollection @ Mavelikara |
| | **02:30 p.m. - 04:00 p.m.** | Visitors Time |
| | **05:15 p.m.** | *Qurbana* @ Mamoodu |
| | **07:00 p.m.** | Minor Seminary, Kurichy |
| **7** | **02:30 p.m. - 04:00 p.m.** | VisitorsTime @ Tvm |
| | **05:30 p.m.** | *Qurbana* & Talk @ LourdesTvm |
| **8** | **08:30 a.m.** | Curia |
| | **02:30 p.m.** | Digital Class Room Inauguration @ Kurumpanadam LPS |
| | **04:30 p.m.** | *Qurbana* @ Paipadu Lourdes |
| **9** | **09:30 a.m** | Jubllee Gathering of RevSisters of the Archeparchy, Parel |
| | **04:15 p.m.** | Engagement @ Cathedral |
| | **05:30 p.m.** | *Qurbana* @ Laikadu |
| **10** | **10:00 a.m.** | *Qurbana* @ Chanjody |
| | **05:00 p.m.** | *Qurbana* @ CMI, Punalur |
| **11** | | Engaged |
| **12** | **09:00 p.m.** | Kaduthuruthy Valiapally |
| **13** | **08:30 a.m.** | Curia |
| | **02:30 p.m. - 4:00 p.m.** | Visitor's Time |
| **14** | | Engaged |
| | **06:00 p.m.** | Inter Departmental Meeting @ Archbishop's House |
| **15** | **08:30 a.m.** | Curia |
| | **02:30 p.m.** | Pulimcunnu School |
| **16** | **06:30 a.m.** | *Qurbana* @ MPC, Zion |
| | **10:00 a.m.** | Forane Council @ Pulimcunnu |

| | | |
|---|---|---|
| | **04:00 p.m.** | Trivandrum |
| **17** | **03:30 p.m.** | *Qurbana* @ St Mary's Syro Malabar Community, South Goa |
| **18** | **03:00 p.m.** | Malankara Priest Conference @ Tvm |
| **19** | **09:30 a.m.** | Inter Epharchical Meeting @ Thuckalay |
| **20** | **08:30 a.m.** | Curia |
| | **02:30 p.m. - 04:00 p.m.** | Visitors Time |
| | **05:00 p.m.** | Convention Talk @ Cheepunkal |
| **21** | **06:45 a.m.** | *Qurbana* & Sacraments of Initiation @ Kondackal |
| | **09:00 a.m.** | Class @ Denehalaya |
| | **01:30 a.m.** | Fr Ignatious Kandamkulam Memorial Lecture @ Punnapra College |
| **22** | **06:30 a.m.** | *Qurbana* @ MPC, Chry |
| | **08:30 a.m.** | Curia |
| | **02:30 p.m.** | Mannanam U. P. School |
| | **06:00 p.m.** | Monthly Recollection @ Archbishop's House |
| **23** | **02:30 p.m.** | Youth Meeting @ Tvm |
| | **04:30 p.m.** | Forane Council Secretary's Meeting @ Tvm |
| | **06:00 p.m.** | *Ananthapuri* Convention |
| | **06:45 p.m.** | CSN House Blessing @ Kesavadasapuram |
| **24** | **07:00 a.m.** | Pastoral Visit @ Peroorkada |
| **25** | **11:00 a.m.** | Marriage @ Puthenangadi |
| | **02:30 p.m. - 04:00 p.m.** | Visitors Time |
| **26** | **09:00 a.m.** | Class @ Denehalaya |
| | **05:00 p.m.** | Alen T 21 Welfare Trust Awarding Ceremony @ Changanacherry |
| **27** | **08:30 a.m.** | Curia |
| | **02:30 p.m.** | Anniversary @ St. Sebastian's Mamoodu |
| **28** | **05:00 p.m.** | Bible Convention Inauguration & Talk @ Parithrana |



# ENGAGEMENTS

**Mar Joseph Powathil**
Archbishop Emeritus

## 2019 FEBRUARY

**February 2019**

| | | |
|---|---|---|
| **01** | **09:30 a.m.** | Symposium @ Cana |
| **04** | **06:30 p.m.** | Home Day @ Niranam |
| **10** | **03:00 p.m.** | Liturgical Research Center @ Sandesanilayam |
| **11** | **03:00 p.m.** | Sankaramangalam Lecture @ Media Village |
| **14** | **03:00 p.m.** | Class @ Niranam Seminary |